

ലോക നേതാക്കൻമാർ അറിയാൻ

# സത്യദൂതൻ

2012 ജൂൺ | ലക്കം 6

വില ₹ 20



## അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക്



Nusrat Jahan Mosque, Copenhagen, Denmark



Noor Mosque Oslo, Norway



The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ


2012 ജൂൺ
ഹി.ശ.1391 - എഹ്സാൻ
1433 റജബ് - ശഅബാൻ
പുസ്തകം 84 ലക്കം 6
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7

കത്തുകൾ
**ലോക നേതാക്കൻമാർ അറിയാൻ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

വരാനിരിക്കുന്ന ദുരന്തങ്ങളെ മുൻനിറുത്തി പ്രമുഖ രാഷ്ട്രത്തലവൻമാർക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹു..)എഴുതിയ കത്തുകൾ



10

**പ്രവാചകത്വത്തിന്റെ ഒരംശം നിലനില്ക്കുന്നു**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)



14

**ഇസ്ലാമും ഉദാര ജനാധിപത്യവും**
നഖാഷ് അഹ്മദ് & ഷഹ്സാദ് അഹ്മദ്

17


കവിത
**സമാവർത്തിത സപ്തകങ്ങൾ**
കെ.പി.എ പുന്നോൽ



18

**അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക്**
അലൻ പിം സ്മിത്ത്

ഇംഗ്ലീഷ് ഭാഷയിലെ നിരവധി പദങ്ങൾ അറബിയിൽ നിന്ന് നിഷ്പന്നമായവയാണ്. ആംഗല തനിമയോടെ നാം ഉപയോഗിക്കുന്ന എണ്ണിയാലൊടുങ്ങാത്ത പദങ്ങൾ ഭാഷകളുടെ മാതാവായ അറബിയിൽ നിന്ന് വന്നതാണെന്നത് കൗതുകമുണർത്തുന്ന വസ്തുതയാണ്



22

**'തവഫ്ഫാ' എന്ന പദവും കുറേ മൗലവിമാരും**
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

ഈസാ നബി (അ) മരണം സ്ഥിരീകരിക്കുന്നതിനാധാരമായ തവഫ്ഫാ എന്ന പദത്തിന്ന് നിഘണ്ടുക്കളിലും ഖുർആൻ പരിഭാഷകളിലും കൊടുത്തിട്ടുള്ള അർത്ഥത്തെ അടിസ്ഥാനമാക്കി ലേഖകൻ ഈസാ നബി(അ) ന്റെ വഫാത്ത് അനിഷേധ്യമാം വിധം സമർത്ഥിക്കുന്നു



30

**ഖാദിയാൻ: വിണ്ണിന്റെ വിശുദ്ധിയുള്ള മണ്ണിലെ ദേശം**
ബി. മൻസൂർ ,കോഴിക്കോട്.

വാഗ്ദത്ത മസീഹിന്റെ ജന്മദേശമായ ഖാദിയാൻ സ്വർഗീയാനുഭൂതികൾ പകരുന്ന ഒരു ദിവ്യ പരിസരമാണ്.

35

**അറബിഭാഷ: ഭാഷകളുടെ മാതാവ്**
എൻ. അബ്ദുർറഹീം



37

**മദ്ധ്യകാലഘട്ടവും യുറോപ്പിലെ യഹൂദ പീഡനവും**
എ.എം.മുഹമ്മദ് സലിം

41

കുറിപ്പുകൾ
**നിഷ്ഠൂരമായ അസഹിഷ്ണുത**
മുസാഫിർ

43

**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരിൽ നിന്ന് പല വിഭാഗങ്ങൾക്കും നാം ഐഹീക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യ ങ്ങൾ അനുഭവപ്പെടുത്തി ക്കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകളെ ഉയർത്തരുത്. അവരെ അതിൽ പരീക്ഷിക്കുന്നതിന്നു വേണ്ടിയാണ് നാം അത് നൽകിയത്. നിന്റെ നാഥൻ നൽകുന്ന അനുഗ്രഹം ഏറ്റവും ഗുണകരവും കൂടുതൽ നിലനിൽക്കു ന്നതുമാകുന്നു. **(20: 132)**





## നബിവചനം

അബൂ ദർദാഅ് (റ) നിവേദനം: റസൂൽ തിരുമേനി(സ) അരുളിയതായി ഞാൻ കേട്ടു. നിങ്ങളെന്നെ ദുർബലരു ടെയും ദരിദ്രരുടെയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽക പ്പെടുന്നതും നിങ്ങൾക്ക് സഹായം നൽകപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്. **(തിർമിദി)**

## വാഗ്ദത്ത മസീഹിന്റെ വചനം

# ദൈവത്തിന്റെ സ്നേഹം

സുകൃതരായ ദാസന്മാരെയല്ലാതെ അല്ലാഹു ആരെയും ഗണ്യമാക്കുകയില്ല. നിങ്ങൾ പരസ്പരം സൗഭ്രാതവും സ്നേ ഹവും പുലർത്തുവിൻ. എല്ലാ വിധത്തിലുള്ള കളിയാക്കലു കളിൽ നിന്നും പരിഹാസോക്തികളിൽ നിന്നും നിങ്ങൾ പൂർണമായും അകന്നുകൊൾക. പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽ നിന്നും അകറ്റിക്കളയുകയും എങ്ങോ കൊണ്ടെത്തിക്കുകയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവീൻ. ഓരോരുത്തനും തന്റെ സുഖാ ശ്വാസത്തെക്കാൾ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ. അല്ലാഹുവുമായി സത്യസന്ധമായ സന്ധി യുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങുവിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങി ക്കൊണ്ടിരിക്കുന്നു. പൂർണ നിലയിൽ തന്റെ കുറ്റകൃത്യ ങ്ങളിൽനിന്നും പശ്ചാത്തപിച്ചു അവന്റെ സവിധത്തിൽ ഹാജരാകുന്നവൻ മാത്രമേ അതിൽ നിന്നു രക്ഷപ്പെടു കയുള്ളു. **(മൽഫൂസാത്ത്)**



എഡിറ്റോറിയൽ

# തീവ്രവാദത്തിന്റെ വിപത്ത്

**ഇ**സ്ലാം മതം ജനാധിപത്യത്തിന്ന് ഏറ്റവും അഭികാമ്യമായ മിതത്വത്തിന്റെ മതമാണ്. അടക്കത്തിലും അനക്കത്തിലുമെല്ലാം മിതത്വം പാലിക്കാനാണ് ഖുർആന്റെ ആഹ്വാനം. തീവ്ര നിലപാടുകൾ ഇസ്ലാമിന്റെ മാർഗമല്ല. ' ***നിന്റെ നടപ്പിൽ മിതത്വം കൈകൊള്ളുക. നിന്റെ ശബ്ദം അൽപ്പം താഴ്ത്തുക (31:2)*** '

ഇന്ന് നമ്മുടെ സമൂഹം പ്രക്ഷുബ്ദ്ധവും സംഘർഷാത്മകവുമാണ്. മൂല്യങ്ങളോടും വിവേകത്തോടുമുള്ള പ്രതിബദ്ധതയേക്കാൾ മനുഷ്യരുടെ പ്രതികരണങ്ങളിൽ നിഴലിക്കുന്നത് വികാര ശമനത്തിന്റെ ക്ഷോഭ പ്രകടനങ്ങളാണ്. മത സംഘടനകളും രാഷ്ട്രീയ പാർട്ടികളുടെയുമെല്ലാം ശൈലി തീവ്രമായ പ്രവർത്തികളും മൂർച്ചയേറിയ വാക്കുകളുമാണ്. ബുദ്ധിക്കും യുക്തിക്കും വിവേക പൂർണമായ ചിന്തകൾക്കും മനുഷ്യനെ ചലനം കൊള്ളിക്കാൻ സാദ്ധ്യമല്ല എന്ന് ഈ വികാര ജീവികൾ കരുതുന്നു. മാതൃകാപരമയ കർമം കൊണ്ടോ വിവേകപൂർണമായ വാക്കുകൾ കൊണ്ടോ ധൈഷണികമായ സംവാദങ്ങൾ കൊണ്ടോ മനുഷ്യനെ ആകർഷിക്കാനുള്ള യാതൊരു വിഭവവുമില്ലാത്ത ശൂന്യപാത്രങ്ങളാണ് ഒച്ചവെച്ച് സാന്നിദ്ധ്യമറിയിക്കുകയും ഭീഷണിയും അക്രമണവും തീവ്രവാദവും കൊണ്ട് ലക്ഷ്യം നേടാൻ ശ്രമിക്കുകയും ചെയ്യുന്നത്. മിതത്വവും യുക്തിപൂർണമായ സമീപനങ്ങളും ബലഹീനതയായി അവർ ഗണിക്കുന്നു. നമ്മുടെ പൊതു സമൂഹം ഇത്തരം പ്രവണതകൾക്ക് അതിശീഘ്രം വിധേയപ്പെട്ടു കൊണ്ടിരിക്കുകയാണ്. മിതത്വവും മധ്യവർത്തിത്വവുമാണ് മത സംസ്കാരത്തിന് നിദാനമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു:

' ***ഗ്രന്ഥാനുസാരികളേ, നിങ്ങൾ നിങ്ങളുടെ മതകാര്യങ്ങളിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്.(4:172)*** '

മനുഷ്യന്റെ, പ്രവർത്തനങ്ങൾക്ക് ഊർജ്ജവും ചൈതന്യവും പകരുന്ന വികാരം എന്ന ഗുണം നൈസർഗികവും അതേസമയം സർഗാത്മകവുമായ ഒരു സ്വഭാവ ഗുണമാണ്. നന്മയിലേക്ക് ചായ്വുള്ളതായിട്ടാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. അത് കൊണ്ടാണ് മതവിശ്വാസിയാകട്ടെ മതവിശ്വാസമില്ലാത്തവനാകട്ടെ എല്ലാ മനുഷ്യരും മനസ്സാക്ഷിയിൽ നന്മയെ ഉപാസിക്കുന്നത്. വിവേചന ബുദ്ധിയാണ് അതിനെ ധാർമിക ഗുണമാക്കി മാറ്റുന്നത് അഥവാ നന്മയും തിന്മയുമാക്കി മാറ്റുന്നത്. അത് കൊണ്ടാണ് എല്ലാ മതങ്ങളും വികാരങ്ങളെ മെരുക്കിയെടുക്കാനും ആത്മനിയന്ത്രണത്തിനുമുള്ള നിരവധി അദ്ധ്യാപനങ്ങൾ മനുഷ്യനു മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്. ഭൗതിക പ്രസ്ഥാനങ്ങൾക്ക് ഒരു പക്ഷേ ഇത്തരത്തിലുള്ള ശക്തമായ ധാർമിക ശിക്ഷണ കേന്ദ്രങ്ങളൊന്നുമില്ല. എങ്കിലും മത വിശ്വാസികളുടെ വികാരം വ്രണപ്പെട്ടാൽ മറ്റെല്ലാവരെക്കാളും അവൻ ഏറ്റവും സംഹാരാത്മകമായി പ്രതികരിക്കുന്നു എന്നത് ഒരു വിരോധാഭാസമാണ്. അക്രമവും ഹിംസയും സ്വന്തം പ്രത്യയ ശാസ്ത്രത്തിന്റെ ഭാഗമായിക്കാണുന്ന ഭൗതിക പ്രസ്ഥാനങ്ങൾക്ക് തീവ്രവാദവും വിപ്ലവ പ്രവർത്തനവും അനുവദനീയവും ചിലപ്പോൾ അനുപേക്ഷണീയവുമാണ്. മനസ്സാക്ഷിയുടെ ബലമല്ലാതെ ഈ പ്രസ്ഥാനങ്ങൾക്ക് മനുഷ്യന്റെ ആത്മ സംസ്ക്കരണത്തിന്ന് വേണ്ടി യാതൊന്നും സമർപ്പിക്കാനില്ല.

എന്നാൽ മത വിശ്വാസികൾ മതം അനുശാസിച്ച ഈ മദ്ധ്യമ നിലപാട് കൈവിട്ടതിന്റെ ഫലമായി മതതീവ്ര വാദം സമൂഹത്തിൽ വലിയ വിപത്തായി മാറിയിരിക്കുന്നു. തീർച്ചയായും മതങ്ങൾ അനുവർത്തിക്കേണ്ട നിലപാട് അതല്ല. ശാന്തിക്കും സമാധാനത്തിനും വേണ്ടി നില കൊള്ളാനല്ലാതെ ജനങ്ങളിൽ സ്പർദ്ധയുണ്ടാക്കാനും അക്രമം പ്രവർത്തിക്കാനും ഒരിക്കലും ദൈവത്തേയും മതത്തേയും കരുവാക്കരുതെന്ന് ഖുർആൻ പറയുന്നു: ***നന്മചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ (നിന്നു ഒഴിഞ്ഞു നിൽക്കുന്നതിനായി) അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥത്തിന്ന് ഒരു ലക്ഷ്യമാക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്. (2:225)*** സമൂഹത്തിൽ നന്മ പരത്താനും ഖുർആന്റെ അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കാനും എല്ലാവർക്കും കഴിയുമാറാകട്ടെ.



### ഹദ്റത്ത് അഹ്മദ് (അ)

# മലക്കുകളുടെ സുജൂദ്

ഇസ്‌ലാമിക നിയമത്തിൽ മലക്കുകൾ ചില പ്രത്യേക വ്യക്തികളേക്കാൾ ഔന്നത്യം വഹിക്കുന്നില്ല എന്ന കാര്യം നാം ഓർക്കേണ്ടതാണ് തീർച്ചയായും രണ്ടാമത് പറഞ്ഞ കൂട്ടർ ആദ്യം പറഞ്ഞ കൂട്ടരേക്കാൾ ഉയർന്ന പദവിയിലുള്ളവരാണ്. ആദ്യം പറഞ്ഞ മലക്കുകൾ ആത്മീയവും ഭൗതികവുമായ വ്യവസ്ഥകളിൽ മദ്ധ്യവർത്തികളായി പ്രവർത്തിക്കുന്നു എന്നത് അവരുടെ ഔന്നത്യത്തിന്റ സൂചനയല്ല. വിശുദ്ധ ഖുർആൻ പറയുന്നത് പോലെ ***അവൻ സൂര്യനെയും ചന്ദ്രനെയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്ന വിധത്തിൽ നിങ്ങൾക്ക് സേവനത്തിനേർപ്പെടുത്തി ത്തന്നിരിക്കുന്നു* (വി:ഖുർആൻ14:34)**

ഒരു പോസ്റ്റ്മാൻ ഒരു ഭരണാധികാരിയുടെ എഴുത്ത് ഗവർണർക്കോ ഗവർണർ ജനറൽക്കോ എത്തിക്കുന്നു. അതിനർഥം ഭരണാധികാരിക്കും ഗവർണർ ജനറലിനുമിടയിൽ ഒരു ഏജന്റ് ആയി വർത്തിക്കുന്ന ഒരു പോസ്റ്റ്മാൻ, ഗവർണർ ജനറലിനേക്കാൾ സമുന്നതമായ പദവി വഹിക്കുന്നയാളാണെന്നല്ല. ഇത് തന്നെയാണ് മധ്യവർത്തിയുടെയും സ്ഥിതി. ഭൂമിയിലെ ഭൗതികവും ആത്മീയവുമായ വ്യവസ്ഥയിലേക്ക് സർവ ശക്തനായവന്റെ കൽപനകൾ വഹിച്ച് അവർ സ്വയം അത് നിർവഹിക്കുന്നു. മഹത്വവാനായ ദൈവം വിശുദ്ധ ഖുർആനിൽ ചില സ്ഥലങ്ങളിൽ അക്കാര്യം വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ആകാശ ഭൂമികൾക്കിടയിൽ എന്തെല്ലാം സൃഷ്ടിക്ക പ്പെട്ടുവോ അതെല്ലാം മനുഷ്യന്റെ നന്മക്ക് മാത്രമായിട്ടാണ്. മനുഷ്യനാകട്ടെ പദവിയിലും സ്ഥാനത്തിലും അവയേ ക്കാളെല്ലാം ഉയർന്നുനിൽക്കുകയും ചെയ്യുന്നു. മനുഷ്യൻ അവരാൽ സേവിക്കപ്പെടുകയും ചെയ്യുന്നു. ഖുർആൻ പറയുന്നത്പോലെ അവൻ സൂര്യനെയും ചന്ദ്രനേയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്ന വിധത്തിൽ നിങ്ങൾക്ക് സേവനത്തിലേർപ്പെടുത്തിതന്നിരിക്കുന്നു (വി: ഖുർആൻ 14:34). മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു : ***നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കുക. തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയാണ്. അങ്ങനെ ഞാൻ അവനെ ശരിയായി രൂപപ്പെടുത്തുകയും അവനിൽ എന്റെ വചനത്തിൽ നിന്ന് ഒരംശം ഞാൻ അവതരിപ്പിക്കുകയും ചെയ്താൽ നിങ്ങളെല്ലാവരും അനുസരിച്ചുകൊണ്ട് അവന്റെ മുമ്പാകെ കുനിയുവിൻ. അപ്പോൾ മലക്കുകൾ എല്ലാവരും ഒന്നടങ്കം അനുസരിച്ചു. പക്ഷേ ഇബ്‌ലീസ് അനുസരിച്ചില്ല. (വി.ഖുർആൻ 38: 72-75).***

മനുഷ്യന് സുജൂദ് ചെയ്യുക എന്നതിന്റെ യഥാർഥ അർഥം മനുഷ്യന് മുമ്പിൽ സാഷ്ടാംഗങ്ങളും പ്രണിപതിച്ച്കൊണ്ട് സ്വയം നിൽക്കുന്നത് പോലെ താഴ്മയോടും സമർപ്പിതമായ നിലയിലും സേവനാർഥം നിലകൊള്ളുവാൻ മലക്കുകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ആയതിനാൽ പൂർണനായ മനുഷ്യന് മുന്നിൽ എല്ലാ മലക്കുകളും പ്രണിപതിച്ചു നിന്നു. എന്നാൽ ഈ സൗഭാഗ്യത്തിൽ നിന്ന് ഇബ്‌ലിസ് അകറ്റപ്പെട്ടു.

മലക്കുകളോട് ആദമിന് സുജൂദ് ചെയ്യണമെന്ന ഈ ആജ്ഞ ആദമിന്റെ ആവിർഭാവ സമയവുമായി ബന്ധപ്പെട്ട ഒന്നല്ല. അത് തികച്ചും മറ്റൊരു ആജ്ഞയായിരുന്നു. മനുഷ്യൻ മാനവൻ എന്ന നിലക്ക് അവന്റെ കഴിവും പ്രാപ്തിയും പൂർണ നിലയിലെത്തുകയും പക്വത പ്രാപിക്കുകയും ദൈവത്തിന്റെ ചൈതന്യം അവനിൽ കുടികൊള്ളുകയും ചെയ്യുമ്പോൾ അത്തരം ഒരു പരിപൂർണ മനുഷ്യനിൽ അവർ സുജൂദ് ചെയ്യണം എന്നതായിരുന്നു ആ ആജ്ഞ. മലക്കുകൾ സ്വർഗീയ പ്രകാശവുമായി അത്തരം വ്യക്തികളിൽ ഇറങ്ങുകയും അവർക്ക് വേണ്ടി അനുഗ്രഹത്തിനായി അഭ്യർഥിക്കുകയും ചെയ്യും എന്നു പറയാവുന്നതാണ്. ദൈവം അവന്റെ തിരഞ്ഞെടുത്ത വരിഷ്ഠദാസന്മാരുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തുന്ന ഒരു അനശ്വരനിയമത്തെ പറ്റിയുള്ള സൂചനയാണിത്. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഒരാൾ ആത്മീയ പക്വത പ്രാപിച്ചാൽ സർവശക്തനായ ദൈവം അവനിൽ പ്രതിഫലി ക്കുന്നു. അതായത് അയാൾക്ക് തന്റെ അഹംഭാവം നഷ്ടമാവുകയും ദൈവത്തിന്റെ പക്കലുള്ള അനശ്വര പദവി കൈവരിക്കുകയും ചെയ്യുന്നു. പ്രത്യേകമായ രീതിയിൽ മലക്കുകൾ അയാളിൽ ഇറങ്ങുകയും ചെയ്യുന്നു. അയാളൂടെ ആദ്യകാല സത്യാന്വേഷണത്തിൽ മലക്കുകൾ അദ്ദേഹത്തിനെ സഹായിക്കുകയും സേവിക്കുകയും ചെയ്യുന്നു. മലക്കുകളുടെ ഈ പ്രത്യേകമായ അവ രോഹണം വളരെ പരിപൂർണവും അവികലവുമാണ്. ആയ തിനാൽ അതിനെ സുജൂദ് എന്ന് വിവരിക്കപ്പെടാവുന്ന താണ്. സുജൂദ് സൂചിപ്പിക്കുന്നത് ഒരു പരിപൂർണ മനു ഷ്യനേക്കാൾ മലക്കുകൾ ഉന്നതന്മാരല്ല എന്നാണ്. ഒരു രാജകീയ സേവകനെ പോലെ ഒരു പരിപൂർണ മനുഷ്യനു മുമ്പിൽ സ്വയം സുജൂദ് ചെയ്തുകൊണ്ട് അവർ ബഹുമാനം അർപ്പിക്കുന്നു (തൗസീഹെ മറാം)

# ലോക നേതാക്കൻമാർ അറിയാൻ

അശാന്തിയിലേക്കും മഹായുദ്ധത്തിലേക്കും ലോകം നടന്നു നീങ്ങുകയാണ്. വരാനിരിക്കുന്ന ദുരന്തങ്ങളെ മുൻനിറുത്തി പ്രമുഖ രാഷ്ട്രത്തലവൻമാർക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹു..)എഴുതിയ കത്തുകൾ



## അമേരിക്കൻ പ്രസിഡന്റിനയച്ച കത്ത്

16 Gressenhall Rd
Southfields, London
SW 18, 5 QL UK.

ബറാക്ക് ഒബാമ
അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റ്,
വൈറ്റ്ഹൗസ്, 1600, പെൻസിൽവനിയ
അവന്യു N.W/വാഷിംഗ്ടൺ ഡി.സി

പ്രിയ പ്രസിഡന്റ്

അസ്വസ്ഥപൂർണമായ ഒരു സാഹചര്യം ഉരുത്തിരിഞ്ഞുവരുന്ന ഈ സന്ദർഭത്തിൽ അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റ് എന്ന നിലയ്ക്ക് താങ്കൾക്ക് എഴുതേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഒരു ലോക ശക്തിയായ അമേരിക്കയുടെ തീരുമാനങ്ങളെടുക്കുന്നതിന് താങ്കൾക്കുള്ള അധികാരം, പെരുമ മറ്റു രാജ്യങ്ങളെയും ബാധിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്.

ലോകം ഇന്ന് അസ്വസ്ഥ ജനകവും സംഘർഷ പൂരിതവുമാണ്. ചെറിയ ചെറിയ യുദ്ധങ്ങൾ പലഭാഗത്തും പുറപ്പെട്ടു കഴിഞ്ഞു. കലാപ ബാധിത പ്രദേശങ്ങളിൽ സമാധാനം സ്ഥാപിക്കുന്നതിൽ പ്രതീക്ഷിച്ചതുപോലെ വൻശക്തികൾക്കു സാധിച്ചിട്ടില്ല.

ഓരോ രാജ്യങ്ങളും സ്വാർഥതാത്പര്യം കണക്കിലെടുത്ത് ചേരിതിരിഞ്ഞിരിക്കുന്നു. എവിടെയും നീതി നടപ്പിലാക്കപ്പെടുന്നില്ല. ഒരു ലോകമഹായുദ്ധം പടിവാതിൽക്കലെത്തിയിരിക്കുന്നു. ചെറുതും വലുതുമായ രാജ്യങ്ങളുടെ കയ്യിൽ അണ്വായുധങ്ങളുണ്ട്. അസ്വാരസ്യങ്ങളും വർധിച്ചുവരുന്നു. അതുകൊണ്ട് തന്നെ മൂന്നാം ലോകമഹായുദ്ധത്താൽ ലോകം ഒരു സർവനാശത്തിലേക്ക് അടുക്കുകയാണെന്ന് കരുതാം. രണ്ടാം ലോകമഹായുദ്ധത്തിൽ നിന്ന് പാഠമുൾക്കൊണ്ട് കൊണ്ട് നീതിയും ന്യായ വും നടപ്പിലാക്കിയിരുന്നെങ്കിൽ, ഇന്നത്തെ സാഹചര്യം ഉണ്ടാകുമായിരുന്നില്ല.

1932 ൽ ആരംഭിച്ച സാമ്പത്തിക പ്രതിസന്ധിയും, ലീഗ് ഓഫ് നേഷൻസിന്റെ പരാജയവുമാണ് രണ്ടാം ലോക മഹായുദ്ധത്തിലേക്ക് നയിച്ചത്. ഇന്നത്തെ സാഹചര്യങ്ങളും 1932 ലെ സാമ്പത്തിക പ്രതിസന്ധികളും സമാനതകളുള്ളതാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധിയിൽ ചെറിയ രാജ്യങ്ങൾ തമ്മിൽ യുദ്ധത്തിലെത്തി നിൽക്കുന്നു. ഇങ്ങനെ രാജ്യങ്ങളിൽ ആഭ്യന്തര പ്രശ്നങ്ങളും കലാപങ്ങളും തലപൊക്കുന്നു. ഇത് അനഭിമതരായ ആളുകളെ അധികാരത്തിലെത്തിക്കുകയും ലോകമഹായുദ്ധത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ചർച്ചകളിലൂടെ പരിഹരിക്കപ്പെട്ടില്ലെങ്കിൽ, ഈ രാജ്യങ്ങൾക്കിടയിൽ സഖ്യങ്ങൾ രൂപീകരിക്കപ്പെടും. ഇതായിരിക്കും മഹായുദ്ധത്തിന്റെ മുന്നോടി. സുഖസൗകര്യങ്ങളും ആർഭാടങ്ങളും വർധിപ്പിക്കുന്നതിൽ നിന്ന് വിട്ട് ലോകനാശത്തിൽ നിന്ന് രക്ഷനേടുക എന്നതായിരിക്കണം മുൻഗണന നൽകപ്പെടേണ്ടത്. ലോകസ്രഷ്ടാവായ ഏകദൈവത്തെ തിരിച്ചറിയുക. അവനാണ് ഈ ലോകം സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും. ദൈവനിഷേധവും പ്രവർത്തനങ്ങളും സർവനാശത്തിലേക്ക് നയിക്കും.

താങ്കളും അത് പോലെ മറ്റ് നേതാക്കളും ബലപ്രയോഗത്തിനു പകരം ചർച്ചയും സഹകരണവും വിവേകവും ആയുധമാക്കണം. ചെറിയ രാജ്യങ്ങളുണ്ടാക്കുന്ന പ്രശ്നങ്ങൾ ഒരു യുദ്ധത്തിനുള്ള കാരണമാക്കരുത്. എല്ലാ ശ്രമങ്ങളും സമാധാനം സ്ഥാപിക്കാനുദ്ദേശിച്ചുള്ളതായിരിക്കണം. ചെറിയ ചെറിയ രാജ്യങ്ങളും അണ്വായുധങ്ങൾ കൈവശപ്പെടുത്തിയിരിക്കെ, അവിടെ അധികാരത്തിലേറുന്നവരുടെ അവിവേകം ആശങ്കാജനകമാണ്. താങ്കളുടെ എല്ലാ പരിശ്രമങ്ങളും ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കാനുള്ളതാകട്ടെ. യുദ്ധത്തിന്റെ കെടുതികൾ ഏഷ്യയിലോ യൂറോപ്പിലോ അമേരിക്കയിലോ മാത്രമായി ഒതുങ്ങി നിൽക്കുന്നതല്ല മറിച്ച് വരും തലമുറകളിലേക്കു കൂടി വ്യാപിക്കുന്നതാണ്. വിരൂപരും, വികലാംഗരുമായ തലമുറ നമുക്ക് ഒരിക്കലും പൊറുത്ത് തരില്ല. നമ്മുടെ വരും തലമുറക്ക് ശോഭനമായ ഒരു ഭാവി ഉറപ്പു വരുത്തുന്നതിലായിരിക്കണം നമ്മുടെ ശ്രദ്ധ. എന്റെ സന്ദേശത്തിന്റെ പൊരുൾ ഉൾക്കൊള്ളാൻ താങ്കളെയും, ലോകത്തെ മറ്റ് നേതാക്കളെയും ദൈവം സഹായിക്കട്ടെ എന്ന പ്രാർഥനയോടെ

ആത്മാർഥതയോടെ, മിർസാ മസ്റൂർ അഹ്മദ്
അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ നേതാവ്.

# ഇറാൻ പ്രസിഡന്റിനയച്ച കത്ത്



16 Gressenhall Rd
Southfields, London
SW 18, 5 QL UK.

His Excellency
President of the Islamic Republic of Iran
Mahmud Ahmedi nejad
Tehran.

പ്രിയ പ്രസിഡന്റ്

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു.

സംഘർഷഭരിതവും സങ്കീർണവുമായ ഒരു ലോകസാഹചര്യത്തിൽ, ഇറാൻ പ്രസിഡൻറ് എന്ന നിലയ്ക്ക് താങ്കളെ സംബോധന ചെയ്ത് എഴുതേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു.

ലോകത്തിലെ പല ഭാഗങ്ങളിലും ചെറിയ രീതിയിലുള്ള കലാപങ്ങളും യുദ്ധങ്ങളും പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. വൻശക്തികൾ സമാധാനം സ്ഥാപിക്കാനെന്ന പേരിൽ രംഗത്തുണ്ട്. എവിടെയും അനുകൂലവും പ്രതികൂലവുമായി ലോകം ചേരിതിരിഞ്ഞിരിക്കുന്നു. നീതി വിസ്മരിക്കപ്പെടുന്നു. ചെറുതും വലുതുമായ പല രാജ്യങ്ങൾക്കും ഇന്ന് അണ്വായുധങ്ങൾ ലഭ്യമാണ്. നിസ്സഹകരണവും വിരോധവും വർദ്ധിച്ചു വരുന്നു. ഇതെല്ലാം കൊണ്ടുതന്നെ മൂന്നാം ലോകമഹായുദ്ധത്തിനുള്ള എല്ലാ സാദ്ധ്യതകളും തെളിഞ്ഞു വന്നിരിക്കുന്നു. കൊടും നാശമായിരിക്കും വന്നു ഭവിക്കുക. രൂപവൈകൃതങ്ങളും വൈകല്യങ്ങളും ബാധിച്ച ഒരു തലമുറയായിരിക്കും അനന്തരഫലം.

ലോകാനുഗ്രഹിയായി അവതരിച്ച മുഹമ്മദ് നബി (സ)യിൽ വിശ്വസിക്കുന്ന ഒരാൾ ലോകത്തിന് ഇത്തരമൊരവസ്ഥ വന്നു ഭവിക്കുന്നത് കാണാൻ ഇഷ്ടപ്പെടില്ല. ഇറാൻ ഇന്ന് ലോകത്തെ ഒരു നിർണായക ശക്തിയാണ്. ഇറാനും അതിന്റേതായ പങ്കുവഹിക്കാനുണ്ട്. വൻ ശക്തികൾ ഇരട്ടത്താപ്പ് സ്വീകരിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. അവരുടെ അതിക്രമങ്ങളും അന്യായങ്ങളുമാണ് ലോകം മുഴുക്കെ വ്യാപിച്ചിരിക്കുന്നത്. എങ്കിൽ കൂടി മുസ്‌ലിംകൾ തങ്ങളുടെ പ്രവർത്തികൾ പുനർ വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. ഇസ്‌ലാമിക വിരുദ്ധമായ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറേണ്ടിയിരിക്കുന്നു. ചില മുസ്‌ലിം രാഷ്ട്രങ്ങളുടെ പ്രവർത്തികൾ മൂലം വൻ ശക്തികൾക്ക് അതിക്രമം പ്രവർത്തിക്കാനുള്ള ന്യായീകരണം ലഭിക്കുന്നു. താങ്കൾ താങ്കളുടെ മുഴുവൻ ശ്രദ്ധയും ഈ ലോകമഹായുദ്ധം ഒഴിവാക്കപ്പെടാൻ വേണ്ടി വിനിയോഗിക്കേണ്ടതാണ്. വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു.

**'പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെന്നതിന് ഒരു ജനതയോടുള്ള വെറുപ്പ് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നന്മയിലും അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു'(അധ്യായം 5 : വചനം 3) അത് പോലെതന്നെ ഇപ്രകാരം പറയുന്നു. വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനു വേണ്ടി നില കൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക, തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമമായി അറിവുള്ളവനാണ് (അധ്യായം 5 : വചനം 9). അത് കൊണ്ട് ഒരു രാഷ്ട്രത്തോടുള്ള വിരോധം കാരണം നിങ്ങളാരോടും അനീതി കാണിക്കരുത്. ഇസ്രായേൽ അതിന്റെ സീമകളെല്ലാം ലംഘിച്ച് ഇറാനുമേൽ കണ്ണും നട്ടിരിക്കുകയാണ്. ആരെങ്കിലും താങ്കളെ അന്യായമായി ആക്രമിക്കുകയാണെങ്കിൽ സ്വരക്ഷാർഥം തിരിച്ചാക്രമിക്കാൻ താങ്കൾക്കവകാശമുണ്ട്. എങ്കിലും, ചർച്ചകളിലൂടെയും പരസ്പര സഹകരണത്തിലൂടെയുമാണ് താങ്കൾ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത്. അത് കൊണ്ട് സമാധാനത്തിന്റെ മാർഗത്തിൽ രഞ്ജിപ്പുണ്ടാക്കാൻ ഞാൻ താങ്കളോടഭ്യർഥിക്കുന്നു.. ഞാനിതു ചെയ്യാൻ കാരണം കാലഘട്ടത്തിന്റെ ഇമാമും മുഹമ്മദ് നബി (സ) പ്രവചനം ചെയ്ത പ്രകാരം ആഗതരായ മസീഹ്മൗഊദിന്റെ അനുയായിയും എന്ന നിലയ്ക്കാണ്. അദ്ദേഹത്തിന്റെ ലക്ഷ്യം മനുഷ്യനെ ദൈവത്തോടടുപ്പിക്കുകയും മനുഷ്യരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും മുഹമ്മദ് നബി(സ)യുടെ മാതൃകയിൽ സാമാധാനം സ്ഥാപിക്കലുമാണ്.**

സർവശക്തനായ ദൈവം നമ്മെ ബോധവാന്മാരാക്കട്ടെ,

വസ്സലാം, മിർസാ മസ്‌റൂർ അഹ്മദ്
അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ നേതാവ്.

# കാനഡ പ്രധാനമന്ത്രിക്കയച്ച കത്ത്



സ്റ്റീഫൻ ഹാർപർ
പ്രധാനമന്ത്രി, കാനഡ

16 Gressenhall Rd
Southfields, London
SW 18, 5 QL UK.

പ്രിയ പ്രധാനമന്ത്രി,

8 മാർച്ച് 2012 നു കനേഡിയൻ പ്രധാനമന്ത്രിക്കയച്ച കത്തിൽ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് ഓർമപ്പെടുത്തുകയും, യുദ്ധം വരുത്തി വയ്ക്കുന്ന നാശനഷ്ടങ്ങളെക്കുറിച്ച് ഉണർത്തുകയും ചെയ്തു. രാജ്യാന്തര രംഗത്തെ വളർന്നു വരുന്ന പ്രശ്നങ്ങളും വൻകിട രാഷ്ട്രങ്ങളും മറ്റു ചില രാഷ്ട്രങ്ങളും നടത്തിവരുന്ന അനീതിയും കാരണം ലോകം ഒരു മഹാവിപത്തിലേക്ക് നീങ്ങുകയാണെന്നും ഇത് തടയാൻ ബലപ്രയോഗത്തിനു പകരം സമാധാനപൂർണമായ പരിഹാരമാർഗമാണ് തേടേണ്ടതെന്നും ഉദ്ബോധിപ്പിച്ചു ഖലീഫത്തുൽ മസീഹ് ഇപ്രകാരം എഴുതുകയുണ്ടായി.

“കാനഡ പൊതുവെ അറിയപ്പെടുന്നത് നീതിക്കും ന്യായത്തിനും ഒപ്പം നിൽക്കുന്ന ഒരു രാഷ്ട്രമായാണ്. താങ്കളുടെ രാജ്യം മറ്റു രാജ്യങ്ങളുടെ ആഭ്യന്തരപ്രശ്നങ്ങളിൽ ഇടപെടാറില്ല. അത് പോലെത്തന്നെ അഹ്മദിയ്യാജമാഅത്തിന് കാനഡയുമായി പ്രത്യേ കം അടുപ്പവുമുണ്ട്. അത് കൊണ്ട് തന്നെ ലോകത്ത് വരാനിരിക്കുന്ന ഭയാനക യുദ്ധത്തിൽ നിന്ന് തടയാൻ താങ്കൾ പരമാവധി ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു.

---



# ഇസ്റായേൽ പ്രധാനമന്ത്രിക്കയച്ച കത്ത്

His Excellency
Mr. Benjamin Netanyahu
Prime minister of Israel
Jerusalem

16 Gressenhall Rd
Southfields, London
SW 18, 5 QL UK.

പ്രിയപ്പെട്ട പ്രധാനമന്ത്രി,

ലോകത്ത് ഉരുത്തിരിഞ്ഞു വരുന്ന ഭയാനകമായ അവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട ഇസ്രായേൽ പ്രസിഡന്റ് സൈമൺ പെരെസിനും ഞാൻ കത്തയച്ചിട്ടുണ്ടായിരുന്നു. ഇസ്രായേൽ പ്രധാനമന്ത്രി എന്ന നിലക്ക് ഈ സന്ദേശം താങ്കൾക്കും അറിയിക്കുക എന്നത് ആവശ്യമെന്നു കരുതുന്നു.

പ്രവാചക പരമ്പരയുമായി ഇസ്രായേൽ രാഷ്ട്രത്തിന് ഒരു അഭേദ്യ ബന്ധമുണ്ട്. ഇസ്രായേലിന്റെ ഭാവിയെകുറിച്ച് വ്യക്തമായ പ്രവചനങ്ങൾ കാണാൻ കഴിയും. പ്രവാചകൻമാരുടെ യഥാർഥ അധ്യാപനങ്ങളിൽ നിന്ന് വ്യതിചലിച്ചു പോയ കാരണത്താൽ ഒരുപാട് പരീക്ഷണങ്ങൾക്ക് വിധേയരായവരാണ് ഇസ്രായേൽ ജനത. ദൈവിക അധ്യാപനങ്ങൾ മുറുകെ പിടിച്ചിരുന്നെങ്കിൽ ഒരു പക്ഷേ ഈ ജനത ഇത്രയധികം പരീക്ഷിക്കപ്പെടുകയില്ലായിരുന്നു. അത് കൊണ്ട് തന്നെ പ്രവാചകൻമാരുടെ അധ്യാപനങ്ങളിലേക്കും ദൈവിക വചനങ്ങളിലേക്കും താങ്കളുടെ ശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു.

ഇസ്രായേൽ സന്തതി പരമ്പരയിൽ പ്രവചനപ്രകാരം ആഗതരായ ലോകാനുഗ്രഹിയായ പ്രവാചകൻ മുഹമ്മദ് നബി (സ)യുടെ ശിഷ്യനായി വന്ന വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ് (അ)ന്റെ ഖലീഫ എന്ന നിലയ്ക്കാണ് ഞാൻ താങ്കളെ സംബോധന ചെയ്യുന്നത്. ദൈവീക സന്ദേശത്തിലേക്ക് താങ്കളുടെ ശ്രദ്ധ തിരിക്കേണ്ടത് എന്റെ കടമയാണ്. ദൈവത്തിലേക്കുള്ള വിളി കേൾക്കുന്നവരുടെ കൂട്ടത്തിൽ താങ്കളും ഉൾപ്പെടണമെന്നതാണ് എന്റെ ആഗ്രഹം.

ഇറാനെ ആക്രമിക്കാനുള്ള തയ്യാറെടുപ്പ് നടന്നു കൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകളിൽ കാണുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ തീരാക്കെടുതികൾ താങ്കൾക്കറിവുള്ളതാണല്ലോ. ആയിരക്കണക്കിന് ജൂതന്മാരുടെ ജീവനും നഷ്ടപ്പെട്ടു. സാഹചര്യങ്ങൾ കണക്കിലെടുത്താൽ ഇത് വെറും രണ്ടു രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം മാത്രമായിരിക്കില്ല, മറിച്ച് ഒരു ലോക മഹായുദ്ധമായി പരിണമിക്കാനുള്ള സാധ്യതയുണ്ട്. മുസ്‌ലിംകളും ക്രിസ്ത്യാനികളും ജൂതരടക്കമുള്ള കോടാനുകോടി ജനങ്ങളുടെ ജീവനായിരിക്കും നഷ്ടപ്പെടുക. രോഗബാധിതരും വികലാംഗരുമായ ഒരു വരും



തൗസീഹെ മറാം-2
(ഉദ്ദേശ്യപ്രകടനം)

# പ്രവാചകത്വത്തിന്റെ ഒരംശം നിലനില്ക്കുന്നു

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**കയ്ഫ അൻതും ഇദാ നസലബ്നു മർയമ ഫീക്കും വ ഇമാമുക്കും മിൻക്കും** ഈ ഹദീഥിൽ നബി (സ) തിരുമേനി വ്യക്തമായും പറഞ്ഞത്, ഇബ്നുമർയം എന്നതുകൊണ്ട് ഇസ്റായീൽകാർക്കു വന്ന മർയമിന്റെ മകൻ ഇറങ്ങുമെന്ന് ധരിക്കരുത്, പ്രത്യുത ഈ നാമം ആലങ്കാരികമായിട്ടാണ് വിവരിക്കപ്പെട്ടിട്ടുള്ളതെന്നാണ്. ഇബ്നുമർയമിന്റെ പുണ്യചരിതത്തിൽ ജനിക്കുന്ന നിങ്ങളിൽനിന്ന്, നിങ്ങളുടെ ജനതയിൽനിന്ന് നിങ്ങളുടെ ഇമാമായിരിക്കും യഥാർഥത്തിൽ അദ്ദേഹം. ഇവിടെ പഴഞ്ചൻ ചിന്താഗതിക്കാർ ഈ ഹദീഥിന്റെ അർഥം പറയുന്നത് ഹദ്റത്ത് മസീഹ് ആകാശത്തുനിന്നിറങ്ങുമ്പോൾ തന്റെ പ്രവാചകത്വ പദവി രാജിവച്ചിട്ടായിരിക്കും വരിക എന്നാണ്. ഇഞ്ചീലുമായി അദ്ദേഹത്തിനു ഒരു ബന്ധവും ഉണ്ടാകുകയില്ലത്രെ! മുഹമ്മദിയ്യാ സമുദായത്തിൽ പ്രവേശിച്ച് വിശുദ്ധഖുർആൻ അനുസരിച്ച് പ്രവർത്തിക്കുമത്രെ!! അഞ്ചുനേരം നമസ്കരിക്കുകയും മുസൽമാൻ എന്ന് പറയപ്പെടുകയും ചെയ്യുമത്രെ!!! എന്നാൽ, എന്തുകൊണ്ട്, എന്തു കാരണത്താലാണ് അദ്ദേഹത്തിന് ഈ അധഃപതനാവസ്ഥ ഉണ്ടാകുന്നതെന്ന് വിവരിക്കപ്പെട്ടിട്ടില്ല. എന്തായാലും മർയമിന്റെ മകൻ, താൻ മുഹമ്മദിയ്യാ ഉമ്മത്തിലാണെന്ന് വെളിപ്പെടുത്തുകയും ആദ്യമേ അദ്ദേഹത്തിന് നല്കപ്പെട്ടിരുന്ന തന്റെ പ്രവാചകത്വത്തിന്റെ പേരു പോലും പറയാതിരിക്കുകയും ചെയ്യുന്ന ഒരു സാധാരണ മുസൽമാൻ ആയിരിക്കുമെന്നാണ് നമ്മുടെ മുസ്ലിം സഹോദരങ്ങൾ വിശ്വസിച്ചുവച്ചിട്ടുള്ളത്. വാസ്തവത്തിൽ ഉപമാലങ്കാരമായിപ്പറഞ്ഞിട്ടുള്ളതിനെ യഥാർഥമായി വിശ്വസിക്കുന്നതുകൊണ്ട് നമ്മുടെ സഹോദരന്മാർക്കുണ്ടായ ഒരു ഭാരിച്ച ബുദ്ധിമുട്ടാണിത്. ഇക്കാരണത്താൽ അവർക്ക് ഒരു നബി, തന്റെ പ്രവാചകത്വ സ്ഥാനത്തുനിന്ന് ഒഴിവാക്കപ്പെട്ടുവെന്ന് സമ്മതിക്കേണ്ടി വന്നു. നബി(സ)തിരുമേനിയുടെ പവിത്രമായ വാക്കുകളിൽ കാണുന്ന സുവ്യക്തവും നേരുനിറഞ്ഞതുമായ അർഥങ്ങളെ - ഏലിയാ നബിയെക്കുറിച്ചു ഹദ്റത്ത് ഈസാ(അ)വിവരിച്ചിട്ടുള്ള

---

തലമുറയായിരിക്കും മറ്റൊരു ഫലം! അത്യന്തം വിനാശകാരികളായ അണ്വായുധങ്ങളായിരിക്കും ഈ യുദ്ധങ്ങളിൽ ഉപയോഗിക്കുക എന്നത് തന്നെ കാരണം.

ലോകത്തെ മറ്റൊരു യുദ്ധത്തിലേക്ക് നയിക്കുന്നതിന് പകരം, താങ്കളുടെ മുഴുവൻ ശ്രദ്ധയും സമാധാനം സ്ഥാപിക്കുന്നതിലേക്കും ലോകത്തെ വൻ നാശത്തിൽ നിന്ന് രക്ഷിക്കുന്നതിലേക്കും തിരിയട്ടെ. ബലപ്രയോഗത്തിന് പകരം ചർച്ചകളിലൂടെപരിഹാരം കാണേണ്ടതാണ്. അങ്ങനെയാണെങ്കിൽ വൈകല്യങ്ങൾക്കും ദുരിതങ്ങൾക്കും പകരം ശോഭനമായ ഒരു ഭാവി ലഭിക്കുമാറാകും.

താങ്കൾ വിശ്വസിക്കുന്ന മത ഗ്രന്ഥങ്ങളിൽ നിന്ന് തന്നെ ചില ഉദ്ധരണികൾ ഇപ്രകാരമാണ്.

**'ദുഷ്കർമികളോടും, തിൻമ പ്രവർത്തിക്കുന്നവരോടും ഭയപ്പെടായ്ക, കാരണം അവരെല്ലാം പുല്ലുകൾ കണക്കെ അരിയപ്പെടുന്നതാണ്. ദൈവത്തിൽ ഭരമേൽപ്പിക്കുകയും നൻമ പ്രവർത്തിക്കുകയും ചെയ്തു കൊണ്ട് ഭൂമിയിൽ വസിക്കുക. ദൈവത്തെ ഭരമേൽപിച്ചാൽ അവൻ നിന്റെ നന്മകളെ പുലർ വെളിച്ചം പോലെയും നിന്റെ ന്യായത്തെ പകൽ വെളിച്ചം പോലെയും വെളിവാക്കും. ക്ഷമയോടെ ദൈവ മാർഗത്തിൽ പ്രവർത്തിക്കുക. ദുഷ്കർമികളുടെ പ്രവർത്തനങ്ങളെകുറിച്ച് ഭയപ്പെടായ്ക. മനുഷ്യർ സ്വയംകൃതമായ നാശത്തിലകപ്പെടും. കോപത്തെ അടക്കുക എങ്കിൽ ദൈവ കോപത്തിൽ നിന്നും അകറ്റപ്പെടും. ദുഷ്കർമകൾ നശിപ്പിക്കപ്പെടും. നന്മ പ്രവർത്തിക്കുന്നവർ ദൈവം വാഗ്ദാനം ചെയ്ത ഭൂമിയിൽ വസിക്കുമാറാകും. നീ അവനെ അന്വേഷിക്കുന്നു. എന്നാൽ വിനയാന്വിതരും സമാധാന കാംക്ഷികളുമല്ലാതെ അവനെ പ്രാപിക്കുന്നില്ല. (സങ്കീർത്തനം 37:1-11) അത് പോലെ തന്നെ ഇപ്രകാരം കാണാം.**

**"നിങ്ങളുടെ ഇരു ഭാഗങ്ങളും ഒരു പോലെ ആയിരിക്കട്ടെ. നിങ്ങളുടെ വീടുകളിൽ വലുതും ചെറുതും ആയ അളവ് കോല് പാടില്ല. സുതാര്യവും ന്യൂനതകളില്ലാത്തതുമായിരിക്കണം നിങ്ങളുടെ അളവുകോല്. ദൈവത്തിന്റെ ഭൂമിയിൽ നീണ്ട നാൾ വസിക്കുന്നതിനു വേണ്ടിയും ദൈവ കോപത്തിൽ നിന്ന് രക്ഷ നേടുന്നതിനും വേണ്ടി (ആവർത്തനം 25:13-16)**

അത് കൊണ്ട് ലോക നേതാക്കളേ, മർദക ഭരണവും നിരാലംബരോടുള്ള കടുത്ത നിലപാടുകളും അവസാനിപ്പിക്കുക. മറിച്ച് സമാധാനവും നീതിയും പ്രാവർത്തികമാക്കുക. എങ്കിൽ സ്വന്തത്തിലും പൊതുവേ ലോകത്തും സമാധാനം സ്ഥാപിക്കപെടും. താങ്കളും താങ്കളെപ്പോലെ മറ്റു നേതാക്കളും ഈ സന്ദേശത്തിന്റെ പൊരുൾ ഉൾക്കൊണ്ടുകൊണ്ട് സ്വന്തം സ്ഥാനമാനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുമാറാകണമെന്ന് ദൈവത്തോട് പ്രാർഥിക്കുന്നു.

മിർസാ മസ്റൂർ അഹ്മദ്
അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ നേതാവ്.

വിവ: വി.പി. ബശീർ, കോഴിക്കോട്

കാര്യങ്ങളെ– അവർ അംഗീകരിച്ചിരുന്നു വെങ്കിൽ ബുദ്ധിമുട്ടു നിറഞ്ഞ ഈ എല്ലാ വിഷമങ്ങളിൽനിന്നും മോചനം പ്രാപി ക്കുമായിരുന്നു. ഹദ്റത്ത് മസീഹിന്റെ ആത്മാവിനെ സ്വർഗത്തിൽനിന്ന് പുറ ത്താക്കേണ്ട ആവശ്യം വരികയില്ല, ആ പരിശുദ്ധ നബിയുടെ പ്രവാചകത്വം ഇല്ലാതാക്കേണ്ട ഗതികേടും ഉണ്ടാകുക യില്ല. നബി(സ)തിരുമേനിയുടെ പ്രതാപ ത്തിന് കോട്ടം തട്ടുംവിധം പ്രവർത്തി ക്കേണ്ടി വരികയില്ല. വിശുദ്ധ ഖുർആ നിലെ കല്പനകൾ കാലഹരണപ്പെട്ടു വെന്ന് സമ്മതിക്കേണ്ടിയും വരികയില്ല.

അവസാനമായിട്ട് നമ്മുടെ സഹോ ദരങ്ങൾക്കു ചോദിക്കാനുള്ളത്, സ്വഹീ ഹായ ഹദീഥുകളിൽ ഹദ്റത്ത് മസീ ഹിന്റെ അടയാളങ്ങളെക്കുറിച്ച് വിവരി ക്കപ്പെട്ടിട്ടുള്ള ചില വാക്കുകൾ എന്തിനു സാദൃശ്യപ്പെടുത്തിപ്പറയണം എന്നായിരി ക്കും. ഉദാഹരണത്തിന് മസീഹു വന്നാൽ കുരിശിനെ മുറിക്കുകയും ജിസിയഃ (കപ്പം)നിറുത്തലാക്കുകയും പന്നികളെ കൊല്ലുകയും ചെയ്യുമെന്നും മുസ്‌ലിംകളിൽ യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും ദുഃസ്വഭാവങ്ങൾ വ്യാപിക്കുമ്പോഴായിരിക്കും അദ്ദേഹം വരിക എന്നുമെഴുതിയിരിക്കുന്നു. കുരിശ് ഉടയ്ക്കുക എന്നതിന്റെ ഉദ്ദേശ്യം ബാഹ്യമായ യുദ്ധമല്ലെന്നാണ് ഞാൻ പറയുന്നത്. പ്രത്യുത ആത്മീയമായ നില യിൽ കുരിശു മതത്തെ തകർക്കുകയും അതിന്റെ അസത്യം സ്ഥാപിച്ചു കാണി ക്കുകയും ചെയ്യുക. ജിസിയഃ നിറുത്ത ലാക്കുക എന്നതിന്റെ ഉദ്ദേശ്യം വ്യക്ത മാണ്. അതായത് അക്കാലത്ത് ഹൃദയ ങ്ങൾ തന്നത്താൻ സത്യത്തിലേക്കു വലിച്ചടുപ്പിക്കപ്പെടും. ഒരു യുദ്ധത്തി ന്റേയും ആവശ്യമുണ്ടാകുകയില്ല. ജന ങ്ങൾ കൂട്ടംകൂട്ടമായി ഇസ്‌ലാമിൽ പ്രവേ ശിക്കുന്ന തരത്തിൽ സ്വയം കാറ്റു വീശു ന്നതായിരിക്കും. ഇസ്‌ലാംമതത്തിൽ പ്രവേശിക്കാനുള്ള കവാടം തുറക്കപ്പെ ടുമ്പോൾ ഒരു ലോകംതന്നെ ഈ മതം സ്വീകരിക്കുന്നതാണ്. അപ്പോൾ ആരിൽനിന്നാണ് ജിസിയഃ വാങ്ങേണ്ടി വരിക? എന്നാൽ, ഇതൊന്നും ഒറ്റയ ടിക്കു സംഭവിക്കുകയില്ല. അതേ, ഇപ്പോൾ അതിനു അടിസ്ഥാന ശില പാകുകയാണ്. പന്നികൾ എന്നതുകൊ ണ്ടുള്ള ഉദ്ദേശ്യം അവയുടെ സ്വഭാവം കാണിക്കുന്നവരാണ്. അവർ അക്കാ ലത്ത് പ്രമാണംകൊണ്ടും തെളിവു കൊണ്ടും പരാജയപ്പെടും. വ്യക്തമായ പ്രമാണങ്ങളുടെ വാൾ അവരെ വധിച്ചു കളയും. അല്ലാതെ, ഒരു പരിശുദ്ധ പ്രവാ ചകൻ കാടുകൾതോറും കയറിയിറങ്ങി പന്നികളെ കൊന്നു നടക്കുക എന്നത ല്ല.

എന്റെ പ്രിയപ്പെട്ട ജനമേ! ഇപ്പറഞ്ഞ തെല്ലാം ഉപമാലങ്കാരങ്ങളാണ്. അല്ലാഹു വിൽനിന്ന് ബുദ്ധി നല്കപ്പെട്ടവർ അത് എളുപ്പത്തിൽ എന്നല്ല ഒരു തരം ആസ്വാ ദനത്തോടെ അവയെല്ലാം മനസ്സിലാക്കു ന്നതാണ്. അത്തരം സുന്ദരവും വാക്ചാ തുര്യ സമ്പുഷ്ടവുമായ ആലങ്കാരിക വാക്യങ്ങളെ യഥാതഥം മനസ്സിലാക്കുക എന്നത്, സൗന്ദര്യവതിയായ പ്രേമഭാജ നത്തെ പ്രേതമായി ചിത്രീകരിക്കുന്നതു പോലെയാണ്. വാക്ചാതുര്യത്തിന്റെ എല്ലാ അടിസ്ഥാനവും ഉപമാലങ്കാരങ്ങ ളുടെ ചാരുതയിലായിരിക്കും. ഇക്കാരണ ത്താൽ അല്ലാഹുവിന്റെ സമ്പൂർണ പ്രബോധന ഗ്രന്ഥത്തിൽ ആ ചാരുത യാർന്ന ഉപമാലങ്കാര ശൈലി ഉപയോ ഗിച്ചിട്ടുള്ളതുപോലെ മറ്റൊരു ഗ്രന്ഥ ത്തിലും ഉപയോഗിച്ചിട്ടില്ല. അപ്പോൾ എല്ലായിടത്തും എല്ലാ അവസരത്തിലും ആ പരിശുദ്ധമായ ഉപമാലങ്കാരങ്ങളെ യഥാർഥ രൂപത്തിൽതന്നെ ബാധകമാ ക്കുകയെന്നത് പിടികിട്ടാത്ത വാക്യവ്യ വസ്ഥിതിയെ തകർക്കുക എന്നതായി രിക്കും. ഈ രീതിയിൽ അല്ലാഹുവിന്റെ വാക്ചാതുര്യഭരിതമായ വാക്യങ്ങളുടെ യഥാർഥ ഉദ്ദേശ്യം തകർന്ന് തരിപ്പണമാ യിപ്പോകുകയും ചെയ്യും .എന്നല്ല അതി നോടൊപ്പംതന്നെ ഈ ദൈവവാക്യങ്ങ ളുടെ ഉന്നതനിലയിലുള്ള വാക്ചാതുര്യ ത്തേയും നശിപ്പിച്ചു കളയുകയാണ് ചെയ്യുന്നത്. മനോഹരവും ഹൃദയവർജ കവുമായ വ്യാഖ്യാനം എന്നു പറയു ന്നതു, പറയുന്നയാളുടെ ഉന്നതമായ ഭാഷാപ്രയോഗത്തിലുള്ള പാടവ ത്തേയും അയാളുടെ ധാർമികതയേയും മികച്ച അഭിപ്രായങ്ങളേയും കുറിച്ച് ഒരു ധാരണ അതിൽ ഉണ്ടായിരിക്കുക എന്ന താണ്. അല്ലാതെ അങ്ങേയറ്റം തരംതാ ണതും വികൃതവും കെട്ടുംമട്ടും ഇല്ലാ ത്തതുമായ വിലകുറഞ്ഞ അർഥം – ആ അർഥം ബാഹ്യത്തിൽ വന്ദനവും യഥാർഥത്തിൽ നിന്ദനവുമായിരിക്കും– സ്വന്തമായി കൃതിച്ചുണ്ടാക്കുകയും പരി ശുദ്ധവും അതിസൂക്ഷ്മവുമായ ജ്ഞാന ങ്ങൾ ഉൾക്കൊള്ളുന്ന അല്ലാഹുവിന്റെ വാക്യങ്ങളെ വെറും അപരിഷ്കൃതമായ വാക്കുകൾക്കുള്ളിൽ തളച്ചിടുകയും ചെയ്യുക എന്നതല്ല. ദൈവഗ്രന്ഥത്തിൽ ഉണ്ടായിരിക്കേണ്ടതും ധാരാളമായിട്ടുള്ള തുമായ ആ അതിസൂക്ഷ്മങ്ങളായ രഹ സ്യങ്ങൾക്കെതിരിൽ എന്തിനാണ് വികൃതവും വിലകുറഞ്ഞതും അറപ്പുള വാക്കുന്നതുമായ അർഥം ഇഷ്ടപ്പെടുന്ന തെന്ന് നമുക്കു മനസ്സിലാകുന്നില്ല. അല്ലാ ഹുവിന്റെ യുക്തിഭദ്രമായ മഹിമാവിലാ സത്തിനനുസരിച്ചും അവന്റെ ഉന്നത നിലയിലുള്ള വാക്യത്തിനു ചേർന്നതര ത്തിലുമുള്ള മനോഹരമായ അർഥങ്ങൾ എന്തുകൊണ്ട് കൊടുക്കുന്നില്ല? ദൈവി കമായ തത്ത്വചിന്തകളുടെ അടുത്ത് വരാൻ ആഗ്രഹിക്കാത്ത നമ്മുടെ ഉലമാ ക്കളുടെ ബുദ്ധി അകാരണമായി അഹ ങ്കാരത്താൽ നിറഞ്ഞിരിക്കുന്നതെന്തിന്? ഈ ഗവേഷണങ്ങളിൽ തങ്ങളുടെ ചോരയും വിയർപ്പും ഒന്നാക്കിയവർ, നാം ഈ പറയുന്നത് നിഷേധിക്കുകയി ല്ലെന്ന് മാത്രമല്ല അവർക്കു സന്തോഷ മുണ്ടാകുകയും ചെയ്യും. ഒരു പുതിയ സത്യം അവർക്കു ലഭിക്കുകയും ചെയ്യും. അത് അവർ വലിയ ആഘോ ഷത്തോടെ ജനങ്ങളിൽ വിവ രിക്കുകയും, പബ്ലിക്കിന് ഒരു ആത്മീയ നേട്ടം എത്തിച്ചു കൊടുക്കുകയും ചെയ്യും. എന്നാൽ, വെറും ബാഹ്യമായ ദൃഷ്ടിക്കുള്ളിൽ തങ്ങളുടെ ചിന്ത യേയും ബുദ്ധിയേയും തളച്ചിട്ടിരിക്കുന്ന വർ അന്യായമായ ആക്ഷേപങ്ങളുടെ തുലാസിന് ആക്കം കൂട്ടുകയും അനാ വശ്യമായി കോലാഹലം സൃഷ്ടിക്കു കയും ചെയ്യുക എന്നതല്ലാതെ ഇസ്‌ലാമിന് തങ്ങളെക്കൊണ്ട് ഒരു നേട്ടവും ഉണ്ടാക്കുകയില്ല.

ഇനി നാം വിവരിക്കാനുദ്ദേശിക്കു ന്നത് നമ്മുടെ മാർഗദർശിയും നേതാവും ഖതമുൽമുർസലീനുമായ നബി(സ)തിരുമേനി ആദ്യം വന്ന മസീഹും രണ്ടാമത് വരുന്ന മസീഹും തമ്മിലുള്ള വ്യത്യാസം നിലനിറുത്തുന്ന തിനായി, രണ്ടാമത്തെ മസീഹ് ഒരു മുസൽമാനായിരിക്കുമെന്നും ഖുർആ നിക ശരീഅത്തനുസരിച്ച് പ്രവർത്തിക്കു മെന്നും മുസ്‌ലിംകളെപ്പോലെ നോമ്പു പിടിക്കുമെന്നും നമസ്കരിക്കുമെന്നും ഖുർആനിക കല്പനകൾ പാലിക്കു മെന്നും മുസ്‌ലീംകളിൽ ജനിക്കുമെന്നും അവർക്ക് ഇമാം ആയിരിക്കുമെന്നും വേറിട്ടൊരു ദീൻകൊണ്ടു വരികയി ല്ലെന്നും വേറിട്ടൊരു പ്രവാചകത്വം വാദി ക്കുകയില്ലെന്നും മാത്രമല്ല പറഞ്ഞത്. പ്രത്യുത ആദ്യം വന്ന മസീഹിന്റേയും രണ്ടാമതു വരുന്ന മസീഹിന്റേയും ലക്ഷ ണത്തിലും വ്യക്തമായ വ്യത്യാസം ഉണ്ടാകുമെന്നും പറഞ്ഞിട്ടുണ്ട്.

മിഅ്റാജ് (നബിതിരുമേനിക്ക് ആ ത്മീയമായ ആകാശാരോഹണം ഉണ്ടാ യ) രാവിൽ, ഇടത്തരം പൊക്കവും ചെമപ്പുനിറവും മുടിചുരുണ്ടതും

നെഞ്ചുവീതിയേറിയതുമായ ആളായിട്ടാണ് നബി(സ)തിരുമേനി ആദ്യം വന്ന മസീഹിനെ കണ്ടത് (സ്വഹീഹ് ബുഖാരി പേജ് 489). പക്ഷേ, ഇതേ ഗ്രന്ഥത്തിൽ രണ്ടാമതു വരാനിരിക്കുന്ന മസീഹിന്റെ ലക്ഷണം നബി(സ) തിരുമേനി പറഞ്ഞത്, അദ്ദേഹത്തിന്റെ നിറം ഗോതമ്പത്തിന്റേതായിരിക്കുമെന്നും മുടി നീണ്ടതായിരിക്കുമെന്നും ചെവിവരെ അത് നീണ്ടുകിടക്കുമെന്നുമാണ്. നബി(സ)തിരുമേനി പറഞ്ഞ ആദ്യം വന്ന മസീഹും വരാനിരിക്കുന്ന മസീഹും തമ്മിലുള്ള വ്യത്യസ്തമായ ഈ രണ്ടു ലക്ഷണങ്ങളും ആദ്യം വന്ന മസീഹും വരാനിരിക്കുന്ന മസീഹും ഒരാളല്ല രണ്ടു വ്യത്യസ്ത വ്യക്തികളാണെന്ന് വേണ്ടുംവിധം സുവ്യക്തമാക്കുന്നില്ലേ എന്നാണ് ഇനി നമ്മൾ ചിന്തിക്കേണ്ടത്. ഇവർ രണ്ടു പേരേയും ഇബ്നുമർയം എന്നു വിളിച്ചിട്ടുള്ളത് ആലങ്കാരികമായിട്ടാണ്. അവർ തമ്മിലുള്ള സ്വഭാവപരമായ സാദൃശ്യം കൊണ്ടും ആത്മീയമായ പ്രത്യേകതകൊണ്ടുമാണ് അങ്ങനെ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ആന്തരികമായ പ്രത്യേകതയുടെ സാദൃശ്യത്തിന്റെ അടിസ്ഥാനത്തിൽ നല്ലവരായ രണ്ടാളുകൾ ഒരേയൊരു നാമത്തിന് അർഹരാകാവുന്നതാണ്. അപ്രകാരം തന്നെ രണ്ടു ചീത്തയാളുകളും ഒരേയൊരു ദുഷിച്ച ധാതുവിൽ പങ്കാളിയാകുന്ന കാരണത്താൽ ഒരാൾ മറ്റെയാളുടെ പ്രതിനിധിയായി പറയപ്പെടാറുമുണ്ട്. മുസ്‌ലിംകൾ തങ്ങളുടെ കുട്ടികൾക്ക് അഹ്മദ് എന്നും മൂസാ എന്നും ഈസാ എന്നും സുലയ്മാനെന്നും ദാവൂദ് എന്നും പേരിടാറുണ്ട്. ശുഭാശുഭങ്ങൾ കണക്കാക്കിയാണ് അവർ അങ്ങനെ പേരിടുന്നത്. ഇതു മുഖേന അവർ വിചാരിക്കുന്നത് തങ്ങളുടെ കുട്ടികളും ആ മഹാത്മാക്കളുടെ ആത്മീയമായ രൂപവിശേഷണവും പ്രത്യേകതകളും തികവുറ്റതും പരിപൂർണവുമായ നിലയിൽ സ്വായത്തമാക്കി അവരെപ്പോലെയായിത്തീരണമെന്നാണ്. മസീഹു നബിയായതുകൊണ്ട് മസീഹിന്റെ സദൃശനും നബിയായിരിക്കണമെന്നാരെങ്കിലും പറയുകയാണെങ്കിൽ അതിനുള്ളമറുപടി, വരാൻപോകുന്ന മസീഹിനു നമ്മുടെ നബി (സ) നുബുവ്വത്തുണ്ടാകണമെന്ന നിബന്ധന വെച്ചിട്ടില്ല എന്നാണ്. എന്നല്ല വ്യക്തമായും എഴുതിയിട്ടുള്ളത് അദ്ദേഹം ഒരു മുസൽമാനായിരിക്കുമെന്നും സാധാരണ മുസ്‌ലിംകളെപ്പോലെ ശരീഅത്ത് പാലിക്കുന്നയാളുമായിരിക്കുമെന്നാണ്. താൻ മുസൽമാനും മുസ്‌ലിംകളുടെ ഇമാമും ആണെന്നല്ലാതെ മറ്റൊന്നും അദ്ദേഹം പ്രകടിപ്പിക്കുകയില്ല. ഇതു കൂടാതെ ഈ സാധു അല്ലാഹുവിൽനിന്ന് ഈ ഉമ്മത്തിനുവേണ്ടി മുഹദ്ദഥ് (അല്ലാഹുവിൽനിന്ന് അധികമായി ഭാഷണം ഉണ്ടാകുന്നയാൾ) ആയി വന്നിരിക്കുന്നുവെന്നതിൽ ഒരു സംശയവുമില്ല. മുഹദ്ദഥും ഒരർഥത്തിൽ നബി തന്നെയാണ്. സമ്പൂർണമായ നുബുവ്വത്തല്ല. എന്നാൽ, ഭാഗികമായ നിലയിൽ അദ്ദേഹം ഒരു നബി തന്നെയാണ്. കാരണം അദ്ദേഹം അല്ലാഹുവിനോടു സംസാരിക്കുന്നതിന് ഒരു യോഗ്യത കൈവരിക്കുന്നു. അദൃശ്യകാര്യങ്ങൾ അദ്ദേഹത്തിൽ വെളിവാക്കപ്പെടുന്നു. റസൂൽമാരേയും നബിമാരേയും പോലെ അദ്ദേഹത്തിനുണ്ടാകുന്ന വഹ്‌യേയും (വെളിപാട്) ശയ്ത്വാന്റെ കൈകടത്തലിൽനിന്ന് പരിശുദ്ധമാക്കിത്തീർക്കുന്നു. ശരീഅത്തിന്റെ മർമപ്രധാനമായ കാര്യങ്ങൾ അദ്ദേഹത്തിൽ തുറക്കപ്പെടുന്നു. അദ്ദേഹം നബിമാരെപ്പോലെതന്നെ നിയോഗിതനായി വരുന്നു. നബിമാരെപ്പോലെ ഉച്ചത്തിൽ പ്രഖ്യാപനം നടത്തേണ്ടത് അദ്ദേഹത്തിന്റെ നിർബന്ധ കടമയാണ്. അദ്ദേഹത്തെ നിഷേധിക്കുന്നവൻ ഒരു പരിധിവരെ ശിക്ഷാർഹനായിത്തീരുന്നു. നുബുവ്വത്തിന്റെ അർഥം, മുകളിൽ പറഞ്ഞ കാര്യം അദ്ദേഹത്തിൽ ഉണ്ടാകുകയെന്നതല്ലാതെ മറ്റൊന്നുമല്ല.

പ്രവാചകത്വ കവാടം അടക്കപ്പെട്ടുവെന്നും പ്രവാചകന്മാർക്ക് ഇറങ്ങാറുള്ള ദിവ്യസന്ദേശം മുദ്രചെയ്യപ്പെട്ടുവെന്നും വാദിക്കുന്നുവെങ്കിൽ അതിന് എന്റെ പ്രതികരണം ഇപ്രകാരമാകുന്നു. പ്രവാചകത്വ കവാടം എല്ലാ തലങ്ങളിലും അടക്കപ്പെട്ടിട്ടില്ല. ദിവ്യസന്ദേശമിറങ്ങുന്ന എല്ലാ വഴികളും മുദ്രചെയ്യപ്പെട്ടിട്ടുമില്ല. പ്രത്യുത ദൈവകാരുണ്യങ്ങൾ വർഷിക്കപ്പെട്ട ഈ സമുദായത്തിനുവേണ്ടി ഭാഗിക നുബുവ്വത്തിന്റെ കവാടം എക്കാലത്തേക്കും തുറന്നു കിടക്കുന്നു. സകല കാലത്തും നിരന്തരമായി ലഭ്യമാകുന്ന പ്രസ്തുത പ്രവാചകത്വം, പ്രവാചകത്വത്തിന്റെ എല്ലാ ഘടകങ്ങളാലും സമ്പൂർണമായ ഒന്നല്ല എന്ന് ഉള്ളുണർന്ന് ഓർത്തിരിക്കേണ്ടതാകുന്നു. മറ്റൊരു തരത്തിൽ അത് ഇതിനു മുമ്പേ പറഞ്ഞതുപോലെ ഭാഗിക നുബുവ്വത്താകുന്നു. മുഹദ്ദഥിയ്യത് എന്നും ഇതിനു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇത് സർവ സൽഗുണങ്ങളും സമജ്ജസമായി സമ്മേളിക്കപ്പെട്ട സമ്പൂർണ മനുഷ്യൻ ഹദ്റത്ത് സയ്യിദുനാ വ മൗലാനാ മുഹമ്മദു മുസ്തഫാ(സ)യെ പിൻപറ്റുന്നതുകൊണ്ടു മാത്രം സിദ്ധിക്കുന്നതുമാകുന്നു.

അപ്പോൾ നീ അറിയുക, അല്ലാഹു നിനക്കു നേർവഴി കാണിച്ചു തരുമാറാകട്ടെ. നിശ്ചയം നബി മുഹദ്ദഥ് ആകുന്നു. പ്രവാചകത്വത്തിന്റെ അംശങ്ങളിൽനിന്ന് ഒരംശം സിദ്ധിക്കുക എന്ന നിലയിൽ മുഹദ്ദഥ് നബിയുമാകുന്നു. നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു, ലം യബ്ഖ മിനന്നുബുവ്വത്തി ഇല്ലൽമുബശ്ശിറാത്തു. മുബശ്ശിറാത്ത് (അദൃശ്യ വർത്തമാനങ്ങൾ) ഒഴികെ പ്രവാചകത്വത്തിൽനിന്ന് ഒന്നും തന്നെ അവശേഷിച്ചിട്ടില്ല. അതായത് പ്രവാചകത്വത്തിന്റെ അംശങ്ങളിൽ ഒരംശമല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ല. അത് മുബശ്ശിറാത്താകുന്നു. റുഅ്യാ സ്വാദിഖയും (സത്യാധിഷ്ഠിതമായ സ്വപ്നങ്ങൾ) മുകാശിഫാത്തുസ്സ്വഹീഹയും (നേരായ ജാഗ്ര ദർശനങ്ങൾ) സവിശേഷരായ ഔലിയാക്കളിൽ ഇറങ്ങുന്ന ദിവ്യവെളിപാടാണ്. ഋജുമാനസരായ ജനതയുടെ ഹൃദയങ്ങളിൽ ജ്വലിക്കുന്ന പ്രകാശമാണത്. ഓ സൂക്ഷ്മദൃക്കായ മനുഷ്യാ! ശ്രദ്ധിക്കുക! ഇതിൽനിന്ന് പ്രവാചകത്വത്തിന്റെ എല്ലാ തരം കവാടങ്ങളും കൊട്ടി അടച്ചുവെന്നാണോ മനസ്സിലാക്കപ്പെടേണ്ടത്? എന്നാൽ, ശരീഅത്ത് ഉൾക്കൊള്ളുന്ന സമ്പൂർണ പ്രവാചകത്വം അവസാനിച്ചിരിക്കുന്നുവെന്ന് ഹദീഥ് സൂചിപ്പിക്കുന്നുണ്ട്. പക്ഷേ, മുബശ്ശിറാത്താകുന്ന പ്രവാചകത്വം പുനരുത്ഥാന നാൾവരെ അവശേഷിക്കുന്നു. അതൊരിക്കലും മുറിഞ്ഞു പോകുകയില്ല. തീർച്ചയായും റുഅ്യാ സ്വാലിഹഃ എന്നത് സമ്പൂർണമായ പ്രവാചകത്വത്തിന്റെ 46 അംശങ്ങളിൽ ഒരു അംശമാണെന്ന് ഹദീഥു ഗ്രന്ഥങ്ങളിൽ നീ വായിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടുതാനും. സ്വപ്നം കാണുന്ന ഒരാൾക്ക് ഈ സ്ഥാനം ലഭിക്കുന്നുവെങ്കിൽ, മുഹദ്ദഥീംകളിൽ അല്ലാഹു ദിവ്യവെളിപാട് ഇറക്കുമെന്ന കാര്യത്തിൽ എതിരു പറയാൻ നിനക്കെങ്ങനെ സാധിക്കും? അറിയുക, അല്ലാഹു നിന്നെ സഹായിക്കുമാറാകട്ടെ. നാം ഇപ്പോൾ പറഞ്ഞതിന്റെ ചുരുക്കം പ്രവാചകത്വത്തിന്റെ ഒരംശം എന്നെന്നേക്കുമായി തുറന്നു കിടപ്പുണ്ടെന്നാണ്. അത് മുബശ്ശിറാത്താകുന്ന പ്രവാചകത്വമാണ്. അവ പരോക്ഷമായ കാര്യങ്ങളെക്കുറിച്ചുള്ള താക്കീതുകളാകാം. അതല്ലെങ്കിൽ വിശുദ്ധ ഖുർആന്റെ സൂക്ഷ്മജ്ഞാനങ്ങളോ അഭൗമിക ജ്ഞാന

ങ്ങളോ ആകാം. എന്നാൽ, ഔന്നത്യങ്ങളുടെ സകല വൈശിഷ്ട്യങ്ങളും ഉൾക്കൊള്ളുന്ന സമ്പൂർണ പ്രവാചകത്വം മാ കാന മുഹമ്മദുൻ അബാ അഹദിൻമ്മിരിജാലിക്കും വലാക്കിൻ റസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ എന്ന വചനം അവതരിച്ച നാൾ മുതൽനിറുത്തൽ ചെയ്യപ്പെട്ടിരിക്കുന്നതായി നാം വിശ്വസിക്കുന്നു.

ഈ സാധുവും മർയമിന്റെ മകൻ മസീഹും തമ്മിൽ ഏതെല്ലാം വിശേഷഗുണത്തിലും ആത്മീയ ശക്തിയിലുമാണ് സാദൃശ്യമുള്ളതെന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി അത് മൊത്തത്തിൽ ഞങ്ങൾ രണ്ടു പേരുടേയും ആത്മീയശക്തികളിൽ ഒരു പ്രത്യേകമായ നിലയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതാകുന്നു എന്നതാണ്. ഇതിന്റെ പരമ്പരയുടെ ഒരു ഭാഗം താഴേക്കും ഒരു ഭാഗം മുകളിലേക്കും പോകുന്നു. താഴേക്ക് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ സൃഷ്ടികളോടു കാണിക്കുന്ന ഉന്നത നിലയിലുള്ള ദയാവായ്പും സഹിഷ്ണുതയുമാണ്. അത് ദാഈ ഇലല്ലായേയും (അല്ലാഹുവിലേക്കു ക്ഷണിക്കുന്നവനേയും) അദ്ദേഹത്തിന്റെ സന്നദ്ധ ശിഷ്യന്മാരേയും ശക്തമായി കൂട്ടിബന്ധിച്ച് , അല്ലാഹുവിലേക്കു ക്ഷണിക്കുന്നവന്റെ കളങ്കമറ്റ ആത്മാവിൽ കുടികൊള്ളുന്ന തേജോമയശക്തിയെ ഹരിതാഭമായ ആ എല്ലാ ശാഖകളിലും വ്യാപിപ്പിക്കുന്നു. മുകളിലേക്കു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അതിശക്തമായ വിശ്വാസവുമായി കൂടിച്ചേർന്നുള്ള ഉന്നതമായ സ്നേഹമാണ്. അത് ഒന്നാമതായി മനുഷ്യന്റെ ഹൃദയത്തിൽ ദൈവേച്ഛയാലുണ്ടാകുകയും, സർവശക്തനായ രക്ഷിതാവിന്റെ സ്നേഹത്തെ തന്നിലേക്ക് വലിച്ചടുപ്പിക്കുകയും ആ രണ്ടു സ്നേഹങ്ങളും തമ്മിൽ സംഗമിക്കുന്നതിനാൽ -അത് യഥാർഥത്തിൽ പുരുഷ സ്ത്രീ ബന്ധത്തിന്റെ ആജ്ഞ ഉൾക്കൊള്ളുന്നുണ്ട്- സ്രഷ്ടാവും സൃഷ്ടികളും തമ്മിൽ ഒരു സുദൃഢബന്ധവും ശക്തമായൊരു സംഗമവും ഉണ്ടായിക്കൊണ്ട് ദൈവസ്നേഹത്തിന്റെ തിളങ്ങുന്ന അഗ്നിയാൽ സൃഷ്ടികളുടെ ചൂട്ടിനു സമാനമായ സ്നേഹത്തെ പിടിച്ചെടുത്ത് മൂന്നാമതൊരു വസ്തു ജന്മം കൊള്ളുന്നു. അതിന്റെ പേരാണ് റൂഹുൽ ഖുദുസ്. അല്ലാഹു തന്റെ പ്രത്യേക ഉദ്ദേശ്യത്താൽ ഈ രീതിയിലുള്ള സ്നേഹം ഉണ്ടാക്കുന്നതു മുതലാണ് ഈ പദവിയിലുള്ള മനുഷ്യന്റെ ആത്മീയ ജനനം സംഭവിക്കുന്നതെന്ന് മനസ്സിലാക്കപ്പെടുന്നു .ഈ പദവിയിലും ഈ നിലയിലുമുള്ള സ്നേഹത്തിൽ അല്ലാഹുവിന്റെ സ്നേഹഭരിതമായ ആത്മാവ്, ദൈവേച്ഛയാൽ പ്രേമനിർഭരമായ ആ മനുഷ്യാത്മാവിന് ഒരു നവജന്മം നല്കുന്നുവെന്ന് ആലങ്കാരികമായി പറയുന്നത് നിരർഥകമാകുകയില്ല. തന്മൂലം ആ സ്നേഹം കൊണ്ടു നിറഞ്ഞ ആത്മാവിന് അല്ലാഹുവിന്റെ ആത്മ ചൈതന്യവുമായി-അത് സ്നേഹത്തിന്റെ ഊത്താണ്-ആലങ്കാരികമായ നിലയിൽ പുത്രത്ത്വത്തിന്റെ ബന്ധം ഉണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ സംഗമിക്കുമ്പോൾ റൂഹുൽഖുദുസ് മനുഷ്യ ഹൃദയത്തിൽ പിറവിയെടുക്കുന്നു. അതിനാൽ അത് അവർ രണ്ടു പേരുടേയും സന്തതിയാണെന്ന് പറയാവുന്നതാണ്. ഇതു തന്നെയാണ് പരിശുദ്ധ ത്രിത്വം. സ്നേഹത്തിന്റെ ഈ പദവിക്ക് അത് നിർബന്ധമാണ്. ഇതിനെ അവിശുദ്ധ പ്രകൃതക്കാർ ബഹുദൈവപരമായ നിലയിൽ മനസ്സിലാക്കുകയും സത്തയെ നശിപ്പിക്കുന്നതും യാഥാർഥ്യത്തെ നിരർഥകമാക്കുന്നതുമായ അണുമാത്ര സംഭാവ്യതയെ മഹോന്നതനായ അല്ലാഹുവിനോട് സമമായി നിശ്ചയിക്കുകയുമാണ് ചെയ്തത്.

ഈ പദവി ഈ വിനീതനും മസീഹിനും (ഈസാ)വേണ്ടി അംഗീകരിക്കപ്പെട്ടിട്ടുളളതാണെങ്കിൽ, അപ്പോൾപിന്നെ എല്ലാവരുടേയും നേതാവും റസൂൽമാരിൽ ഉന്നതനും നബിമാരിൽ ശ്രേഷ്ഠനും നമ്മുടെ നേതാവും യജമാനനുമായ മുഹമ്മദുനബി(സ)യ്ക്ക് എന്തു പദവിയാണ് അവശേഷിക്കുന്നതെന്ന് ചോദിക്കുകയാണെങ്കിൽ അത് ഒരു സമുന്നത സ്ഥാനവും അത്യുന്നതമായ പദവിയുമാണെന്നാണ്. അത് ആ വിശേഷ ഗുണങ്ങളുടെ സമ്പൂർണ വ്യക്തിയിൽ പരിസമാപ്തി കുറിക്കപ്പെട്ടിരിക്കുന്നു. അതിന്റെ അവസ്ഥ അനുഭവിച്ചറിയാൻപോലും ആർക്കും കഴിയുകയില്ല, പിന്നെയല്ലേ മറ്റാർക്കെങ്കിലും അത് ലഭിക്കാൻ പോകുന്നത്.

ഉദാരവാനായ അല്ലാഹു അല്ലാതെ മറ്റാരാണ്
അഹ്മദി(സ)ന്റെ മഹിമാവിലാസം അറിയുന്നത്.
(അഹ്മദ് എന്ന പേരിന്റെ) ഇടയിൽനിന്ന് മീമ് എന്ന അക്ഷരം വീണു വേർപ്പെട്ടതുപോലെ
ആ മഹാത്മാവ് സ്വാർഥതത്പരതയിൽനിന്ന് വേർപെട്ടിരിക്കുന്നു.
തന്റെ പ്രിയതമനുമായുള്ള
സമ്പൂർണ ഐക്യത്താൽ
ആപാദചൂഢം അങ്ങുന്ന്
കരുണാമയനായ രക്ഷിതാവിന്റെ രൂപമാകുംവിധം
ലയിച്ചുപോയി.

ആ മഹാത്മാവിന്റെ മുഖകമലത്തിൽനിന്ന്
യഥാർഥ പ്രേമഭാജനത്തിന്റെ സൗരഭ്യം നിർഗളിച്ചുകൊണ്ടിരിക്കുന്നു. ആ മഹാത്മാവിന്റെ വ്യക്തിത്വം ദൈവപരമായ വിശേഷഗുണങ്ങൾ വഹിക്കുന്നതും
അനാദ്യനായ അസ്തിത്വത്തിന്റെ
(അല്ലാഹുവിന്റെ) പ്രതീകവുമാകുന്നു.

എന്നെക്കുറിച്ച് മതപരിത്യാഗിയെന്നും വഴിപിഴച്ചവനെന്നും ആര് പറഞ്ഞാലും വേണ്ടില്ല,
അഹ്മദിന്റെ (സ) മനസ്സുപോലെ
മഹോന്നതമായ ഒരു അർശും
എനിക്കു എവിടെയും കാണാൻ കഴിയുന്നില്ല.
അല്ലാഹുവിനു നന്ദി!
ആ അനുഗ്രഹങ്ങളുടെ ഉറവിടത്തോടുള്ള സ്നേഹം കാരണത്താൽ
ഞാൻ ഭൗതികരായ ആളുകളിൽനിന്ന്
നൂറുക്കണക്കിനു വിപത്തുകളാണ്
വിലക്കുവാങ്ങിയിട്ടുള്ളത്.

അല്ലാഹുവിന്റെ ഔദാര്യങ്ങളും
ആ പരിശുദ്ധ ഗുണങ്ങളുടെ
ഉൺമയുടെ അനുഗ്രഹങ്ങളുംകൊണ്ട്
ഞാൻ ആ (ദൈവവുമായി) ഭാഷണം നടത്തുന്ന അസ്തിത്വത്തോടുള്ള പ്രേമാതിരേകത്താൽ
ഫിർഔന്മാരുടെ ശത്രുവായിത്തീർന്നിരിക്കുന്നു.
അദ്ദേഹത്തിന്റെ ആ പ്രത്യേക സ്ഥാനവും
പദവിയും എനിക്കു വെളിവാക്കപ്പെട്ടു.
ആ വഴിയിലെ ഏതെങ്കിലും
ശുദ്ധപ്രകൃതക്കാരനെ കണ്ടിരുന്നുവെങ്കിൽ
അവനോട് ഞാനതു പറയുമായിരുന്നു.
മുഹമ്മദിനോടുള്ള(സ)പ്രേമത്തിന്റെ വഴിയിൽ
എന്റെ ശരീരവും എന്റെ ജീവനും ബലിയാണ്.
ഇതാണെന്റെ ആഗ്രഹം,
ഇതാണെന്റെ പ്രാർഥന.
എന്റെ മനസ്സിലെ
ദൃഢനിശ്ചയവും ഇതുതന്നെ.
(പേജ് 11-24. വിവർത്തനം: മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ)

# ഇസ്‌ലാമും ഉദാര ജനാധിപത്യവും

നഖാഷ് അഹ്മദ് & ഷഹ്സാദ് അഹ്മദ്

പ്രശസ്തമായ The Economist മാഗസിനിൽ വന്ന ഇസ്‌ലാമിക വിമർശനത്തിനുള്ള പ്രതികരണമാണ് ഈ ലേഖനം. മതത്തിന്റെ അടിസ്ഥാനത്തിൽ ഭരണ നിയമങ്ങൾ നിർമിക്കുക എന്നത് ഇസ്‌ലാമിന്റെ താൽപര്യമല്ലെന്നും ഏത് ഭരണത്തിൻ കീഴിലും ഇസ്‌ലാം മതമനുസരിച്ച് ജീവിക്കാൻ കഴിയുമെന്നും ലേഖകർ വ്യക്തമാക്കുന്നു.നഖാഷ് അഹ്മദ് Review of Religions എഡിറ്റോറിയൽ ബോർഡ് അംഗവും അമേരിക്കയിലെ PhD വിദ്യാർഥിയുമാണ് ഷഹ്സാദ് അഹ്മദ് ലണ്ടനിലെ ജാമിഅ അഹ്മദിയ്യായിലെ സീനിയർ വിദ്യാർഥിയാണ്

**ഇ**സ്‌ലാമിന്റെ രണ്ടാമത്തെ ഏറ്റവും പ്രധാനപ്പെട്ട ഭരണ തത്ത്വം ഒരു ഗവൺമെന്റ് അതിന്റെ എല്ലാ ഭരണ നിർവഹണവും നടത്തേണ്ടത് കേവല നീതിയുടെ അടിസ്ഥാനത്തിലായിരിക്കണം എന്നതാണ്. അത്തരത്തിലുള്ള ഒരു ആദർശത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു ഭരണകൂടം വർത്തിക്കുന്നതെങ്കിൽ ആ ഭരണകൂടത്തെ നമുക്ക് '*ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഗവൺമെന്റ്*' എന്ന് പറയാം. നീതിയും സമത്വവുമാണ് ഏതൊരു സമൂഹത്തിന്റേയും ഏറ്റവും അവശ്യ ഘടകം. നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ഈ രണ്ട് മൂല്യങ്ങളും മുറുകെ പിടിക്കണമെന്ന് വിശുദ്ധ ഖുർആൻ നമ്മെ നിരന്തരം ഓർമിപ്പിക്കുന്നു. മുസ്‌ലിംകൾ മുസ്‌ലിംകൾക്കിടയിൽ മാത്രം നീതി പൂർവം വർത്തിച്ചാൽ മതി എന്നല്ല ഇവിടെ ഖുർആൻ ആജ്ഞാപിക്കുന്നത് എന്ന കാര്യം വളരെ ശ്രദ്ധേയമാണ്. ബഹുസ്വരതയും സഹിഷ്ണുതയും ഇസ്‌ലാം ഉയർത്തിപിടിക്കുന്ന മൂല്യങ്ങളാണ്. എന്നാൽ ഇസ്‌ലാം സന്ദേഹികൾ (Islamosceptic) ചോദിക്കുന്നത് എന്താണ് നീതിയുടെ തത്ത്വം എന്നാണ്. അത് എപ്പോഴും ഇസ്‌ലാമിക തത്ത്വവുമായി സമരസപ്പെട്ടുപോവുമോ?

ജനങ്ങളോട് നീതിപൂർവം വർത്തിക്കുക എന്നതിനർഥം ഇസ്‌ലാമികമായ നീതി തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ വർത്തിക്കുക എന്ന് തന്നെയാണ്. അവിശ്വസനീയമാം വിധം പ്രധാന്യമുള്ളൊരു തത്ത്വം ഖുർആൻ ഇവിടെ പ്രസ്താവിക്കുന്നത് കാണുക. ***മതത്തിൽയാതൊരു നിർബന്ധവുമില്ല. (2:257)***

ഒരാൾ ഒരു മതത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ ആ മതത്തിന്റെ നിയമങ്ങൾ അയാളിൽ നിർബന്ധപൂർവം വെച്ചുകെട്ടാൻ ആർക്കും അവകാശമില്ല. ഖുർആൻ വചനത്തെ പറ്റി നാം ഗൗരവപൂർവം പര്യാലോചിക്കുമ്പോൾ ഇക്കാലത്തെ മുസ്‌ലിം രാജ്യത്ത് നിലനിൽക്കുന്ന എല്ലാവിധ അനീതിയുടെയും നിഷേധമായിരിക്കും പ്രസ്തുത വചനമെന്ന് കാണാം. മുസ്‌ലിം രാജ്യത്ത് ജീവിക്കുന്ന അമുസ്‌ലിംകളുടെ മേൽ നിയമ നിർമാണം നടത്തി ഇസ്‌ലാമിക നിയമം നടപ്പാക്കാൻ ശ്രമിക്കുന്നത് അനീതിയാണ്. മുസ്‌ലിംകൾ മാത്രം അധിവസിക്കുന്ന ഒരു രാജ്യത്ത് പോലും ഇത് നടപ്പാക്കാൻ സാധ്യമല്ല. മുസ്‌ലിംകളിൽ 73 വിഭാഗങ്ങളുണ്ട്. എല്ലാ വിഭാഗങ്ങളും എല്ലാ പ്രശ്നത്തിലും വിഭിന്ന വീക്ഷണം പുലർത്തുന്നവരാണ്. ഇക്കൂട്ടരിൽ ആരാണ് ശരിയായ പാതയിൽ നിലകൊള്ളുന്നതെന്ന് പറയാൻ ആർക്കാണ് അധികാരമുള്ളത്?

അത് കൂടാതെ ഭരണകൂടത്തിൽ നിന്ന് മതത്തെ വേർപെടുത്തണമെന്നത് ഇസ്‌ലാമിന്റെ താൽപര്യം കൂടിയാണ്. വിശുദ്ധ ഖുർആൻ പറയുന്നത് നിങ്ങളുടെ ശത്രുവിനോട് പോലും നീതിപുലർത്തണമെന്നാണ്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നേതാവായ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആവർത്തിച്ചാവർത്തിച്ച് തന്റെ പ്രഭാഷണങ്ങളിൽ ഈ വസ്തുത ഊന്നിപറഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുന്നു: '*ഒരു നീതിപൂർണമായ ഭരണകൂടത്തിന് ആവശ്യം വേണ്ടുന്ന പ്രത്യേകതയായി അല്ലാഹു പറഞ്ഞത് മതകാര്യങ്ങളെ സ്റ്റേറ്റിന്റെ കാര്യങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുക എന്നതാണ്. അത്പോലെ ഏതൊരു പൗരനും അവന്റെ അവകാശം നൽകപ്പെടണം. ഈ തത്ത്വം ഏറ്റവും പാവനമാണ്. യാതൊരു വിട്ടു*

*വീഴ്ചയുമില്ലാതെ അതിന്റെ പൂർണത യിൽ ഈ തത്ത്വം നിർവഹിക്കപ്പെടണം. അതായത് നിങ്ങളോട് വെറുപ്പ് പ്രകടിപ്പിക്കുന്നവരോട് പോലും നിങ്ങൾ നീതിപൂർവം വർത്തിക്കണം. അവർ നിങ്ങളോട് വെറുപ്പ് പ്രകടിപ്പിക്കു ന്നവരും സാദ്ധ്യമായ വഴികളിലൂടെ യെല്ലാം നിങ്ങളെ നിരന്തരം പീഡിപ്പിക്കു ന്നവരായാലും ശരി നീതി മുറുകെ പിടിക്കണം.. വിശുദ്ധ ഖുർആൻ പറയുന്നു:*

***'വിശ്വസിച്ചവരേ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹു വിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോടു നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക.തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.'(5:9)***

*ഒരു ഗവൺമെന്റ് പ്രവർത്തിക്കേണ്ട നിർണായക തത്ത്വമാണ് പ്രസ്തുത ഖുർആൻ വചനത്തിൽ പറഞ്ഞത്. മതം പൊതുഭരണത്തിൽ യാതൊരു വിധ ത്തിലുള്ള പങ്കും വഹിക്കാൻ പാടുള്ളതല്ല. മതപരമായ ഭിന്നതകൾ നീതി പാലിക്കുന്നതിന് ഒരിക്കലും തടസ്സമായി നിൽക്കാൻ പാടുള്ളതല്ല. ഇതെല്ലാം കേട്ടതിന് ശേഷം ആർക്കാണ് ഇസ്ലാം മതം നീതിക്ക് വിരുദ്ധമാണെ ന്ന് പറയാൻ സാധിക്കുക? സ്വയം നീതി മാന്മാരെന്ന് കരുതുന്നവരും വിദ്യാസ മ്പന്നരുമായ ആളുകൾ ഒരിക്കലെങ്കിലും ഇസ്ലാമിനെക്കുറിച്ച് മനസ്സിലാക്കി യിട്ടുണ്ടെങ്കിൽ ഇസ്ലാമികാദ്ധ്യാ പനങ്ങൾ തെറ്റാണെന്ന് പറയുമെന്ന് ഞാനൊരിക്കലും വിശ്വസിക്കുന്നില്ല.'*

ഈ തത്ത്വത്തിന്റെ സത്യസന്ധമായ പ്രായോഗിക രൂപമാണ് റസൂൽ തിരുമേനി (സ)നമുക്ക് കാട്ടിത്തന്നത്. മദീനയിൽ മുസ്ലിംകളും യഹൂദരും അത് പോലെ മറ്റു ഗോത്ര സമൂഹങ്ങളും അവിടുത്തെ രാഷ്ട്രത്തലവനാക്കി അംഗീകരിച്ചു. ആളുകൾ അവരുടെ തർക്ക പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടുത്തെ സമീപിക്കുമ്പോൾ അവ രോട് നിങ്ങളുടെ പ്രശ്നം ജൂത നിയമ പ്രകാരമോ ഇസ്ലാമിക നിയമ പ്രകാ രമോ അല്ലെങ്കിൽ അവിടുത്തെ പൊതു നീതി തത്ത്വങ്ങൾക്കനുസരിച്ചാണോ വിധികൽപ്പിക്കേണ്ടത് എന്ന് അവരോട് ചോദിക്കുമായിരുന്നു. ഇസ്ലാമിന്റെ

> ഇമാം മഹ്ദി മസീഹിന്റെ ആഗമനത്തെക്കുറിച്ച് പൂർവിക മതഗ്ര ന്ഥങ്ങളിലും റസൂൽ തിരുമേനി (സ) യുടെ വചനങ്ങളിലും പ്രവചിക്ക പ്പെട്ടതാണ്. അദ്ദേഹം യഥാർഥ ഇസ്ലാ മിനെ പുനരുജ്ജീ വിപ്പിക്കുമെന്ന് റസൂൽ തിരുമേനി(സ) ദീർഘ ദർശനം ചെയ്തിരിക്കുന്നു

അവസാനത്തെ അവികലമായ നിയമദാ താവായ പരിശുദ്ധ പ്രവാചകനാണ് ഇപ്രകാരം തന്നെ സമീപിക്കുന്നവരോട് ഏത് നിയമപ്രകാരമാണ് താൻ വിധികൽപ്പിക്കേണ്ടതെന്ന് ചോദിക്കുന്ന തെന്ന കാര്യം നാം മനസ്സിലാക്കണം. ഇതിന് കാരണം അദ്ദേഹം ഒരു പ്രവാചകൻ മാത്രമായിരുന്നില്ല. അദ്ദേഹം രാഷ്ട്രത്തിന്റെ ഭരണാധികാരി കൂടിയായിരുന്നു. സമൂഹത്തിലെ അംഗം എന്ന നിലക്ക് ഓരോ പൗരന്റെയും അവകാശങ്ങളെ അവിടുന്ന് വിലമതിച്ചിരുന്നു. മുല്ലമാരും ഇസ്ലാം സന്ദേഹികളും കരുതുന്നത് പോലെ ഇസ്ലാമിൽ നിയമം ബലാൽക്കാരമായി അടിച്ചേൽപ്പിക്കു കയായിരുന്നുവെങ്കിൽ ഇതാകുമായിരു ന്നില്ല പ്രവചകന്റെ(സ) സമ്പ്രദായം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ചൂണ്ടിക്കാട്ടിയത് പോലെ

*'ഏതെങ്കിലും ഒരു മതമോ ഒരു രാഷ്ട്രീയ വ്യവസ്ഥയോ വാദിക്കുന്ന തിനേക്കാൾ ഇസ്ലാം സെക്കുലർ രീതിയിലുള്ള ഒരു ഭരണകൂടത്തിന് വേണ്ടി നിലകൊള്ളുന്നു.,... സെക്കു ലരിസത്തിന്റെ ഏറ്റവും കാതലായ സത്ത മതപരമോ വിശ്വാസപരമോ വർണ-വർഗ പരമോ ആയ പരിഗണനകൾക്കതീതമായി കേവല നീതി നടപ്പാക്കിയിരിക്കണം എന്നാണ്. ഇത് തന്നെയാണ് യഥാർഥത്തിൽ സ്റ്റേറ്റിന്റെ കാര്യത്തിൽ ഖുർആൻ നമ്മോട് പറഞ്ഞത്.'*

അതിനാൽ മതപരമായ പരിഗണന കളില്ലാതെ ജനങ്ങളിൽ നിന്ന് പരമാധി കാരം സിദ്ധിക്കുന്ന ഉദാര ജനാധിപത്യ ത്തിൽ ഒരു നീക്കുപോക്ക് എന്ന നിലക്ക് അതിൽ പകയോടെ ജീവിക്കണം എന്ന നിലപാട് ഇസ്ലാം ഒരിക്കലും അംഗീകരിക്കുന്നില്ല. പകരം ലിബറൽ ഡമോക്രസിയെ യഥാർഥത്തിലുള്ള ഇസ്ലാമിക ഭരണക്രമം എന്ന നിലക്കാണ് ഇസ്ലാം അംഗീകരിക്കു ന്നത്. വിശുദ്ധ ഖുർആനും റസൂൽ തിരുമേനി (സ) യുടെ നടപടി ക്രമ ങ്ങളും ഗൗരവപൂർവം സൂക്ഷ്മമായി പഠിക്കുകയാണെങ്കിൽ ഈ ഒരു നിഗമനത്തിലായിരിക്കും നാം എത്തിച്ചേരുക.

## ഇസ്ലാമിക നിയമം

അവസാനമായി, പ്രശ്നം ഇസ്ലാ മിക നിയമത്തെക്കുറിച്ചാണ്. അതിൽ ഒന്നാമത്തേത് ഒരു ലിബറൽ രാഷ്ട്ര ത്തിന്റെ ചില ഘടകങ്ങളും ഇസ്ലാമിക നിയമവും തമ്മിൽ എങ്ങനെ പൊരു ത്തപ്പെട്ടുപോവും എന്നതാണ്. ഖുർആ നിലെ നിയമങ്ങൾ നീതിയുടെ അടിസ്ഥാനത്തിലുള്ളതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

***'നീതിപുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ സഹായം ചെയ്യുന്നതിനും അല്ലാഹു കൽപ്പിക്കുന്നു. നീചവൃത്തിയേയും നിഷിദ്ധ കർമത്തേയും നിയമ ലംഘനത്തേയും അവൻ വിലക്കു കയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിന് വേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.'(5:9)***

എങ്കിലും ഇതിലെ ചില അദ്ധ്യാപനങ്ങൾ പുറം കാഴ്ചക്കാർക്ക് അരോചകമായി തോന്നിയേക്കാം. ഉദാഹരണത്തിന് അനന്തരാവകാശ നിയമത്തെക്കുറിച്ച് എടുക്കുകയാണെ ങ്കിൽ ആൺ സന്താന ത്തിന് ലഭിക്കുന്ന ഓഹരിയുടെ നേർ പകുതിയായിരിക്കും പെൺ സന്താനത്തിന്ന് ലഭിക്കുക. ഇത് സ്ത്രീ പുരുഷ തുല്യതയായികാണാ നാവില്ല എന്നാണ് ആക്ഷേപം. പുരുഷനും സ്ത്രീക്കും ഏൽപ്പിക്കപ്പെട്ട വിവിധ തരത്തിലുള്ള ഉത്തരവാദി ത്വങ്ങളുടെ പ്രതിഫലനമാണ് ഈ നിയമം. പുരുഷനാണ് കുടുംബം പുലർത്തേണ്ട ചുമതല ഭരമേൽപ്പിക്ക പ്പെട്ടത്. അങ്ങനെ വരുമ്പോൾ സ്ത്രീക്ക് അവളുടെ സ്വത്ത് പൂർണമായും സ്വന്തമായി ഉപയോഗിക്കാവുന്നതാണ്. അവരുടെ സ്വത്ത് മറ്റാർക്കും വേണ്ടി

വിനിയോഗിക്കാൻ അവൾ നിയമപരമായി ചുമതലപ്പെടുത്തപ്പെട്ടിട്ടില്ല. അങ്ങനെ വരുമ്പോൾ പുരുഷന്റെ സ്വത്ത് വാസ്തവത്തിൽ കുടുംബത്തിനിടയിൽ വിതരണം ചെയ്യപ്പെടുന്നു. സ്ത്രീകളുടേത് അതേപടി വിഭജിക്കപ്പെടാതെ നിൽക്കുന്നു. ഇതെല്ലാം പരിഗണിക്കുമ്പോൾ അനന്തരാവകാശ സ്വത്തിനെ സംബന്ധിച്ച് ഇതൊരു നീതിപൂർണമായ ദായക്രമമാണെന്ന് കരുതുന്നു. എന്തു തന്നെയായാലും ഇസ്ലാം ഇതിനോട് യോജിക്കുമെങ്കിലും മറ്റുള്ളവർ ഇതിനോട് വിയോജിച്ചേക്കാം. അതിനാൽ ഈ നിയമം മുസ്ലിംകൾക്ക് മാത്രം ബാധകമാണ്. അത്തരം നിയമങ്ങൾ അമുസ്ലിംകളിൽ അടിച്ചേൽപ്പിക്കുന്നത് തെറ്റാണ്. ഖുർആൻ നമ്മെ ഓർമിപ്പിച്ചത് പോലെ മറ്റുള്ളവരോട് ചെയ്യുന്ന അനീതികൂടിയാണിത്. അത് നാം ചെയ്യാൻ പാടില്ല.

അത് പോലെയൊന്നാണ് ക്രിമിനൽ നിയമത്തിന്റെ പ്രശ്നം. എന്താണ് വ്യഭിചാരത്തിനും കളവിനുമുള്ള ശിക്ഷ? അതെല്ലാം പൊതുവായ നിയമനിർമാണത്തിലൂടെ നിയന്ത്രിക്കേണ്ട സ്റ്റേറ്റിന്റെ വിഷയങ്ങളാണ്. ഇസ്ലാമികമായ മാർഗ നിർദേശങ്ങളനുസരിച്ച് തന്നെയാണോ ഇത്തരം നിയമനിർമാണങ്ങൾ നടത്തേണ്ടത്? ഖലീഫത്തുൽ മസീഹ് നാലാമൻ ഇത് സംബന്ധിച്ച് എഴുതുന്നു:

*ഒരു സ്റ്റേറ്റിന്റെ രാഷ്ട്രീയ കാര്യങ്ങളിൽ മതം പ്രബലമായ അധികാര കേന്ദ്രമാവാൻ പാടില്ല.3*
അദ്ദേഹം ചൂണ്ടിക്കാട്ടിയത് പോലെ സ്റ്റേറ്റിന്റെ നിയമ നിർമാണത്തിൽ നാം മതത്തിന് സ്ഥാനം നൽകുകയാണെങ്കിൽ മറ്റു മത ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ അവരുടെ മത പ്രകാരമുള്ള ക്രിമിനൽ നിയമങ്ങൾ നിർമിക്കാൻ നാമും സമ്മതിക്കേണ്ടിവരും. നമുക്ക് വീണ്ടും അടിച്ചേൽപ്പിക്കലിന്റെ പ്രശ്നത്തിലേക്ക് തന്നെ വരാം. അദ്ദേഹം വീണ്ടും എഴുതുന്നു:

ഒരു മത വിശ്വാസിക്ക് സെക്കുലർ നിയമത്തിന് കീഴിൽ അയാളുടെ മതവിശ്വാസമനുസരിച്ച് ജീവിക്കാം.. സ്റ്റേറ്റിന്റെ യാതൊരു ഇടപെടലുമില്ലാതെ സത്യം പറയുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യാം. ഒരാൾക്ക് പ്രാർഥിക്കാനോ മറ്റ് ആരാധനാ കർമ്മങ്ങൾ നിർ വഹിക്കാനോ അനുവദിക്കുന്നതിനായി ഒരു പ്രത്യേക നിയമവും സ്റ്റേറ്റ് പാസ്സാക്കേണ്ടതില്ല. 4

മുസ്ലിംകൾക്ക് അവരുടെ മതം തൃപ്തികരമായി ആചരിക്കാൻ യാതൊരു ഇസ്ലാമിക നിയമനിർമാണത്തിന്റേയും ആവശ്യമില്ല. അത് പോലെ മറ്റു മതസ്ഥർക്കും നിയമനിർമാണത്തിന്റെ ആവശ്യമില്ല. ഇതാണ് സെക്കുലറിസത്തിന്റെ സ്പിരിറ്റ്. ഇത് തന്നെയാണ് ഇസ്ലാമിന്റെ രാഷ്ട്ര സങ്കൽപ്പത്തിന്റെ സ്പിരിറ്റും.

## യഥാർഥ ഖിലാഫത്ത്: അഹ്മദിയ്യാ ഖിലാഫത്ത്

*The Economist* ലെ നിരവധി വായനക്കാർ മേൽപ്രസ്താവിച്ച കാര്യങ്ങൾ തത്ത്വത്തിൽ നല്ലതാണെങ്കിലും ഫലത്തിൽ മറ്റൊന്നാണെന്ന് കരുതുന്നുണ്ടാവാം. ഇത് ശുദ്ധമായ സൈദ്ധാന്തിക

വാദമാണ്. അവരിൽ പലരും കഴിഞ്ഞ നൂറ് വർഷമായി സ്ഥാപിതമായതും പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയും ഇരുനൂറ് രാജ്യങ്ങളിൽ ശാഖകളുള്ളതുമായ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടാവില്ല.

ഇമാം മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) യുടെ അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദാണ് ഖിലാഫത്തിനെ നയിക്കുന്നത്. ഇമാം മഹ്ദി മസീഹിന്റെ ആഗമനത്തെക്കുറിച്ച് പൂർവിക മതഗ്രന്ഥങ്ങളിലും റസൂൽ തിരുമേനി(സ) യുടെ വചനങ്ങളിലും പ്രവചിക്കപ്പെട്ടതാണ്. അദ്ദേഹം യഥാർഥ ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കുമെന്ന് റസൂൽ തിരുമേനി(സ) ദീർഘ ദർശനം ചെയ്തിരിക്കുന്നു. ഹദ്റത്ത് അഹ്മദ്(അ) ന്യായപ്രമാണമില്ലാത്ത ഒരു പ്രവാചകനാണ്. അദ്ദേഹം തന്റെ യജമാനനായ മുഹമ്മദ് നബി(സ) യുടെ ശിഷ്യത്വത്തിൽ വന്നയാളാണ്. അദ്ദേഹം യാതൊന്നും പുതിയതായി കൊണ്ടുവന്നിട്ടില്ല. അദ്ദേഹത്തിന്റെ ഗ്രന്ഥം വിശുദ്ധ ഖുർആനും അദ്ദേഹത്തിന്റെ മതം ഇസ്ലാമുമാണ്. അവസാന കാലത്തെ വാഗ്ദത്ത പരിഷ്ക്കർത്താവെന്ന നിലക്ക് വിശുദ്ധ ഖുർആനിലെ പ്രവചനമനുസരിച്ച് ദൈവം അവസാന കാലം ഖുർആൻ ലിപികളിൽ മാത്രം അവശേഷിക്കുകയും മുസ്ലിം പണ്ഡിതന്മാർ ഏറ്റവും നികൃഷ്ടകാരികൾക്ക് സമന്മാരായി തീരുകയും ഇസ്ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളെല്ലാം വിസ്മൃതമാകുകയും ചെയ്യുമ്പോൾ അതിനെ പുനരുജ്ജീവിപ്പിക്കാനാണ് ഇമാം മഹ്ദിയും മസീഹുമായി വാഗ്ദത്ത പരിഷ്ക്കർത്താവ് അവതരിക്കുക. അദ്ദേഹം മനുഷ്യരെ ദൈവവുമായടുപ്പിക്കുകയും ഇസ്ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങൾ ലോകത്തിന് വിവരിച്ച് കൊടുക്കുകയും ചെയ്യും. ഈ പ്രവചനത്തിന്റെ സാക്ഷാത്ക്കാരമാണ് താനെന്നാണ് ഹദ്റത്ത് അഹ്മദ്(അ) വാദിച്ചത്. ദൈവിക ദൃഷ്ടാന്തങ്ങൾ അദ്ദേഹ ത്തിന്റെ വാദത്തിന് തെളിവായി നിന്നു. തന്റെ വാദത്തെ ശക്തിപ്പെടുത്തുന്നതിനായി അനിഷേധ്യവും യുക്തിപരവുമായ തെളിവുകൾ അദ്ദേഹം സമർപ്പിച്ചു. ഇസ്ലാം മതത്തിന്റെ യുക്തിപരവും ആത്മീയവുമായ സൗന്ദര്യം വെളിപ്പെടുത്തുന്ന 80 ൽ അധികം പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. അദ്ദേഹം ദിവംഗതനായതിന് ശേഷം ഖുർആനിലും ഹദീസിലും വാഗ്ദാനം ചെയ്യപ്പെട്ട ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടു. അത് ഇപ്പോഴും തുടരുന്നു. വാഗ്ദത്ത മസീഹ് തന്റെ

'**ശഹാദത്തുൽ ഖുർആൻ** 'എന്ന പുസ്തകത്തിൽ എഴുതുന്നു.

*'വാഗ്ദത്ത മസീഹിന്റെ കൈകളാൽ ക്രിസ്തു മത വിശ്വാസം തിരോഭവിക്കും. അദ്ദേഹം കുരിശിനെ മുറിക്കും. അദ്ദേഹം (റസൂൽ തിരുമേനി(സ) ) അവരുടെ ഭരണകൂടങ്ങൾ നശിപ്പിക്കും എന്ന് പറഞ്ഞിട്ടില്ല. ഇത് സൂചിപ്പിക്കുന്നത് വാഗ്ദത്ത മസീഹിന്റെ സാമ്രാജ്യം ഭൗതിക ഭരണകൂടങ്ങൾക്ക് അവ എന്ത് തന്നെയായാലും ഒരു ഹാനിയും വരുത്തുന്നതല്ല എന്നാണ്. '*

അതിനാൽ ഖലീഫമാരാരും ഒരിക്കലും തന്നെ രാഷ്ട്രീയ അധികാരം കൈയാളാൻ ശ്രമിച്ചിട്ടില്ല. അമുസ്ലിംകളുടെ മേൽ ഇസ്ലാം അടിച്ചേൽപ്പിക്കാൻ അവരാരും ശ്രമിച്ചിട്ടില്ല. പകരം അവർ ലോകത്തുള്ള അഹ്മദി മുസ്ലിംകൾക്കും മറ്റുള്ളവർക്കും അദ്ധ്യാത്മിക മാർഗദർശനവും ഐക്യബോധവും സ്നേഹത്തിലൂടെയും സമാധാനത്തിലൂടെയും നൽകിവരുന്നു. അതിനാൽ ഖിലാഫത്തിന് ഏതുതരം ഗവൺമെന്റുകളുമായും രമ്യമായി പോകാൻ കഴിയുന്നു. ഇപ്പോഴത്തെ അഹ്മദിയ്യാ ഖലീഫ ഒരു പ്രഭാഷണത്തിൽ ഇപ്രകാരം പറയുകയുണ്ടായി.

*'ഈ ഖിലാഫത്തിന് ഒരു കലാപത്തിന്റെയും ഒരു വെടിയുണ്ടയുടേയും ആവശ്യമില്ല. ഖിലാഫത്തിനുള്ള പ്രതിഫലം അല്ലാഹുവിന്റെ അനുഗ്രഹ*



# സമാവർത്തിത സപ്തകങ്ങൾ

കെ.പി.എ പുന്നോൽ

ശപ്തനാം ശൈത്താന്റെ മാർഗ ഭ്രംശത്തിൽ നി–
ന്നഭയം തേടുന്നു, ഞാനഭയം തേടീടുന്നു.
ഈശ്വരാ കാരുണ്യ വാരിധേ നിൻ തിരു
നാമത്തിൽ ദിവ്യമാം സൂക്തം ഞാനോതട്ടെ

ലോകാന്തരങ്ങളെ പാലിച്ചുപോരുന്ന
ദൈവത്തിൻ സ്തോത്രം ഞാൻ ചെയ്തീടുന്നു.
പരമമാം കാരുണ്യമേകുന്ന ദൈവം നീ
ദാക്ഷിണ്യ ദായകൻ കാരുണ്യ വാരിധി

വിധി ചൊല്ലും നാളിന്നധിപനും നീ തന്നെ
വിസ്തരിക്കാനധികാരിയും നീ
ആരാധ്യൻ നീ തന്നെ, നിന്നുടെ ദാസർ
നിന്നോടു മാത്രം സഹായങ്ങർളർഥിപ്പൂ

സന്മാർഗദർശനമേകണേ ഞങ്ങൾക്ക്
സജ്ജനം കാട്ടിയ മാർഗത്തിലായ്
ശാപത്തെ വാരിപ്പുണർന്നൊരു കൂട്ടരിൽ
കോപത്തെ ഏറ്റങ്ങു വാങ്ങും സമൂഹത്തിൽ

സത്യത്തെ തള്ളിപ്പറഞ്ഞൊരധർമരിൽ
നേർവഴി വിട്ടു ചരിക്കും മനുഷ്യരിൽ
ഞങ്ങളെ ചേർക്കല്ലേ സർവേശ്വരാ
സർവാധിനാഥാ നീ കാത്തുകൊള്ളേണമേ
ഞങ്ങടെ പ്രാർഥന കേൾക്കേണമേ

*ത്താലും മഹത്ത്വത്താലും സ്ഥാപിക്കപ്പെടും. അത് ജനങ്ങളുടെ പദ്ധതികളാലും ശ്രമത്താലുമല്ല സ്ഥാപിക്കപ്പെടുക '.* 6

ഇവിടെ ഖിലാഫത്ത് ആത്മീയമാണ് രാഷ്ട്രീയമല്ല എന്നതിന്റെ പ്രായോഗിക മാതൃക കാണാവുന്നതാണ്. അത് സമാധാനപരമാണ്. ഒരിക്കലും സംഘർഷാത്മകമല്ല. എല്ലാ മതങ്ങളോടും ആദരം പുലർത്തുന്നു. ആരുടെ മേലും അടിച്ചേൽപ്പിക്കുന്നില്ല. ലണ്ടനിലെ എട്ടാം പീസ് കോൺഫ്രൻസിൽ ഖലീഫത്തുൽ മസീഹ് പറഞ്ഞു: നാം എല്ലായ്പ്പോഴും ഇസ്‌ലാമിക അധ്യാപനങ്ങൾ നടപ്പിലാക്കണം. അത് ഒരിക്കലും നിയമം കൈയിലെടുത്തായിരിക്കരുത്. എപ്പോഴും തന്നെ നിങ്ങളുടെ രാജ്യത്തിന്റെ താൽപര്യത്തെ മുറുകെ പിടിക്കുക. ഒരിക്കലും അരാജകത്വം സൃഷ്ടിക്കരുത്. കാരണം ഒരു രാജ്യം നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നത് അതാണ്. ലോകത്ത് ഏതൊരു കോണിലാണോ അഹ്മദികൾ താമസിക്കുന്നത്, ഏത് രാജ്യത്താണോ അവർ ജീവിക്കുന്നത് എവിടെയായാലും ശരി അല്ലാഹുവിന്റെ സ്നേഹം ലഭിക്കുവാൻ അവിടെയൊന്നും തന്നെ യാതൊരു വിധ അരാജകത്വവും സൃഷ്ടിക്കരുത്. ഈയ്യൊരു സ്വഭാവ ഗുണം ഒരു ദിനം ലോകത്തെ അരാജകത്വത്തിൽ നിന്ന് രക്ഷിക്കും. വാസ്തവത്തിൽ ഇത് മാത്രമാണ് ലോക സമാധാനത്തിനുള്ള ഉറപ്പ്. അഹ്മദിയ്യാ ജമാഅത്ത് എന്ന ഞങ്ങളുടെ സമൂഹം യഥാർഥ ഇസ്‌ലാമിക അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്ത് സമാധാനം സ്ഥാപിക്കാനും ക്രൂരതക്ക് അറുതിവരുത്താനും ഉത്ക്കടമായ വികാരവായ്പ്പോടെ പ്രതിജ്ഞാ ബദ്ധരാണ്.

വിവ. എ.എം.



# അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക്

അലൻ പിം സ്മിത്ത്

**അ**റബി പദങ്ങളുടെ ആംഗലേയാവിഷ്ക്കാരങ്ങളിൽ ചിലത് അവയുടെ മൂലപദത്തോട് അഭിന്നമാം വിധം സദൃശമാണ്. എന്നാൽ മറ്റുള്ളവ ശബ്ദ ധ്വനിയിലും അർഥത്തിലും തുലോം വ്യത്യസ്തമാണ്. മോസ്ക് (Mosque) എന്ന ശബ്ദത്തിന് മസ്ജിദുമായി വലിയ സാമ്യമൊന്നുമില്ല. കൂടാതെ ബദൂവിയൻ(*Bedouin*) എന്ന പദം ഏകവചന രൂപമായാണ് നാം ഉപയോഗിക്കുന്നതെങ്കിലും യഥാർഥത്തിൽ അതിന്റെ ഉദ്ഭവം ബിദ്വാൻ(*Bidwan*) എന്ന അറബി പദത്തിന്റെ ബഹുവചന രൂപമായ ബദവി *(Bedawi)* എന്ന അറബി പദത്തിൽ നിന്ന് നിഷ്പന്നമായതാണ്. *Dhow* എന്ന പദമുണ്ടായത് *Dawa* യിൽ നിന്നാണ്. എന്നാൽ അറബി സംസാരിക്കുന്നവരോട് ചോദിച്ചാൽ അങ്ങനെ ഒരു പദം തന്നെ അറിയില്ലെന്ന് പറയും. കാരണം ദവാ ഇന്നുപയോഗത്തിലില്ലാത്ത പദമാണ്. ഇപ്പറഞ്ഞ പദങ്ങൾ ഒക്കെയും അറബി ഇസ്ലാമിക ജീവിതവുമായി ബന്ധപ്പെട്ടവയാണ്. അതിനാൽ ഈ കാര്യങ്ങൾ അറബിയിൽ പ്രകടിപ്പിക്കപ്പെട്ടതിൽ അദ്ഭുതപ്പെടാനൊന്നുമില്ല. എന്നാൽ *Apriccot, Orange ,Lemon, Lime..* മുതലായ ഫലവർഗങ്ങളുടെയും *Artichoke, Spinach, Aubergine* എന്നീ പച്ചക്കറികളുടെയും നാമം പരദേശിയാണ്. ഒരു ഇംഗ്ലീഷുകാരന് ഇത് അനുഭവപ്പെടില്ലെങ്കിലും സത്യത്തിൽ ഈ നാമങ്ങളൊക്കെയും അറബിയാണ്. ഉദാഹരണത്തിന് *Lemon* മദ്ധ്യകാല ഫ്രഞ്ചിൽ നിന്നും മദ്ധ്യകാല ഇംഗ്ലീഷിലേക്ക് കടന്നു വന്നതാണ്. അതിന് മുമ്പ് ഈ പദം മദ്ധ്യകാല ലാറ്റിനിലാണ് ഉപയുക്തമായിരുന്നത്. അതിനിടയിൽ വളരെ ചെറിയ മാറ്റങ്ങൾ മാത്രമാണ് ഉച്ചാരണത്തിൽ വന്നിട്ടുള്ളത്. ഇതിന്റെ യഥാർഥ രൂപം അറബിയിലെ *Laymun* ആണ്!. എന്നാൽ ഇറ്റാലിയനിലൂടെ കടന്ന്

> ഇംഗ്ലീഷ് ഭാഷയിലെ നിരവധി പദങ്ങൾ അറബിയിൽ നിന്ന് നിഷ്പന്നമായവയാണ്. ആംഗല തനിമയോടെ നാം ഉപയോഗിക്കുന്ന എണ്ണിയാലൊടുങ്ങാത്ത പദങ്ങൾ ഭാഷകളുടെ മാതാവായ അറബിയിൽ നിന്ന് വന്നതാണെന്നത് കൗതുകമുണർത്തുന്ന വസ്തുതയാണ്

വന്നപ്പോൾ *Artichoke* സത്യത്തിൽ *Al-khurshuf* എന്ന അറബി പദമാണെന്ന് തിരിച്ചറിയാൻ കുറച്ച് പ്രയാസമാണ്.

അറബിയിൽ നിന്ന് നേരിട്ട് ഇംഗ്ലീഷിലെത്തിയ പദങ്ങളുടെ എണ്ണം ചുരുക്കമാണെങ്കിലും മറ്റു വിധത്തിൽ ഇംഗ്ലീഷിലെത്തിയ പദങ്ങൾ നൂറുകണക്കിന് വരും. മിക്കവാറും അവ ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ ഭ ലാറ്റിൻ ഭാഷാ രൂപത്തിലായിരിക്കും എത്തിയത്.

കഴിഞ്ഞ 1000 വർഷങ്ങളായി ഇംഗ്ലീഷ് വിഴുങ്ങിക്കൊണ്ടിരിക്കുന്ന വിദേശ ഭാഷാഘടകങ്ങൾ ഒട്ടനവധിയാണ്. ഇങ്ങനെ ഫ്രഞ്ചിൽ നിന്നും ലാറ്റിനിൽ നിന്നും കടമെടുത്ത പദങ്ങൾ ആധുനിക ഇംഗ്ലീഷ് പദ സമ്പത്തിന്റെ പകുതി യോളം വരും. ക്രി. വ. 1066 ലെ നോർമൻ അധിനിവേശത്തിന് ശേഷം ഇംഗ്ലീഷ് കോടതിയും പ്രഭുത്വവും പാർലമെന്റും ഫ്രഞ്ച് ഭാഷ ഉപയോഗിച്ചു തുടങ്ങി. ക്രി. വ 1731 ൽ അത് ഇംഗ്ലണ്ടിലെ നിയമ ഭാഷയായി നിലകൊള്ളുകയും ചെയ്തു.

മധ്യകാലഘട്ടങ്ങളിൽ ഫ്രഞ്ചിലൂടെയാണ് മിക്കവാറും അറബി പദങ്ങൾ ഇംഗ്ലീഷിലെത്തിയത്. ഇവയിൽ ഭൂരിഭാഗവും ഗണിത ശാസ്ത്ര-ഖഗോള ശാസ്ത്ര- രസതന്ത്ര പദങ്ങളായിരുന്നുവെന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്. ക്രി. വ. 1300 കളിൽ ഇംഗ്ലീഷിൽ *Alchemy* (രസതന്ത്രം) എത്തി ചേരുന്നത് അറബി പദമായ *Al kimya* (അൽകീമിയാഅ്) ൽ നിന്ന് വലിയ രൂപഭേദ ങ്ങളൊന്നും കൂടാതെയാണ്. ഏതാണ്ട് ഇതേ കാലയളവിൽ തന്നെയാണ് *Alkali, Alogaritham, Alembic, Almanac* തുടങ്ങിയ പദങ്ങളും ഇംഗ്ലീഷ് നിഘണ്ടുവിൽ സ്ഥാനം പിടിച്ചത്. ഈവാക്കുകളിലെ *Al* എന്ന ശബ്ദം വരുന്നത് ഇംഗ്ലീഷിൽ The തുല്യമായ (Aarabic definit article) ൽനിന്നുമാണ്.. ഉദാഹരണത്തിന് *Alkali* ഉണ്ടായത് അറബിയിലെ *Al quili* യിൽ നിന്നാണ്. Saltwort ചെടിയുടെ ചാരമെന്ന് നിർവചിക്കാം. *Alembic* ഒരു ശുചീകരണ ഉപകരണമാണ്. 'നിശ്ചലം'എന്നർഥം വരുന്ന *Al Imbiq* ൽ നിന്നാണ് ആവിർഭവിച്ചത്.

മദ്ധ്യകാലം അക്ഷരാർഥത്തിൽ അറബ് ഇസ്ലാമിക്ക് നാഗരികതയുടെ തായിരുന്നു. ഏതാണ്ട് 500 കൊല്ലക്കാലം അറബി ഭാഷ വിജ്ഞാനത്തിന്റെയും സാംസ്ക്കാരികതയുടെയും വൈജ്ഞാനികപുരോഗതിയു ടെയും ഭാഷയായി വിരാജിച്ചു. 9-ാം നൂറ്റാണ്ടിൽ ധാരാളം ക്ലാസിക്ക് ഗ്രീക്ക് ശാസ്ത്ര തത്ത്വ ശാസ്ത്ര ഗവേഷണ പ്രബന്ധ ങ്ങൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി. ഈ അടിത്ത റയിൽ നിന്നാണ് അറബി ഗവേഷകരും ശാസ്ത്രജ്ഞന്മാരും വൈദ്യശാസ്ത്ര ജ്ഞാനികളും ഗണിതജ്ഞരുമെല്ലാം വിജ്ഞാന ലോകത്തേക്ക് കുതിച്ച് മുന്നേറിയത്. ഈ വിജ്ഞാന ഭണ്ഡാരം പിന്നീട് സ്പെയിനിലെ ഇസ്ലാമിക യൂണിവേഴ്സിറ്റിയിൽ നിന്നും പശ്ചിമ യൂറോപ്പിലേക്ക് കൈമാറ്റപ്പെട്ടു. ഉദാഹരണം: കണക്ക്കൂട്ടാനു പയോഗിക്കുന്ന ഡെസിമൽ സമ്പ്രദായം അഥവാ ദശാംശ സമ്പ്രദായം അറബി ഗണിതശാസ്ത്ര സംഭാവനയാണ്. ഇന്ത്യൻ സങ്കേതമായ പൂജ്യമാണ് ഇതിന്റെ അടിസ്ഥാനം. ഈ പൂജ്യം *Zero* യും അതിന്റെ മറ്റൊരു നാമമായ *Cipher* ഉം ശൂന്യം എന്നർഥത്തിൽ വരുന്ന *Sifr* എന്ന അറബി പദത്തിൽ നിന്ന് വന്നതാണ്.

11-ാം നൂറ്റാണ്ട് മുതൽ 13-ാം നൂറ്റാണ്ട് വരെയും തീർച്ചയായും അതിന് ശേഷവും മദ്ധ്യകാല ഇംഗ്ലണ്ടിൽ അറബി വിജ്ഞാനം വ്യാപകമായിരുന്നു. ക്രി. വ. 1100 കളുടെ തുടക്കത്തിൽ തന്നെ അന്നത്തെ പ്രമുഖ യൂറോപ്യൻ പണ്ഡിതരിൽ ഒരാളായ ഇംഗ്ലണ്ടിലെ ബാത്തുകാരൻ അബലാർഡ് ഖവാരിസ്മിയുടെ ഖഗോള വിജ്ഞാനീയ പട്ടിക അറബിയിൽ നിന്ന് ലാറ്റിനിലേക്ക് വിവർത്തനം ചെയ്തു. ഇന്ന് സർവസാധാരണയായി ഉപയോഗിക്കപ്പെടുന്ന രണ്ട് ഗണിത പദങ്ങളായ *Algibra, Alogaritham* എന്നിവ ഇംഗ്ലീഷ് ഭാഷയിൽ എത്തിച്ചേർന്ന തിങ്ങനെയാണ്. ഇതിൽ രണ്ടാമത്തെ പദം ഖവാരിസ്മിയുടെ പേരിൽനിന്നു തന്നെ എടുത്തതാണ്. *Algibra* യാകട്ടെ ഛിദ്രമാക്കപ്പെട്ട ഭാഗങ്ങളുടെ പുനരേകീകരണം എന്ന അർഥം വരുന്ന *Al -jabar* ൽനിന്നും ഉണ്ടായതാണ്. *Al jabar* ഖവാരിസ്മിയുടെ ഗണിത ശാസ്ത്ര പ്രബന്ധമായ *Hisab Al-jabr W' al Muqabala* യിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ കൗതുക കരമായ കാര്യം അറബിയായ *Al-jabar* ഇംഗ്ലീഷായ *Algibra* എന്നിവ ഒരേ രീതിയിൽ ഒടിവിനും ചതവിനും അസ്ഥി യോജിപ്പിക്കാനും മറ്റുമുള്ള ചികിത്സാ രീതിയെ സൂചിപ്പിക്കുന്ന പദങ്ങളാണ്. വാക്കുകളുടെ ചരിത്രപര മായ ഉപയോഗത്തെ മുൻനിറുത്തി നിർവചനങ്ങൾ നൽകുന്ന Oxford English Dictionary ആദ്യത്തെ അർഥമായി *Algibra* ക്ക് നൽകുന്നത് ഒടിവിനും ചതവിനുമുള്ള ശസ്ത്രക്രിയാ ചികിത്സ എന്നാണ്. ഇത് കൂടാതെ ക്രി. വ. 1565 ൽ നിന്നുള്ള ഒരുദ്ധരണിയും ചേർത്തിട്ടുണ്ട്.

'The surgical treatment of fractures, This arabic word Algibra sygnify as well as fractures of born etc as sometime restoration of same Algibra എന്ന ഈ അറബി പദം അസ്ഥികളുടെ ക്ഷയത്തെയും മറ്റും കൂടി സൂചിപ്പിക്കുന്നു. ചില അവസരങ്ങളിൽ അവയുടെ പുനസംയോജനത്തെയും സുചിപ്പിക്കുന്നു. വിജ്ഞാന മേഖലയിൽ അറബി ഗവേഷകർ ചെയ്ത ഏറ്റവും വലിയ സംഭാവന ജ്യോതി ശാസ്ത്ര മേഖലക്ക് അവർ നൽകിയ വളർച്ചയാണ്. അറബിയിൽ നിന്ന് രൂപപെട്ട നാമങ്ങളുള്ള നൂറുക്കണക്കിന് നക്ഷത്രങ്ങളാണ് ആധുനിക നക്ഷത്ര പട്ടികയിലുള്ളത്. Alair, Aldebaran, Btelgeus,Vega. Algole അവയിൽ ചുരുക്കം ചിലവ മാത്രം. ഇതിലെ അവസാന പദം Algole അൽഗോൾ രൂപപ്പെട്ടത് *Al ghul* അഥവാ ഭൂതം, പിശാച് എന്നീ അർഥമുള്ള *Al ghul* എന്ന അറബി പദത്തിൽ നിന്നാണ്. ഇംഗ്ലീഷ് പദമായ Ghoul ഉം അതിന്റെ വിശേഷണമായ *Ghoulish* ഉണ്ടായത്. Algol (അൽഗോൾ) എന്ന നക്ഷത്രത്തെ അറബികൾ *Al ghul* എന്നാണ് വിളിക്കുന്നത്. കാരണം അത് പ്രേതത്തെ പോലെയാണ് കാണപ്പെടുന്നത്. ഗ്രഹണം ബാധിച്ച ഇരട്ട നക്ഷത്രത്തെ പോലെയും, അത് തെളിച്ചമില്ലാതെ അവ്യക്തമായി ഓരോ ഈരണ്ട് ദിവസം കൂടുംതോറും പ്രകാശം മറിമാറി പ്രത്യക്ഷപ്പെടുന്നു. അതു കൊണ്ടാണ് ഈ പേരു തന്നെ നൽകാൻ അറബികൾക്ക് പ്രേരണയായത്. നക്ഷത്ര നാമങ്ങൾ മാത്രമല്ല *Zennith, Nadir Azimuth* തുടങ്ങിയ ജോതി ശാസ്ത്ര പദങ്ങളുടെ ഉദ്ഭവവും അറബിയിൽ തന്നെ.

*Talisman,Elixir* എന്നിവ അറബിയിൽ നിന്ന് നിഷ്പന്നമായ പദങ്ങളാണ്. Almanac (*al manakh*) അറബിയിൽ നിന്നും ഉദ്ഭവിച്ച മറ്റ് സാങ്കേതിക പദങ്ങളാണ്. caliber, caliper,aniline, marcasite, camphore എന്നീ പദങ്ങളും അറബിയിൽ നിന്നു തന്നെ. വിലയേറിയ രത്നങ്ങളും മറ്റും അളക്കാൻ ഉപയോഗിക്കുന്ന കാരറ്റും

(Carat) കടലാസ് അളക്കാനുപയോഗിക്കുന്ന റീമും (Ream) അറബി തന്നെ. ഉദാ: *Girat*(ഇത് ചെറിയ യൂണിറ്റ്). *Rizmah* (ഇത് വലിയ യൂണിറ്റ്.) ഇതേഗണത്തിൽപ്പെടുത്താവുന്ന ശ്രദ്ധേയമായ പദങ്ങളാണ് Average ഉം Alcahole ഉം ഗണിത ശാസ്ത്രത്തിൽ സർവ സാധാരണയായി ഉപയോഗിക്കുന്ന പദം അറബിയാണ്. അറബിയിലെ *Awariya.* ആണ്, അർഥം പക്ഷേ കേടു സംഭവിച്ച സാധനങ്ങൾ എന്നാണ്. ഈ രുപാന്തരണം അവ്യക്തമായി തോന്നുമെങ്കിലും ഇത് സംഭവിച്ചത് കച്ചവടക്കാർ കടലിൽ വെച്ച് ചർച്ചചെയ്ത് നിർണയിക്കുന്ന കേടുപാടു സംഭവിച്ച സാധനങ്ങളുടെ ശരാശരി കണക്കുകളിൽ നിന്നാണ്.

ഇനി Alcahole എടുക്കുകയാണെങ്കിൽ അത് നിഷ്പന്നമായത് *Al-kohl* ൽ നിന്നാണെന്ന് കാണാം. മദ്ധ്യപൂർവേഷ്യയിൽ കണ്ണെഴുതാൻ ഉപയോഗിക്കുന്ന ഔഷധ ഗുണമുള്ള കറുത്ത പൊടിയാണ് *Al-kohl* . ഈ പൊടിയും മദ്യവും തമ്മിലെന്ത് ബന്ധമെന്ന സംശയം തോന്നാം. ആ പൊടി പ്രത്യേക രീതിയിൽ തയ്യാറാക്കിയ Antimony Sulfide ആണ്. ഈ പൊടി ഒരു വസ്തുവിന്റെ യഥാർഥ സിപിരിറ്റ് അഥവാ അതിന്റെ സത്ത എന്ന അർഥത്തിൽ മനസ്സിലാക്കുകയാണെങ്കിൽ ഇവ തമ്മിലുള്ള ബന്ധം നമുക്ക് വ്യക്തമായികാണാം. ഈ പദം രൂപപെട്ട് എത്രയോ കാലങ്ങൾക്ക് ശേഷം Samuel Coleridge, Shakespear കൃതികളെ സംബന്ധിച്ചെഴുതിയ ലേഖനങ്ങളിലൊന്നിൽ വില്ലൻ Iago വിനെ വിശേഷിപ്പിച്ചത്, The very alchahole of egoism അഥവാ 'അഹങ്കാരത്തിന്റെ മൂർത്ത ചൈതന്യം' എന്നാണ്.

മദ്ധ്യകാലഘട്ടത്തിൽ ഇംഗ്ലീഷ് അറബിയിൽ നിന്ന് കടമെടുത്ത ശാസ്ത്ര സാങ്കേതിക പദങ്ങളുടെ ആധിക്യം ആ കാലഘട്ടത്തിലെ ശാസ്ത്ര വിജ്ഞാന മണ്ഡലത്തിൽ അറബ് ഇസ്‌ലാമിക നാഗരികത ചെലുത്തിയ പ്രഭാവം വ്യക്തമാക്കുന്നു. ഉന്നതമായ സംസ്കാരത്തിന്റെ മറ്റൊരു തെളിവ് ഈ ശാസ്ത്ര സാങ്കേതിക പദവ്യൂഹങ്ങൾക്ക് തൊട്ട് പിന്നാലെയുള്ളത് സുഖാഢംബര സമ്പന്നമായ ഉന്നത നിലവാരമുള്ള ജീവിത ശൈലിയുമായി ബന്ധപ്പെട്ട പദങ്ങളാണ്. ഇതിൽ നിന്ന് അവരുടെ ജീവിത നിലവാരം ഊഹിക്കാവുന്നതേയുള്ളൂ. എലിസബത്ത് (1533-1603) രാജ്ഞിയുടെ കാലമായപ്പോഴേക്കും ഇംഗ്ലീഷ് കടൽ കച്ചവടക്കാർ യുറോപ്പിന് പുറമേയുള്ള ലോകങ്ങളെ തൊട്ടറിഞ്ഞുകൊണ്ട് മദ്ധ്യപൂർവേഷ്യയിൽ നിന്നും അതിനപ്പുറത്തു നിന്നുമൊക്കെ അമൂല്യ വസ്തുക്കളും മറ്റു സാമഗ്രികളും, ആചാര സമ്പ്രദായങ്ങളും ഇംഗ്ലണ്ടിന്റെ തീരങ്ങളിലേക്ക് കൊണ്ടുവരുവാൻ തുടങ്ങി. ഇവിടെ പരാമർശാർഹമായ കാര്യം ഇങ്ങനെ യാത്രക്കാർ അറേബ്യയിൽ നിന്ന് കപ്പൽ കയറ്റി കൊണ്ടുവന്ന പദങ്ങളധികവും സുഖലോലമായ അത്യാഢംബര ജീവിത ശൈലിയെ സുചിപ്പിക്കുന്നവയാണ്. Sugar, Syrup,Julep, Sherb, Marzipan മുതലായവയൊക്കെയും അറബിയിൽ നിന്ന് കടമെടുത്ത പദങ്ങളാണ്. ഒരു പക്ഷേ എലിസബത്തൻ കാലഘട്ടത്തിലെ കുടുംബിനിയുടെ അടുക്കള സാമാനങ്ങളിൽ ഇതൊന്നും ഉൾപ്പെട്ടിട്ടുണ്ടാവില്ല. Coffee വന്നത് അറബിയിലെ Gahawa യിൽ നിന്നാണ്. അതിന്റെ പ്രഭവ കേന്ദ്രം യമൻ ആണ് . യമനിലെ തുറമുഖ പട്ടണമായ മോച്ചയിൽ നിന്നും! ഇതിനോട് ചേർത്ത് വെക്കാവുന്നവയാണ് അറബി നാമങ്ങളുള്ള സുഗന്ധ ദ്രവ്യങ്ങളായ Caraway ഉം Suffron മെല്ലാം

Sash, Shawl, Sequin, Muslin, Mohair, Damask, Cotton മുതലായ വിലകൂടിയ തുണിത്തരങ്ങൾ തന്നെ സമ്പത്തിന്റെ സുചകങ്ങളാണ്. ഇതിൽ Muslin അന്ന് ഉൽപാദിപ്പിച്ചുകൊണ്ടിരുന്ന ഇറാഖിലെ മുസോൾ പട്ടണത്തിൽ നിന്നാണ് ആ പേര് ലഭിച്ചത്. എന്നാൽ Sash ആകട്ടെ അറബി മസ്‌ലിൻ തുണിയായ *Shash* ൽനിന്നുമാണുണ്ടായത്. ഈ പേരു സുചിപ്പിക്കുന്നത് പോലെ Damask തുണിത്തരം *Damascus* ൽ നിന്നുള്ളതാണ്. നാം ഇന്ന് പുച്ചകളുടെ ഒരു പ്രത്യേക വർഗത്തെ വിശേഷിപ്പിക്കാനായി ഉപയോഗിക്കുന്ന Tabby എന്ന പേര് പോലും വന്നത് അറബിയിൽ നിന്നാണ്. ബാഗ്ദാദിലെ അൽ *ത്വബ്ബിബ* ജില്ലയിൽ ഉണ്ടാക്കിയിരുന്ന വില കൂടിയ വർണശബളിമയാർന്ന സിൽക്ക് (പട്ട്) തുണിപോലെ ചർമാവരണമുള്ള പൂച്ച എന്ന നിലക്കാണ് ആ പേര് വന്നത്. Sequin എന്ന പദമാകട്ടെ അറബിയിൽ *Sikkah* യിൽ നിന്ന് നിഷ്പന്നമായതാണ്.

Sofa, Alcove, Jar, and Carafe ഈ സുഖാനന്ദ സാമഗ്രിയൊക്കെയും തന്നെ അറേബ്യയിൽ നിന്ന് കടലു കടന്ന് വന്നവയാണ്. നീളൻ ബഞ്ച് എന്ന അർഥം വരുന്ന *Suffa* യിൽ നിന്നാണ് Sofa ഉണ്ടായത്. കമാനം എന്നർഥമുള്ള *Al qubbbah* യാണ് ഇംഗ്ലീഷിലെ Al-cove ന്റെ ജനനി Jar ആകട്ടെ മൺകുടം എന്നർഥം വരുന്ന J*arrah* എന്ന പദത്തിൽ നിന്നുമാണ്. Carafe (കുപ്പി) എന്ന ഇഗ്ലീഷ് പദം *Gharrafah* എന്ന അറബി പദത്തിന്റെ ഇംഗ്ലീഷ് രൂപമാണ്. ആംഗലേയ പദസമ്പത്തിനെ Crimson, Carmine, Azure, Liliac തുടങ്ങിയ നിറങ്ങൾ കൊണ്ട് സമ്പുഷ്ടമാക്കിയതും അറബി തന്നെ. ഇനി വിനോദത്തിനാണെങ്കിൽ കൈപ്പത്തി എന്നർഥം വരുന്ന അറബിലെ *Raha* യിൽ നിന്ന് രൂപപെട്ടതാണ് Racket (Tennis Racet). അറബികൾ എന്നും കടൽ സഞ്ചാരികളും കച്ചവട ക്കാരുമായിരുന്നു. അതുകൊണ്ടുതന്നെ കടലും കച്ചവടവുമായി ബന്ധപ്പെട്ട പദങ്ങൾ ഇംഗ്ലീഷിലെ അറബിക്ക് Loan Words (അറബിയിൽ നിന്നും കടം കൊണ്ട പദങ്ങൾ) ന്റെ കൂട്ടത്തിൽ കണ്ടില്ലെങ്കിലേ അദ്ഭുതമുള്ളൂ.

ഇംഗ്ലീഷ് നാവികർ പൊതുവേ ഉപയോഗിക്കുന്ന പദമാണ് Mizzen Masts. ഇതിന് കാരണം ഇംഗ്ലീഷ്കാരന്റെ മാസ്റ്റ് അറബിയിൽ Masts എന്ന പദം അറബിയിലെ *Mazzam* ആണ്. *Ameerul Bahr* (അമീറുൽ ബഹ്ർ=കടലിലെ നായകൻ) എന്നതിന്റെ ചുരുക്കരൂപമായ *Ameeral* നിന്നുമാണ് Admmiral രൂപം കൊണ്ടത്. Arsenal എന്ന പദം വന്നത് Work shop വർക്ക്ഷോപ്പ് എന്ന് അർഥമുള്ള *Dar-as sinna'ah* യിൽ നിന്നുമാണ്. അതിന് മുമ്പ് *sinna'*ah (കല, കരകൗശല വസ്തു etc.)യിൽ നിന്നുമാണ്. അത്പോലെ Magazine എന്ന പദം *Makham (*സംഭരിച്ച് വെച്ച സ്ഥലം) ൽ നിന്നും കടമെടുത്തതാണ്. കച്ചവടവുമായി ബന്ധപ്പെട്ട പദമായ Tarif (താരിഫ്)ന്റെ ഉൽപ്പത്തി അറബിയിൽ നിന്നാണ്. കൗതുകം ജനിപ്പിക്കുന്ന പദങ്ങൾ വേറെയുമുണ്ട്

ഉദാഹരണത്തിന് Adobe, Cocus, Genie, Propinjay എന്നിവയും അറബി പദങ്ങളുടെ മാറ്റിതിരിക്കപ്പെട്ട രൂപങ്ങളാണ്. ഇത്തരത്തിൽ ഉപയോഗാനുസൃതം വേർതിരിച്ചെടുക്കുന്നതിനാൽ ഇംഗ്ലീഷിൽ Garble എന്നാണ് പറയുക. ഈ പദത്തിന്റെ ഉറവിടം പോലും അറബിയാണ്. വേർതിരിക്കുക തിര

ഞ്ഞെടുക്കുക എന്നീ അർഥം വരുന്ന *Garbala* എന്നതാണ് Garble ആയി മാറിയത്. മാറ്റിതിരിക്കപ്പെട്ടാലും ഇല്ലെങ്കിലും എന്തായാലും ശരി അറബിയിൽ നിന്ന് രൂപപ്പെട്ട പദങ്ങൾ ഇംഗ്ലീഷ് ഭാഷയെ വളരെയധികം സമ്പന്നമാക്കിരിക്കുന്നു.

Horse (കുതിര), Horseman (കുതിരക്കാരൻ), Hack(കുതിരയുടെ കടിഞ്ഞാണും മറ്റു സഞ്ചാര സാമഗ്രികളും) എന്നിവയുടെ അറബി നാമങ്ങൾ, അങ്ങകലെ അറബ് ലോകത്ത് നിന്നും എത്രയോ വിദൂരസ്ഥമായ അമേരിക്കക്ക് തെക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന മരുഭൂമികളിൽ പോലും സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. ഈ പദങ്ങൾ അറബിയിൽ നിന്ന് സ്പാനിഷിലെത്തുകയും സ്പാനിഷ് ആംഗ്ലോ പാരമ്പര്യങ്ങളുടെ സമ്മേളന വേളയിൽ അമേരിക്കൻ ഇംഗ്ലീഷിലേക്ക് കുടിയേറുകയും ചെയ്തു.

8-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അറബികളുടെയും വടക്കനാഫ്രിക്കയുടെയും ബർബർ വംശജരുടെ ഒരു മുസ്‌ലിം സൈന്യം ഐബീരിയൻ ഉപദ്വീപ് ഏതാണ്ട് മുഴുവനായി തന്നെ കീഴടക്കുകയുണ്ടായി. അതിന് തെക്ക് ഭാഗത്ത് അറബികൾ അൽ അന്തലുസ് (സ്പെയിൻ) എന്ന് വിളിക്കുന്ന പ്രദേശത്ത് അബ്ബാസികൾ നിഷ്ക്കാസനം ചെയ്ത ഒരു സിറിയൻ ഉമവിയ്യാ വംശത്തിലെ ഒരു രാജകുമാരൻ തന്റെ ഭരണം സ്ഥാപിക്കുകയും ഏകദേശം 750-ാം ആണ്ടിനോടടുത്ത് തഴച്ചു വളർന്ന ഒരു നാഗരികത പടുത്തുയർത്തുകയും ചെയ്തു. 1492 ൽ രണ്ട് സുപ്രധാനമായ സംഭവങ്ങളുണ്ടായി. അതിലൊന്ന് ലോകത്തിന്റെ പുതിയ കോണുകളുടെ കണ്ടുപിടുത്തമായിരുന്നു. സ്പെയിൻ, പോർട്ടുഗൽ രാജ്യങ്ങൾ കോളനി വത്ക്കരണങ്ങളുടെ നവാദ്ധ്യായം തന്നെ തുറന്നു. രണ്ടാമത്തേത് സ്പാനിഷ് സംസ്ക്കാരത്തിൽ ആഴത്തിൽ മുദ്ര ചാർത്തിയ മുസ്‌ലിംകളും ജൂതന്മാരും അവിടെനിന്ന് പുറത്താക്കപ്പെട്ട സംഭവമാണ്.

നവലോകം കീഴടക്കവേ അറബി, ബർബർ അഭയാർഥികളടങ്ങുന്ന സ്പെയിൻകാർ അവരുടെ കുതിരകളെയും കൂടെകൊണ്ടു പോയി. അവർ അന്ന് കുതിര പാലനത്തിനായി ഉപയോഗിച്ച അറബിയിൽ നിന്ന് രൂപപെട്ട പദങ്ങൾ ഇന്നും ആ പ്രദേശത്തെ ഭാഷയിൽ (ഇംഗ്ലീഷ് അമേരിക്കയുടെയും മെക്സിക്കോയുടെയും അതിർത്തി പ്രദേശങ്ങളിലെ മരുഭൂമികളിലെ മെക്സിക്കൻ സ്പാനിഷ് കലർന്ന സംസാര ഭാഷ) ധാരാളമായി ഉപയോഗിക്കപ്പെടുന്നു.

1975-ൽ യു.എസ് - മെക്സിക്കോ അതിർത്തി പ്രദേശങ്ങളിലെ പുരാതന ആട്ടിടയ സമുദായങ്ങളുടെ അടുത്തേക്ക് ചെന്നപ്പോഴാണ് Cowboy lingo ശ്രദ്ധയിൽപ്പെട്ടത്. ഞാനും ഭാര്യയും കുതിരകളെയും ചെമ്മരിയാടുകളെയും ടർക്കിക്കോഴികളെയും വളർത്താറുണ്ട്. അതിനാൽ അവിടെ ജോലി ചെയ്യുന്ന കൗബോയ്കളെയും ആട്ടിടയന്മാരേയും മൃഗഡോക്ടർമാരേയും അടുത്ത് പരിചയപ്പെടാനും ഇടപഴകാനുമുള്ള അവസരം ലഭിച്ചു. അവരൊക്കെയും ആ പ്രദേശത്ത് നാലര നൂറ്റാണ്ട് മുമ്പെത്തിയ അറബിയിൽ നിന്നുള്ള അവരുടെ ഭാഷാ പദങ്ങൾ എന്റെ കുട്ടികളിന്ന് സുഖമായും സാധാരണമായും കമ്പ്യൂട്ടർ ഭാഷ കൈകാര്യം ചെയ്യുന്നത് പോലെ ഉപയോഗിക്കുന്ന വരാണ്. ഉദാഹരണത്തിന് പ്രഗല്ഭനായ ഒരു കുതിരയോട്ടക്കാരനെ കേമനായ Jinnet എന്നാണ് പറയുക. ഈ പദം വടക്കനാഫ്രിക്കയിലെ ഒരു യുദ്ധക്കുതിരയോട്ട രീതിയെയും പിന്നീട് കുതിരക്കാരനെ തന്നെയും സൂചിപ്പിക്കാനുപയോഗിച്ച പദമാണ്. ഈ Sonoran Spanish Xinete ൽ നിന്ന് വന്നതാണ്. അതാകട്ടെ ഇന്നത്തെ Algeria യിലെ Zanathi എന്നറിയപ്പെടുന്ന ഗോത്രത്തെ അനുസ്മരിപ്പിക്കുന്ന അന്തലുഷ്യൻ പദമായ Zanathi ൽനിന്നും രുപപ്പെട്ടതാണ്.

Sonoran Vaqueros ഉും അവരുടെ കുതിരക്കാരും ഇന്നും കുതിര ചേണത്തിന് Albardon എന്നാവും പറയുക. ഇത് ഐബീരിയൻ പദമായ *Albarda* യിൽ നിന്ന് ഉണ്ടായതാണ്. ഇംഗ്ലീഷിൽ അർഥം Pack Saddle എന്നാണ്. ഈ പദത്തിന് ശരിയായ ഉദ്ഭവം അറബിയിലെ *Al barda* യിൽ നിന്നാണ്. ഇക്കൂട്ടത്തിലെ മറ്റൊരു പദമാണ് Acion. കൗബോയ്കൾ ഉപയോഗിക്കുന്ന തോലു കൊണ്ടുള്ള ബെൽട്ടാണിത്. ഇത് അറബി പദമായ Al siyum നിന്ന് ഉണ്ടായതാണ്. അവരുടെ Azote(ചാട്ടവാർ) അറബിയിലെ *As-sut* ആണ്. അറബിയി ലെ *Algullah* അവർക്ക് Argollas ആയിമാറി (Ringing Starp).

ഈ കൂട്ടത്തിൽ എനിക്കേറ്റവു മിഷ്ടപ്പെട്ട പദം Hackamore ആണ്. കന്നുകാലികളെ ബന്ധിക്കാനുപയോഗിക്കുന്ന മൂക്കുകയറാണിത്. അറബി പദമായ *Sakima* യെ പ്രതിഫലിപ്പിക്കുന്ന അന്തലൂന്ത്യഷ്യൻ പദമായ Jaquima നിന്ന് രൂപപ്പെട്ടതാണ് ഈ പദം

ഇനി മൃഗങ്ങളുടെ നിറവ്യത്യാസങ്ങളെ സുക്ഷ്മമായി സൂചിപ്പിക്കുന്ന പല പദങ്ങളും ഇവർക്കിടയിലുണ്ട്. പരിശോധിച്ചാൽ ഇവയുടെയൊക്കെയും പ്രഭവം അറബിയാണെന്ന് തെളിയിക്കാൻ കഴിയും. കൗബോയ്കൾ ഇങ്ങനെ കുതിരകളുടെയും കന്നുകാലികളുടെയും ചെമ്മരിയാടിന്റെ പോലും നിറങ്ങൾക്ക് പ്രത്യേകം പേരുകൾ ഉപയോഗിച്ചുപോരുന്നു. ഞാൻ കളർ ബ്ളൈന്റ്(ചില വർണങ്ങൾ കാണാൻ കഴിയാത്ത രോഗം) ആയതിനാൽ ഈ പേരുകൾ മനസ്സിലാക്കിയെടുക്കാൻ എനിക്ക് കുറച്ച് സമയം പിടിച്ചു. എങ്കിലും Almagre(ഒരിനം തുരുമ്പു നിറമുള്ള കുതിര) എന്റെ ശ്രദ്ധയിൽ പ്പെടുക തന്നെ ചെയ്തു. ഈ പേര് ചുവന്ന മണ്ണ് എന്നർഥം വരുന്ന അറബി പദം *Al-magra* യിൽ നിന്ന് വന്നതാണെന്ന് എനിക്ക് അറിയാമായിരുന്നു. വർണങ്ങളെ സംബന്ധിച്ച പദത്തിൽ എന്നെ ഏറ്റവും ഏറെ കുഴപ്പിച്ചത് മൂക്ക് മുതൽ വാലറ്റം വരെ തുരുമ്പിച്ച ബ്രൗൺനിറമുള്ള കുതിരയെ വിളിക്കുന്ന Alice-Ann എന്ന പേരാണ്. ഇത് അറബിയിലെ Al-azam(ചുവന്ന മരത്തടി)യിൽ നിന്നുമാണെന്ന് തിരിച്ചറിയാൻ കുറച്ച് ബുദ്ധിമുട്ടി. ഈ അടുത്ത് Alice-Ann എന്ന വാക്കിന്റെ ദ്വയാർഥം ഉപയോഗിച്ച് ജാക്ക് എന്നൊരാളെഴുതിയ നർമ കവിത വായിക്കാനിടയായി.

On the frontier a cowboy's best gal
was called AliceAnn, ant not sal
The trick is, of couse,
That this friend was a horse
so an Alice could be a male pal

അങ്ങതിർത്തിൽ കൗബോയുടെ കൂട്ട്
സാൻ അല്ല ആലീസ് ആനാണ്.
അതാണ് വലിയ തമാശയും.
ആ സുഹൃത്തുണ്ടല്ലോ അതൊരു കുതിരയാണ്
അപ്പോൾ ചിലപ്പോൾ ആലീസ് ആണുമാവാം.

**വിവ: റൗഫ് റൂമി**

# 'തവഫ്ഫാ' എന്ന പദവും കുറേ മൗലവിമാരും

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

ഈസാ നബി (അ) മരണം സ്ഥിരീകരിക്കുന്നതിനാധാരമായ തവഫ്ഫാ എന്ന പദത്തിന്ന് നിഘണ്ടുക്കളിലും ഖുർആൻ പരിഭാഷകളിലും കൊടുത്തിട്ടുള്ള അർഥത്തെ അടിസ്ഥാനമാക്കി ലേഖകൻ ഈസാ നബി(അ) ന്റെ വഫാത്ത് അനിഷേധ്യമാം വിധം സമർഥിക്കുന്നു

**വഫ്ഫാ, തവഫ്ഫാ** - ഒരു പദമാണെന്ന് തോന്നാവുന്ന രണ്ട് അറബിപദങ്ങളാണിത്. അർഥം നോക്കുമ്പോൾ പരസ്പരം ഒരു ബന്ധവുമില്ലാത്ത പദങ്ങളാണിവയെന്ന് മനസ്സിലാക്കാൻ ഒരു പ്രയാസവുമുണ്ടാകുകയില്ല. ആദ്യം രണ്ട് പദങ്ങളുടെയും അടിസ്ഥാന വേര് അഥവാ റൂട്ട് എന്താണെന്ന് പരിശോധിക്കാം. **'വഫ്ഫാ'** എന്ന പദം നിഷ്പന്നമായിട്ടുള്ളത് **വഫാഉൻ** എന്ന പദത്തിൽനിന്നാണ്. ഇതിന്റെ അർഥം അറബിമലയാള നിഘണ്ടുക്കളിൽ എന്താണ് കൊടുത്തിരിക്കുന്നതെന്ന് നോക്കാം. ഏതു മലയാളിക്കും പെട്ടെന്ന് നോക്കാവുന്നതും സംശയം ദൂരീകരിക്കാവുന്നതുമായതുകൊണ്ടാണ് ഇവിടെ അറബി മലയാള നിഘണ്ടുക്കളിൽനിന്ന് അർഥം എടുത്തു കൊടുക്കുന്നത്. സാധാരണക്കാരന് സുപരിചിതമല്ലാത്ത നിഘണ്ടുക്കളിലെ അർഥങ്ങൾ പറഞ്ഞ് അവരെ പ്രയാസത്തിലാക്കാൻ ഉദ്ദേശിക്കുന്നില്ല. അശ്റഫീ ബുക്സെന്റർ തിരൂരങ്ങാടി മലപ്പുറം 2006 -ൽ പ്രസിദ്ധീകരിച്ച, അബുൽകലാം ഫൈസി തയ്യാറാക്കിയിട്ടുള്ള അറബി മലയാള നിഘണ്ടുവാണ് **അൽമുഉ്ജമു അൽവാഫീ**. അതിൽ **വഫാഉൻ** എന്ന പദത്തിന് കൊടുത്തിട്ടുള്ള അർഥങ്ങൾ ഇപ്രകാരമാണ്. **വഫാഉൻ** - വിശ്വാസ്യത, ആത്മാർഥത, പൂർത്തീകരണം, വാഗ്ദാനപൂർത്തീകരണം, നടപ്പിലാക്കൽ, കൊടുത്തുവീട്ടൽ.**വഫ്ഫ- വഫാഉൻ**= നിറവേറ്റുക, സൂക്ഷിക്കുക, പൂർത്തീകരിക്കുക, വീട്ടുക, നീളുക, പൂർത്തിയാവുക, നിർവഹിക്കുക നടപ്പാക്കുക, ചെയ്യുക, കൊടുത്തുതീർക്കുക, തൃപ്തിയാക്കുക, ഉത്തരം നല്കുക, മതിയാക്കുക, കിടപിടിക്കുക, തുലനം ചെയ്യുക (പേ:1209).

മൗലവി മുഹമ്മദ് അബുസ്സലാഹ് ബാഖവിയും (റിട്ട. പ്രിൻസിപ്പാൾ R.U.A കോളേജ്) പ്രൊഫസർ വി. മുഹമ്മദ് എം. എയും ചേർന്ന് തയ്യാറാക്കുകയും അൽഅമാൻ കിതാബ് ഭവൻ വൈലത്തൂർ തിരൂർ 1973-ൽ (1994-ൽ പ്രസിദ്ധീകരിച്ച ആറാമത്തെ പതിപ്പാണ് ഞാൻ ഉപയോഗിക്കുന്നത്) പ്രസിദ്ധീകരിക്കുകയും ചെയ്ത അറബി-മലയാളം നിഘണ്ടുവാണ് **അൽമൻഹൽ**. അതിൽ **'വഫാഉൻ'** എന്ന പദത്തിന് കൊടുത്തിട്ടുള്ള അർഥം ഇപ്രകാരമാണ്.**വഫാഉൻ-** 1. പ്രതിവിധി ചെയ്യുക. 2. പ്രായമെത്തുക, പ്രായപൂർത്തിയാവുക, ജീവിതത്തിന്റെ ദൈർഘ്യം.**വഫ്ഫാ- വഫാ- ഔഫാ**= 1. നിറവേറ്റുക വാഗ്ദത്തം. 2. വീട്ടുക കടം 1. നീളുക 2. പൂർത്തിയാവുക (ചിറകിന്റെ തൂവൽ)

ഇനി നമുക്ക് **'തവഫ്ഫാ'** എന്ന പദത്തിന്റെ അടിസ്ഥാന വേര്, അഥവാ റൂട്ട് എന്താണെന്ന് നോക്കാം. **തവഫ്ഫാ** എന്ന പദം നിഷ്പന്നമായിട്ടുള്ളത് **'വഫാതുൻ'** എന്ന പദത്തിൽനിന്നാണ്. **'വഫാത്'** എന്ന പദത്തിന് അബുൽകലാം ഫൈസി തന്റെ അറബി മലയാളം നിഘണ്ടുവിൽ ഇങ്ങനെ അർഥം കൊടുത്തിരിക്കുന്നു.**വഫാതുൻ**= മരണം. (പേ:1209). ഈ പദത്തിന് മറ്റൊരു അർഥവും അദ്ദേഹം കൊടുത്തുകാണുന്നില്ല. **തവഫ്ഫാ** എന്ന പദവും അദ്ദേഹം കൊടുത്തു കാണുന്നില്ല. ഒരുപക്ഷേ, **തവഫ്ഫാ** എന്ന പദത്തിന് അൽമൻഹൽകാർ എഴുതിയപോലെ മരിപ്പിക്കുക (ദൈവം-ആളെ) എന്ന് എഴുതേണ്ടി വരുമല്ലോ എന്ന വിഷമം കൊണ്ടാകാം അതെഴുതാതിരുന്നത്. ഇനി 'അൽമൻഹൽ' എന്ന നിഘണ്ടുവിൽ മൗലവി മുഹമ്മദ് അബുസ്സലാഹ് ബാഖവിയും, പ്രൊഫസർ വി. മുഹമ്മദ് എം. എയും കൂടിയാലോചിച്ച് **'വഫാതുൻ'** എന്ന പദത്തിന് കൊടുത്ത അർഥം എന്താണെന്ന് നമുക്ക് നോക്കാം. **വഫാത്ത്** (ബഹു) **വഫയാത്** = മരണം. **തവഫ്ഫാ**= മരിപ്പിക്കുക (ദൈവം-ആളെ). **തുവുഫ്ഫിയ** = മരിക്കുക (പേജ്: 799). ഇതല്ലാതെ മറ്റൊരു അർഥവും അൽമൻഹൽ എന്ന നിഘണ്ടുവിൽ അതിന്റെ രചയിതാക്കളും കൊടുത്തുകാണുന്നില്ല.

പണ്ഡിതന്മാർക്കുവേണ്ടി അതിന്റെ അബ്വാബുകളിൽ (തൂക്കപ്പട്ടിക) രണ്ട് അബ്വാബുകൂടി എഴുതുകയാണ്. **'ഥലാഥീ മസീദ് ഫീഹി'**ക്ക് പന്ത്രണ്ട് അബ്വാബുകളുണ്ട്. അതിലെ രണ്ടെണ്ണം ഇപ്രകാരമാണ്.

**വഫ്ഫാ- യുവഫ്ഫീ-തൗഫിയ്യത്തൻ** റൂട്ട് **വഫാഅ്, ബാബ് തഫ്ഈൽ.**

**തവഫ്ഫാ- യതവഫ്ഫാ- തവഫ്ഫിയൻ** റൂട്ട് **വഫാത്ത്, ബാബ് തഫഉ്ഉൽ.**

ഇപ്രകാരംതന്നെ ഒരു പദമാണെന്ന് തോന്നാവുന്ന വേറെയും പദങ്ങളുണ്ട്. ഉദാഹണത്തിന്, **ഹയാഉൻ-** നാണം, ലജ്ജ എന്നാണർത്ഥം. എന്നാൽ, **ഹയാത്തുൻ** എന്ന പദത്തിന് ജീവിതം, ജീവൻ, ചൈതന്യം, ഉണർവ്, പ്രാണൻ, ജീവരക്തം, പ്രയോജനം എന്നൊക്കെയാണ് അർഥമുള്ളത്. ഖുർആനിൽ ഈ പദം ഇങ്ങനെ ഉപയോഗിച്ചിട്ടുണ്ട്. **ഇന്നല്ലാഹ ലാ യസ്തഹ്ഈ അൻയ്യള്രിബ മഥലാ.** (2:27) നിശ്ചയമായും അല്ലാഹു ഏതൊരു ഉപമ പ്രയോഗിക്കുന്നതിനും ലജ്ജിക്കുന്നില്ല (ഹയാ കാണിക്കുന്നില്ല). ഇതിന്റെ റൂട്ട്പദം **ഹയാഉൻ** ആകുന്നു.ഇതേ സൂറത്തിലെ 50-ാം വചനത്തിൽ പറയുന്നു: **യുദബ്ബിഹൂന അബ്നാഅക്കും വയസ്തഹ്യൂന നിസാഅക്കും.** നിങ്ങ

ളുടെ ആൺകുഞ്ഞുങ്ങളെ കൂട്ടക്കൊല ചെയ്യുകയും നിങ്ങളുടെ സ്ത്രീകളെ ജീവനോടെ (ഹയാത്തോടെ) വിടുകയും.ഇവിടെ 27-ാം വചനത്തിലെ **'യസ്തഹ്‌യീ'** എന്ന പദവും 50-ാം വചനത്തിലെ **'യസ്തഹ്‌യൂന'** എന്ന പദവും ഒരേ പദത്തിൽനിന്ന് നിഷ്പന്നമാണെന്ന് ബാഹ്യത്തിൽ തോന്നിയേക്കാം. എന്നാൽ, അവ രണ്ടും രണ്ട് പദങ്ങളാണ്. ഒന്നിന്റെ റൂട്ട്പദം **ഹയാ** (ലജ്ജ) യും മറ്റേതിന്റെ റൂട്ട്പദം **ഹയാതും**(ജീവൻ) ആണ്. **'വഫാഉൻ'** എന്ന പദത്തിൽനിന്ന് നിഷ്പന്നമായ **'വഫ്ഫാ'**യും **'വഫാതുൻ'** എന്ന പദത്തിൽനിന്ന് നിഷ്പന്നമായ **'തവഫ്ഫാ'യും** അങ്ങോട്ടും ഇങ്ങോട്ടും കൂട്ടിക്കലർത്തി വികലമാക്കിയിട്ടാണ് ഈസാ(അ) മരിച്ചിട്ടില്ല, മരിക്കാതെ ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന് വരുത്തിത്തീർക്കാൻ മൗലവിമാർ ശ്രമിക്കുന്നത്. തങ്ങളുടെ **'തന്ത്രം'** സാധാരണക്കാരന് മനസ്സിലാകുകയില്ലെന്ന് അവർക്ക് നന്നായിട്ടറിയുകയും ചെയ്യാം.

വിശുദ്ധഖുർആനിൽ **തവഫ്ഫാ** എന്ന പദം 25 സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ രണ്ട് സ്ഥലങ്ങളിൽ മാത്രമാണ് ഈസാനബിക്കുവേണ്ടി ഈ പദം പ്രയുക്തമായിട്ടുള്ളത്. 6 മൗലവിമാർ ഈ 23 സ്ഥലങ്ങളിൽ കൊടുത്തിരിക്കുന്ന അർഥങ്ങളും, ഈസാനബിക്കുവേണ്ടി പ്രയുക്തമായിട്ടുള്ള രണ്ട് സ്ഥലങ്ങളിൽ ഇതേ മൗലവിമാർതന്നെ കൊടുത്ത അർഥങ്ങളും, സാധാരണക്കാരന് പെട്ടെന്ന് കാര്യം ഗ്രഹിക്കത്തക്കവിധം വെവ്വേറെ ചാർട്ടു രൂപത്തിൽ കൊടുത്തിരിക്കുന്നത് ഒത്തുനോക്കി വിലയിരുത്തുക.


1. മുട്ടാണിശ്ശേരിൽ എം. കോയക്കുട്ടി, പരിശുദ്ധഖുർആൻ (അറബിക് ടെക്സ്റ്റോടുകൂടിയ മലയാള പരിഭാഷ, മോറൽ ബുക്സ്, കോട്ടയം, 1986)
2. സി.എൻ. അഹ്മദ് മൗലവി, വിശുദ്ധഖുർആൻ പരിഭാഷയും വ്യാഖ്യാനവും, നാഷണൽ ബുക്സ്, കോട്ടയം, 1973
3. അബുൽ അഅ്ലാ മൗദൂദി, ഖുർആൻഭാഷ്യം, വിവ: ടി.കെ. ഉബൈദ്, ഐ.പി.എച്ച്. കോഴിക്കോട് 1988
4. അബ്ദുൽ ഗഫ്ഫാർ മൗലവി അൽകൗസരി, ഖുർആൻ, ഡി.സി. ബുക്സ്, കോട്ടയം, 1997
5. മുഹമ്മദ് അമാനീ മൗലവി, തഫ്സീറുൽ ഖുർആൻ വിശുദ്ധഖുർആൻ വിവരണം, കെ.എൻ.എം. കോഴിക്കോട് 1996
6. വിശുദ്ധഖുർആൻ സമ്പൂർണ മലയാള പരിഭാഷ. ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, പറപ്പൂർ കുഞ്ഞുമുഹമ്മദ് മദനി. മലിക് ഫഹ്ദ് ഖുർആൻ പ്രിന്റിംഗ് പ്രസ്സ്, അൽമദീന


| | അധ്യായം | പ്രതിപാദ്യവാക്യം | മുകളിലെ ക്രമപ്രകാരം വിവിധ വിവർത്തകന്മാർ നല്കിയ അർഥം |
|---|---|---|---|
| 1 | 2:234 | വല്ലദീന യുതവഫ്ഫൗന മിൻകും | 1. നിങ്ങളിൽനിന്ന് മരണപ്പെടുകയും (പേജ്: 53)<br>2. തങ്ങളുടെ ഭാര്യമാരെ വിട്ടുംകൊണ്ട് മരിച്ചുപോയാൽ (വാള്യം 2, പേജ്: 265)<br>3. നിങ്ങളിൽനിന്ന് മരിച്ചുപോകുന്നവരുടെ ശേഷിച്ചിരിക്കുന്ന ഭാര്യമാർ (പേജ്: 54)<br>4. നിങ്ങളിൽ ആരെങ്കിലും ഭാര്യമാരെ വിട്ടു മരിച്ചുപോയാൽ (പേജ്: 811)<br>5. നിങ്ങളിൽനിന്ന് യാതൊരു കൂട്ടർ മരിക്കുകയും (വാള്യം 1, പേജ്: 377)<br>6. നിങ്ങളിൽ ആരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുകയാണെങ്കിൽ (പേജ്: 69) |
| 2 | 2: 240 | വല്ലദീന യുതവഫ്ഫൗന മിൻകും | 1. നിങ്ങളിൽനിന്ന് മരണപ്പെടുകയും (പേജ്:55)<br>2. നിങ്ങളിൽ വല്ലവരും മരിക്കുകയും (പേജ്:268)<br>3. നിങ്ങളിൽ ഭാര്യമാരെവിട്ടു മരിച്ചുപോകുന്നവർ (പേജ്:55)<br>4. നിങ്ങളിൽനിന്ന് ഭാര്യമാരെ വിട്ടുകൊണ്ട് മരിച്ചുപോകുന്നവർ(പേജ്:83)<br>5. നിങ്ങളിൽനിന്ന് യാതൊരു കൂട്ടർ മരിക്കുകയും (പേജ്:383)<br>6. നിങ്ങളിൽനിന്ന് ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുന്നവർ (പേജ്: 71) |
| 3 | 3: 193 | തവഫ്ഫനാ മഅൽ അബ്റാർ | 1. സച്ചരിതരുടെ കൂടെ ഞങ്ങളെ ജീവൻ എടുത്തുകൊള്ളേണമേ. (പേജ്:100)<br>2. പുണ്യാത്മാക്കളോടൊപ്പം (അവരുമായുള്ള ബന്ധത്തിൽ) ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ (പേജ്:385)<br>3. ഞങ്ങളെ നീ സജ്ജനങ്ങളോടൊപ്പം മരിപ്പിക്കേണമേ (പേജ്: 97)<br>4. പുണ്യവാന്മാരോടൊപ്പം ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ (പേജ്:124)<br>5. പുണ്യവാന്മാരുടെ കൂടെ ഞങ്ങളെ നീ മരിപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യേണമേ (പേജ്:603)<br>6. പുണ്യവാന്മാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ (പേജ്: 117) |
| 4 | 4:15 | ഹത്താ യതവഫ്ഫാഹുന്നൽ മൗതു | 1. മരണംവരെ എടുത്തുകൊള്ളുകയോ (പേജ്:105)<br>2. മരണം അവരുടെ ആയുസ്സ് അവസാനിപ്പിക്കുകയോ (പേജ്:399)<br>3. ആ സ്ത്രീകളെ മരണംവരെ (പേജ്:103)<br>4. മരണംവരേയോ (പേജ്:130)<br>5. മരണംവരെ അവരെ പൂർണമായെടുക്കുകയോ (പേജ്:636)<br>6. അവരെ മരണം ഏറ്റെടുക്കുകയോ (പേജ്:123) |
| 5 | 4:97 | ഇന്നല്ലദീന തവഫ്ഫാഹുമുൽ മലായിക്കത്തു | 1. തങ്ങളുടെ ആത്മാക്കളോടു തെറ്റു ചെയ്യുന്നവരായി (ക്കഴിയുന്നനിലയിൽ) ആരെ മലക്കുകൾ ജീവനെടുക്കുമോ (പേജ്:123)<br>2. മലക്കുകളുടെ കൈയ്ക്ക് മരണമടഞ്ഞവരോട് (പേജ്:445)<br>3. അവരുടെ ജീവൻ പിടിച്ചെടുക്കുമ്പോൾ (പേജ്:122)<br>4. ഏതൊരു കൂട്ടരെ മലക്കുകൾ മരണപ്പെടുത്തുന്നുവോ (പേജ്:151)<br>5. മലക്കുകൾ യാതൊരു കൂട്ടരെ (മരണപ്പെടുത്തി) പിടിച്ചെടുക്കുന്നുവോ (പേജ്:718)<br>6. സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ (പേജ്:140) |
| 6 | 6:60 | യതവഫ്ഫാക്കും ബില്ലയ്‌ലി | 1. അവനത്രെ നിശയിൽ നിങ്ങളെ മൃതപ്രായരാക്കുന്നത് (പേജ്:173)<br>2. രാത്രിയിൽ നിങ്ങളെ മരിപ്പിക്കുന്നത് (പേജ്:586)<br>3. നിശീഥിനിയിൽ നിങ്ങളുടെ ജീവനെ പിടിച്ചുവയ്ക്കുന്നത് അവനാകുന്നു (പേജ്:177)<br>4. അവൻ നിങ്ങളെ രാത്രിയിൽ പിടിക്കുന്നു (പേജ്:217)<br>5. അവനത്രെ, രാത്രിയിൽ നിങ്ങളെ (ഉറക്കിൽ) പിടിച്ചുവെക്കുന്നവൻ (പേജ്: 983)<br>6. അവനത്രെ, രാത്രിയിൽ (ഉറങ്ങുമ്പോൾ) നിങ്ങളെ പൂർണമായി ഏറ്റെടുക്കുന്നവൻ, (പേജ്: 193) |
| 7 | 6:61 | തവഫ്ഫതുഹു റുസുലുനാ | 1. നമ്മുടെ ദൂതന്മാർ അവനെ മരണപ്പെടുത്തുന്നു (പേജ്:173)<br>2. അങ്ങനെ നിങ്ങളിലാർക്കെങ്കിലും മരണം അടുത്താൽ നമ്മുടെ ദൂതന്മാർ അവന്റെ ആയുസ്സ് അവസാനിപ്പിക്കും (പേജ്:580)<br>3. അങ്ങനെ നിങ്ങളിൽ ഒരുവന് മരണം ആസന്നമായാൽ അവൻ നിയോഗിച്ച മാലാഖമാർ അയാളുടെ ജീവൻ പിടിച്ചെടുക്കുന്നു. (പേജ്:177)<br>4. മരണം ആഗതമായാൽ നമ്മുടെ ദൂതന്മാർ അവനെ പിടിക്കും (പേജ്:217)<br>5. നമ്മുടെ ദൂതന്മാർ അവനെ പിടിച്ചെടുക്കുന്നു (പേജ്:984)<br>6. അങ്ങനെ അവരിലൊരാൾക്ക് മരണം വന്നെത്തുമ്പോൾ നമ്മുടെ ദൂതന്മാർ (മലക്കുകൾ) അവനെ പൂർണമായി ഏറ്റെടുക്കുന്നു, (പേജ്:193) |
| 8 | 7:37 | യതവഫ്ഫൗനഹും | 1. ഒടുവിൽ അവരുടെ ജീവൻ എടുക്കുന്നതിന് അവരുടെ അടുത്ത് നമ്മുടെ ദൂതന്മാർ ചെല്ലുമ്പോൾ (പേജ്:199)<br>2. അവസാനം നമ്മുടെ ദൂതന്മാർ അവരുടെ ജീവിതം അവസാനിപ്പിക്കുന്നതിനു ചെല്ലുമ്പോൾ (പേജ്:650)<br>3. നാം നിയോഗിച്ച മലക്കുകൾ അവരുടെ ആത്മാവുകളെ പിടിച്ചെടുക്കുവാനെത്തുംവരെ (പേജ്:203)<br>4. അവരെ മരണപ്പെടുത്താനായി (പേജ്:249)<br>5. അവരെ പിടിച്ചെടുക്കുവാനായി (പേജ്:1089) |

| | | | |
|---|---|---|---|
| | | | 6. അവസാനം അവരെ മരിപ്പിക്കുവാനായി നമ്മുടെ ദൂത ന്മാർ (മലക്കുകൾ) അവരുടെ അടുത്ത് ചെല്ലുമ്പോൾ, (പേജ്: 220) |
| 9 | 7:126 | തവഫ്ഫനാ മുസ്ലിമീൻ | 1. അനുസരണത്തെ കൈക്കൊണ്ട (മുസ്ലിംകളായ) നില യിൽ ഞങ്ങളെ ജീവനെടുക്കേണമേ (പേജ്:212)<br>2. ഞങ്ങളെ (നിന്നോട്) അനുസരണയുള്ളവരാക്കിക്കൊ ണ്ടുതന്നെ മരിപ്പിക്കേണമേ (പേജ്:681)<br>3. ഞങ്ങളെ ഈ ലോകത്തുനിന്ന് ഉയർത്തുന്നത് ഞങ്ങൾ നിന്നോടു അനുസരണമുള്ളവരായ അവസ്ഥയിലായി രിക്കേണമേ (പേജ്:215)<br>4. ഞങ്ങളെ മുസ്ലിംകളായി മരിപ്പിക്കുകയും ചെയ്യേണമേ (പേജ്:266)<br>5. ഞങ്ങളെ 'മുസ്ലിം'കളായിക്കൊണ്ട് മരിപ്പിക്കുകയും ചെയ്യേണമേ (വാല്യം: 2, പേജ്:1135,)<br>6. ഞങ്ങളെ നീ മുസ്ലിംകളായിക്കൊണ്ട് മരിപ്പിക്കുകയും ചെയ്യേണമേ. (പേജ്: 235) |
| 10 | 8:50 | ഇദ് യതവഫ്ഫല്ലദീന | 1. മലക്കുകൾ (അവരുടെ) ജീവൻ എടുക്കുന്ന സന്ദർഭം (പേജ്:238)<br>2. മലക്കുകൾ കൊല്ലുന്ന സന്ദർഭം നീ കണ്ടിരുന്നെങ്കിൽ (പേജ്: 750)<br>3. മലക്കുകൾ ധിക്കാരികളുടെ ആത്മാവുകളെ പിടിച്ചെടു ക്കുന്ന രംഗം (പേജ്:237)<br>4. മരണപ്പെടുത്തുന്ന സന്ദർഭം (പേജ്: 294)<br>5. അവിശ്വസിച്ചവരെ മലക്കുകൾ പിടിച്ചെടുക്കുന്ന (മരണ പ്പെടുത്തുന്ന) സന്ദർഭം ( വാല്യം 2, പേജ്: 1247)<br>6. മലക്കുകൾ അവരെ മരിപ്പിക്കുന്ന സന്ദർഭം നീ കണ്ടിരു ന്നെങ്കിൽ, (പേജ്: 261) |
| 11 | 10:46 | ഔ നതവഫ്ഫയന്നക്ക | 1. അതിന് മുമ്പ് നിന്നെ നാം മരിപ്പിക്കുകയോ (പേജ്:279)<br>2. അല്ലെങ്കിൽ (അതു കാണിച്ചുതരുന്നതിന് മുമ്പുതന്നെ) നിന്റെ ജീവിതകാലം നാം അവസാനിപ്പിച്ചു (പേജ്:844)<br>3. അല്ലെങ്കിൽ താങ്കളെ അതിനു മുമ്പായി ഉയർത്തിയെന്നും വരാം (പേജ്:278)<br>4. നാം താങ്കളെ മരണപ്പെടുത്തുകയോ (പേജ്: 342)<br>5. നിന്നെ (നിന്റെ ആത്മാവിനെ) നാം പിടിച്ചെടുക്കുകയോ (വാല്യം 2, പേജ്:1410)<br>6. അല്ലെങ്കിൽ (അതിനുമുമ്പ്) നിന്നെ നാം മരിപ്പിക്കുകയോ (പേജ്: 301) |
| 12 | 10:104 | അല്ലദീ യതവഫ്ഫാക്കും | 1. നിങ്ങളുടെ ജീവനെടുക്കുന്നവനായ അല്ലാഹുവിനെ ഞാൻ ആരാധിക്കുന്നു. (പേജ്: 324)<br>2. നിങ്ങളെ മരിപ്പിക്കുന്നത് ആരാണോ അവനെയാണ് ഞാൻ ആരാധിക്കുന്നത് (പേജ്:863)<br>3. നിങ്ങളുടെ മൃത്യു ആരുടെ ഹസ്തത്തിലാണോ (പേ:286)<br>4. നിങ്ങളെ മരിപ്പിക്കുന്ന (പേജ്:353)<br>5. എങ്കിലും നിങ്ങളെ (മരണപ്പെടുത്തി) പിടിച്ചെടുക്കുന്നവനായ (വാല്യം 2,പേജ്:1439)<br>6. നിങ്ങളെ മരിപ്പിക്കുന്നവനായ അല്ലാഹുവെ ഞാൻ ആരാ ധിക്കുന്നു. (പേജ്: 310) |
| 13 | 12:101 | തവഫ്ഫനീമുസ്ലിമൻ | 1. അനുസരണത്തെ കൈക്കൊണ്ട (മുസ്ലിം) ആയിട്ട് എന്നെ നീ (ജീവൻ) എടുത്തുകൊള്ളേണമേ (പേജ്:324)<br>2. നിന്നോട് അനുസരണമുള്ളവനായിത്തന്നെ എന്നെ മരിപ്പി ക്കുകയും (പേജ്:945)<br>3. എന്നെ നീ മുസ്ലിമായി മരിപ്പിക്കേണമേ (പേജ്:322)<br>4. എന്നെ നീ മുസ്ലിമായി മരിപ്പിക്കേണമേ (പേജ്: 400) |

| | | | |
|---|---|---|---|
| | | | 5. എന്നെ നീ മുസ്‌ലിമായി മരിപ്പിക്കേണമേ (വാള്യം 2, പേജ്: 1570)<br>6. നീ എന്നെ മുസ്‌ലിമായി മരിപ്പിക്കുകയും (പേജ്:351) |
| 14 | 13:40 | ഔ നതവഫ്ഫയന്നക്ക | 1. (അതിനുമുമ്പ്) നിന്നെ നാം എടുത്തുകൊള്ളുകയോ (പേജ്:333)<br>2. അല്ലെങ്കിൽ അത് കാണിച്ചുതരും മുമ്പുതന്നെ നിന്റെ ആയുഷ്ക്കാലം അവസാനിപ്പിച്ചു (പേജ്:966)<br>3. നാം താങ്കളെ തിരിച്ചുവിളിച്ചെന്നും വരാം (പേജ്:333)<br>4. താങ്കളെ മരിപ്പിക്കുകയോ (പേജ്:411)<br>5. അല്ലെങ്കിൽ (അതിനുമുമ്പ്) നിന്നെ നാം പിടിച്ചെടുക്കുകയോ (പേജ്:1608)<br>6. അല്ലെങ്കിൽ (അതിനുമുമ്പ്) നിന്റെ ജീവിതം നാം അവസാനിപ്പിക്കുകയോ (പേജ്:361) |
| 15 | 16:28 | തത്തവഫ്ഫാഹുമുൽമലായിക്കത്തു | 1. യാതൊരുത്തരെ മലക്കുകൾ ജീവനെടുക്കുമോ (പേജ്: 355)<br>2. മലക്കുകൾ ആരെ മരിപ്പിച്ചിട്ടുണ്ടോ (പേജ്:1011)<br>3. മലക്കുകളുടെ കരങ്ങൾ പിടികൂടുമ്പോൾ (പേജ്:354)<br>4. മലക്കുകൾ അവരെ മരിപ്പിക്കുന്നു (പേജ്:438)<br>5. മലക്കുകൾ പൂർണമായി പിടിച്ചെടുക്കുന്നവർ (മരണപ്പെടുത്തുന്നവർ) (വാള്യം 3, പേജ്:1722)<br>6. മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവിതം അവസാനിപ്പിക്കുമോ (പേജ്: 385) |
| 16 | 16:32 | തത്തവഫ്ഫാഹുമുൽ മലായിക്കത്തു | 1. യാതൊരുത്തരെ മലക്കുകൾ ജീവനെടുക്കുന്നുവോ (പേജ്:355)<br>2. മലക്കുകൾ അവരെ മരിപ്പിക്കുന്നു (പേജ്: 1012)<br>3. മലക്കുകൾ പിടിച്ചെടുക്കുമ്പോൾ (പേജ്:355)<br>4. മലക്കുകൾ മരിപ്പിക്കുന്നവരാണവർ (പേജ്:438)<br>5. മലക്കുകൾ പൂർണ്ണമായി പിടിച്ചെടുക്കുന്ന (മരണപ്പെടുത്തുന്ന)വർക്ക് (വാള്യം 3, പേജ്:1723)<br>6. നല്ലവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവിതം അവസാനിപ്പിക്കുന്നുവോ (പേജ്:385) |
| 17 | 16:70 | സുമ്മ യതവഫ്ഫാക്കും | 1. പിന്നീടവൻ നിങ്ങളുടെ ജീവനെടുക്കുന്നു (പേജ്:361)<br>2. പിന്നീട് നിങ്ങളുടെ ആയുസ്സ് അവസാനിപ്പിക്കുന്നതും അവൻതന്നെ (പേജ്:1025)<br>3. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുന്നു (പേജ്:360)<br>4. ഇതിനുശേഷം നിങ്ങളെ മരിപ്പിക്കുകയും (പേജ്:445)<br>5. പിന്നീട് നിങ്ങളെ അവൻ മരണപ്പെടുത്തുന്നു (വാള്യം 3,പേജ് 1745)<br>6. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുന്നു (പേജ്:391) |
| 18 | 22:5 | വമിൻകുംമൻയ്യുത്തവഫ്ഫാ | 1. (പ്രായപൂർത്തിക്കുമുമ്പ്) മരണപ്പെടുന്ന ചിലർ നിങ്ങളിലുണ്ട് (പേജ്:458)<br>2. പിന്നീട് നിങ്ങളിൽ ചിലർ (വാർദ്ധക്യത്തിനു മുമ്പുതന്നെ) മരണമടയുന്നു (വാള്യം 2,പേജ്:1232)<br>3. നിങ്ങളിൽ ചിലർ നേരത്തെത്തന്നെ തിരിച്ചുവിളിക്കപ്പെടുന്നു (പേജ്: 439)<br>4. നിങ്ങളിൽ ചിലർ മരണമടയുന്നു (പേജ്:550)<br>5. നിങ്ങളിൽ (നേരത്തെ) മരണമടയുന്നവരുമുണ്ട് (വാള്യം 3, പേജ്:2099)<br>6. (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. (പേജ്:483) |
| 19 | 32:11 | ഖുൽ യതവഫ്ഫാക്കും | 1. മരണത്തിന്റെ മലക്ക് നിങ്ങളുടെ ജീവൻ എടുക്കുന്നതാണ് (പേജ്:617)<br>2. മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കും (വാള്യം 2, |

| | | | |
|---|---|---|---|
| | | | പേജ്:1489)<br>3. മരണത്തിന്റെ മലക്ക് നിങ്ങളെ പൂർണ്ണമായും തന്റെ പിടിയിലെടുക്കുന്നതാകുന്നു (പേജ്:539)<br>4. മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കും (പേജ്:693)<br>5. മരണത്തിന്റെ മലക്ക് നിങ്ങളെ പൂർണമായെടുക്കും (മരണപ്പെടുത്തും) (വാല്യം 3, പേജ്:2557)<br>6. നിങ്ങളുടെ കാര്യത്തിൽ ഏൽപ്പിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്. (പേജ്: 605) |
| 20 | 39:42 | അല്ലാഹു യതവഫ്ഫൽഅൻഫുസ ഹീന മൗതിഹാ വല്ലത്തീ ലം തമുത് ഫീ മനാമിഹാ | 1. അല്ലാഹു ആത്മാക്കളെ അവയുടെ മരണസമയത്ത് എടുക്കുന്നു (പേജ്:702)<br>2. ആത്മാവുകളുടെ മരണവേളയിൽ അവയെ പിടിച്ചടക്കുന്നത് അല്ലാഹുതന്നെയാണ് (വാല്യം 2, പേജ്:1651)<br>3. മൃത്യുവേളയിൽ ആത്മാക്കളെ പിടിയിലൊതുക്കുന്നതും (പേജ്:592)<br>4. ആത്മാവുകളെ അവയുടെ മരണവേളയിൽ പൂർണമായി പിടിച്ചെടുക്കുന്നു, മരണപ്പെടാത്തവയെ അവയുടെ ഉറക്കത്തിലും (പേജ്: 778)<br>5. (ജീവാത്മാക്കളുള്ള) ദേഹങ്ങളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി പിടിച്ചെടുക്കുന്നു. മരണപ്പെടാത്തവയെ അവയുടെ ഉറക്കിലും (വാല്യം 4,പേജ്:2844)<br>6. ആത്മാക്കളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി ഏറ്റെടുക്കുന്നു. (പേജ്:680) |
| 21 | 40:67 | വമിൻകുംമൻയ്യുതവഫ്ഫാ | 1. എന്നാൽ, അതിനുമുമ്പേ മരണപ്പെടുന്ന ചിലരും നിങ്ങളിലുണ്ട് (പേജ്: 721)<br>2. എന്നാൽ, നിങ്ങളിൽ ചിലർ അതിനുമുമ്പുതന്നെ മരണമടയുന്നു (വാല്യം 2, പേജ്:1680)<br>3. നിങ്ങളിൽ ചിലർ നേരത്തെതന്നെ തിരിച്ചുവിളിക്കപ്പെടുന്നു (പേജ്:605)<br>4. അതിനുമുമ്പ് മരണപ്പെട്ടുപോകുന്നവരും നിങ്ങളിലുണ്ട് (പേജ്: 797)<br>5. (അതിനു) മുമ്പേ കാലംതീർന്നു (മരണപ്പെട്ടു) പോകുന്നവരും നിങ്ങളിലുണ്ട് (വാല്യം 4, പേജ്: 2889)<br>6. നിങ്ങളിൽ ചിലർ മുമ്പേതന്നെ മരണമടയുന്നു. (പേജ്:696) |
| 22 | 40:77 | നതവഫ്ഫയന്നക്ക | 1. (അതിനുമുമ്പുതന്നെ) നിന്നെ നാം ജീവനെടുക്കുകയോ ചെയ്യുന്നുവെങ്കിൽ (പേജ്: 723)<br>2. അല്ലെങ്കിൽ (അത് അനുഭവപ്പെട്ട് കാണും മുമ്പുതന്നെ) നീ മരണമടഞ്ഞു (പേജ്:1683)<br>3. താങ്കളെ ഇഹത്തിൽനിന്ന് ഉയർത്തിയെന്നും വരാം (പേജ്:606)<br>4. താങ്കളെ നാം പിടിച്ചെടുത്തു (പേജ്: 798)<br>5. (അതിനു മുമ്പായി നിന്റെ കാലംകഴിച്ച്) നിന്നെ നാം പിടിച്ചെടുക്കുന്നതായാലും (വാല്യം 4, പേജ്: 2891)<br>6. (അതിനിടയ്ക്കുതന്നെ) നിന്നെ നാം മരിപ്പിക്കുന്നതായാലും (പേജ്:697) |
| 23 | 47:27 | ഫകയ്ഫ ഇദാ തവഫ്ഫത് ഹുമുൽമലായിക്കത്തു | 1. മലക്കുകൾ അവരുടെ ജീവനെടുക്കുമ്പോൾ (പേജ്:795)<br>2. മലക്കുകൾ ഇവരെ മരിപ്പിക്കുന്ന സന്ദർഭത്തിൽ (പേജ്: 1789)<br>3. മലക്കുകൾ ഇവരുടെ ആത്മാവുകളെ പിടികൂടുകയും (പേജ്: 653)<br>4. മലക്കുകൾ അവരെ മരണപ്പെടുത്തുമ്പോൾ (പേജ്: 857)<br>5. മലക്കുകൾ അവരെ പൂർണമായി പിടിച്ചെടുക്കുമ്പോൾ (വാല്യം 4, പേജ് 3045)<br>6. മലക്കുകൾ അവരെ മരിപ്പിക്കുന്ന സന്ദർഭത്തിൽ (പേജ്:749) |

'തവഫ്ഫാ' എന്ന പദം പ്രയുക്തമായിട്ടുള്ള വിശുദ്ധഖുർആനിലെ 23 സ്ഥലങ്ങളിൽ, പ്രഗല്ഭരായ 6 പണ്ഡിതന്മാർ നല്കിയ അർഥങ്ങളാണ് മേൽ ചാർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എല്ലാവരും മരണം, അല്ലെങ്കിൽ ആത്മാവിനെ പിടിക്കൽ എന്നർഥം നല്കിയിട്ടുള്ളതായി കാണാം. എന്നാൽ, മൗദൂദി സാഹിബ് രണ്ട് സ്ഥലങ്ങളിൽ (7:126, 10:46) ഉയർത്തുക എന്നും രണ്ട് സ്ഥലങ്ങളിൽ (13:40, 22:5) തിരിച്ചുവിളിക്കുക എന്നും അർഥം പറഞ്ഞിരിക്കുന്നു. ഒരുപക്ഷേ, ആ സ്ഥലങ്ങൾ തർജമ ചെയ്യുമ്പോൾ ഹദ്റത്ത് ഈസാ(അ)നെ അദ്ദേഹത്തിന് ഓർമ വന്നിട്ടുണ്ടാകും- എന്നാൽ ഈ നാല് സ്ഥലങ്ങളിലും നബി(സ) തിരുമേനിയും മുസ്‌ലിംകളും പൊതുമനുഷ്യരുമാണ് പ്രതിപാദിതരെന്ന് ഓർക്കുക. 10:46ലും 40:77ലും 13:40ലും ആണ് ഉയർത്തുക, തിരിച്ചുവിളിക്കുക എന്നർഥം മൗദൂദി സാഹിബ് കൊടുത്തിട്ടുള്ളത്. എന്തായാലും നബി (സ) തിരുമേനി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിട്ടില്ലെന്നും, ആകാശത്തേക്ക് തിരിച്ചുവിളിക്കപ്പെട്ടിട്ടില്ലെന്നും പ്രത്യുത ആ മഹാത്മാവ് മദീനയിലെ വിശുദ്ധ മണ്ണിൽ അന്ത്യവിശ്രമം കൊള്ളുന്നുവെന്നുമാണ് സർവ മാനമുസ്‌ലിംകളുടെയും വിശ്വാസം. അതുകൊണ്ട് മൗദൂദി സാഹിബിന്റെ അർഥം അംഗീകരിക്കാൻ നിർവാഹമില്ല. മറ്റു നാല് പണ്ഡിതന്മാർ കൊടുത്ത അർഥം അംഗീകരിക്കാനേ നിർവാഹമുള്ളൂ. 7:126-ൽ ഉയർത്തുക എന്ന പദം ഉപയോഗിച്ചിട്ടുള്ളത് മുസ്‌ലിംകളെ സംബന്ധിച്ചാണ്. ഒരു മുസ്‌ലിമും ഇന്നുവരെ ആകാശത്തേക്കു പോയിട്ടില്ല എന്നതും പച്ചപരമാർഥമാണല്ലോ.22:5ലും 40:67ലും പൊതുമനുഷ്യരെ സംബന്ധിച്ചാണ് 'തവഫ്ഫാ' എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. തിരിച്ചുവിളിക്കപ്പെടുക എന്നർഥമാണ് മൗദൂദി സാഹിബ് അതിന് കൊടുത്തിട്ടുള്ളത്. എങ്ങോട്ടാണ് തിരിച്ചുവിളിക്കപ്പെടുന്നത്, അല്ലാഹുവിലേക്കാണെങ്കിൽ എല്ലാവരും അങ്ങോട്ടുതന്നെയാണല്ലോ പോകുന്നത്. ആ പോക്കാണെങ്കിൽ മരണത്തിലൂടെയും! ഇവിടെയും മറ്റു നാല് പണ്ഡിതന്മാർ കൊടുത്തിട്ടുള്ള അർഥം തന്നെയാണ് ശരിയായിട്ടുള്ളത്. 25 സ്ഥലങ്ങളിലാണ് വിശുദ്ധഖുർആൻ 'തവഫ്ഫാ' എന്ന പദം പ്രയോഗിച്ചിട്ടുള്ളത്. അതിൽ രണ്ട് സ്ഥലത്താണ് ഈസാ നബി (അ) യെ സംബന്ധിച്ച് പറയുന്നത്. 23 സ്ഥലങ്ങളിൽ എല്ലാ പണ്ഡിതന്മാരും മരണം, ജീവനെ പിടിക്കൽ എന്നർഥം കൊടുക്കുമ്പോൾ, ഈസാനബി(അ)യെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള രണ്ടിടത്ത് പ്രസ്തുത ആറ് പണ്ഡിതന്മാർ കൊടുത്ത അർഥം പരിശോധിക്കുക; ഈസാനബി(അ)യെ ജീവിപ്പിച്ചിരുത്താൻപെടുന്ന ബദ്ധപ്പാടും അവരുടെ കള്ളക്കളിയും സ്പഷ്ടമായും മനസ്സിലാകുന്നതാണ്.

| | | |
|---|---|---|
| 3:55 | ഇന്നീ മുതവഫ്ഫീക്ക വറാഫിഉക്ക | 1. അല്ലയോ ഈസാ! തീർച്ചയായും ഞാൻ നിന്നെ എടുത്തുകൊള്ളുകയും, (81-ാം നമ്പർ കുറിപ്പിൽ പറയുന്നു, കൈക്കൊള്ളുകയും) എങ്കലേക്ക് നിന്നെ ഉയർത്തുകയും (3:55, പേജ്:77)<br>2. "ഓ ഈസാ! (നിന്റെ ജീവനെ അപകടപ്പെടുത്തുവാൻ ജൂതന്മാർക്ക് ഒരിക്കലും ഞാൻ അവസരം നല്കുകയില്ല. നിന്റെ ആയുഷ്ക്കാലം) നിനക്ക് ഞാൻ പൂർത്തിയാക്കിത്തരികയും എന്റെയടുക്കലേക്ക് നിന്നെ ഞാൻ ഉയർത്തുകയും (പേ:329)<br>3. 'ഓ ഈസാ, ഇപ്പോൾ ഞാൻ താങ്കളെ മടക്കി വിളിക്കുന്നതും" എന്നിലേക്ക് ഉയർത്തുന്നതുമാകുന്നു (പേ:77)<br>4. 'ഓ ഈസാ, തീർച്ചയായും താങ്കളെ ഞാൻ പിടിക്കുകയും എന്റെയടുത്തേക്ക് ഉയർത്തുകയും (പേ:93)<br>5. ഈസാ നിശ്ചയമായും,നിന്നെ ഞാൻ പൂർണമായി പിടിച്ചെടുക്കുകയും, നിന്നെ എന്റെയടുക്കലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ് (വാള്യം 1, പേജ് 503)<br>6. ഹേ; ഈസാ, തീർച്ചയായും നിന്നെ നാം പൂർണമായി ഏറ്റെടുക്കുകയും, എന്റെയടുക്കലേക്ക് നിന്നെ ഉയർത്തുകയും (പേ:94) |
| 5:117 | ഫലമ്മാ തവഫ്ഫയ്തനീ | 1. ഞാൻ അവരു(ടെഇട)യിൽ **ഉണ്ടായിരുന്നിടത്തോളം (കാലം)** അവരുടെമേൽ ഞാൻ സാക്ഷിയായിരുന്നു. എന്നാൽ, എന്നെ നീ (നിങ്കലേയ്ക്ക്) എടുത്തപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ ആയിരുന്നു. (5:117, പേ:163)<br>2. **അവർക്കിടയിൽ ഞാനുണ്ടായിരുന്ന കാലത്തോളം** അവരുടെ സ്ഥിതിഗതികളെല്ലാം ഞാൻ നോക്കിക്കൊണ്ടിരുന്നു. പിന്നീട് നീ എന്റെ (ആയുഷ്ക്കാലം) പൂർത്തിയാക്കിയപ്പോൾ അവരുടെ കാര്യങ്ങളെല്ലാം ഉറ്റുനോക്കിക്കൊണ്ടിരുന്നത് നീ തന്നെയാണ് (പേ:562)<br>3. "**ഞാൻ അവരിൽ ഉണ്ടായിരുന്ന കാലത്തോളം** അക്കാര്യത്തിൽ ഞാൻ അവരുടെ നിരീക്ഷകനുമായിരുന്നു. നീ എന്നെ തിരിച്ചുവിളിച്ചപ്പോഴോ അവരുടെ നിരീക്ഷകൻ നീ തന്നെ ആയിരുന്നുവല്ലോ (പേ:166)<br>4. **അവരോടൊപ്പം ഉണ്ടായിരുന്നപ്പോഴെല്ലാം** ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. അങ്ങനെ നീ എന്നെ വേർപി |

| | | |
|---|---|---|
| | | രിച്ചപ്പോൾ അവരുടെമേൽനോട്ടക്കാരൻ നീ തന്നെയായി ത്തീർന്നു. (പേ:204)<br>5. "**ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോഴൊക്കെ** ഞാൻ അവരുടെമേൽ(നോട്ടം ചെയ്യുന്ന) സാക്ഷിയായിരുന്നു. അങ്ങനെ നീ എന്നെ പൂർണമായെടുത്തപ്പോൾ, അവരുടെ മേൽനോട്ടം വഹിക്കുന്നവൻ നീ തന്നെയായിരുന്നു. (പേ:948)<br>6. **ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ** ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. പിന്നീട് നീ എന്നെ പൂർണമായി എടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. (പേ:182) |

സൂറഃ ആലുഇംറാനിലെ 55-ാം വചനത്തിലെ 'മുതവഫ്ഫീക്ക' എന്നതിന്, (1) ഞാൻ നിന്നെ എടുത്തുകൊള്ളുകയും (2) നിന്റെ ആയുഷ്ക്കാലം നിനക്കു ഞാൻ പൂർത്തിയാക്കിത്തരികയും (3) ഞാൻ താങ്കളെ മടക്കിവിളിക്കുന്നതും (4) താങ്കളെ ഞാൻ പിടിക്കുകയും (5) നിന്നെ ഞാൻ പൂർണമായി പിടിച്ചെടക്കുകയും (6) തീർച്ചയായും നിന്നെ നാം പൂർണമായും ഏറ്റെടുക്കുകയും എന്നൊക്കെ അർഥം കൊടുക്കുന്നു. 'മടക്കി വിളിക്കുക' എന്ന് അർഥം കൊടുത്തിട്ടുള്ള മൗദൂദി സാഹിബ് പോരാത്തതിന് 16-ാം നമ്പറായി ഒരു കുറിപ്പും കൊടുത്തിട്ടുണ്ട്. അതിപ്രകാരമാണ്, "മൂലത്തിൽ ഉപയോഗിച്ചിട്ടുള്ളത് **മുതവഫ്ഫീക്ക** എന്ന വാക്കാണ്. എടുക്കുക, വസൂലാക്കുക എന്നൊക്കെയാണ് തവഫ്ഫായുടെ മൂലാർഥം. ജീവൻ പിടിച്ചെടുക്കുക എന്നത് ഈ പദത്തിന്റെ ആലങ്കാരികാർത്ഥമാണ്, പദാർത്ഥമല്ല (പേ:80). ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) '**മുതവഫ്ഫീക്ക**' എന്നതിന് '**മുമീതുക**' (നിന്നെ ഞാൻ മരിപ്പിക്കുകയും) എന്നർഥമാണ് കൊടുത്തിട്ടുള്ളത് (ബുഖാരി, കിതാബുത്തഫ്സീർ)എന്ന കാര്യം ചിന്താർഹമാണ്.വാസ്തവത്തിൽ **തവഫ്ഫാ** എന്ന പദം അല്ലാഹു **ഫാഇലും** (കർത്താവ്) ആത്മാവുള്ളവർ **മഫ്ഊലും** (കർമം) ആയി വരികയും **ലയ്ലിന്റെയും നൗമിന്റെയും ഖരീനത്ത്** ഇല്ലാതെ വരികയും ബാബ് തഫഉ്ഉലിൽ ഈ പദം പ്രയുക്തമാവുകയും ചെയ്താൽ അവിടെ മരിപ്പിക്കുക എന്ന അർഥം മാത്രമേ വരികയുള്ളൂ. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ അല്ലാഹു കർത്താവും മനുഷ്യൻ കർമവുമായി വരികയും **തവഫ്ഫാ** എന്ന പദം പ്രയുക്തമാവുകയും ചെയ്താൽ അവിടെ ശരീരത്തിൽനിന്ന് ആത്മാവിനെ വേർപിരിക്കുക എന്ന അർഥമേ ലഭിക്കുകയുള്ളൂ.

**ഫലമ്മാ തവഫ്ഫയ്ത്തനീ** എന്ന സൂറഃ മാഇദായിലെ വാക്യത്തിന് ഇവർ കൊടുത്ത അർഥങ്ങൾ ശ്രദ്ധിക്കുക.

1. "എന്നെ നീ (നിങ്കലേയ്ക്ക്) എടുത്തപ്പോൾ (2) നീ എന്റെ (ആയുഷ്ക്കാലം) പൂർത്തിയാക്കിയപ്പോൾ (3) നീ എന്നെ തിരിച്ചുവിളിച്ചപ്പോൾ (4) നീ എന്നെ വേർപിരിച്ചപ്പോൾ (5) അങ്ങനെ നീ എന്നെ പൂർണമായെടുത്തപ്പോൾ. (6) പിന്നീട് നീ എന്നെ പൂർണമായി എടുത്തപ്പോൾ".ഇവിടെ അല്ലാഹു ഈസാനബിയെ എടുത്തു എന്ന് പറഞ്ഞാലും, അദ്ദേഹത്തിന്റെ ആയുഷ്ക്കാലം പൂർത്തിയാക്കി എന്നു പറഞ്ഞാലും, അദ്ദേഹത്തെ തിരിച്ചു വിളിച്ചു എന്നു പറഞ്ഞാലും, വേർപിരിച്ചു എന്നു പറഞ്ഞാലും പൂർണമായി എടുത്തു എന്നു പറഞ്ഞാലും മരിപ്പിച്ചുകൊണ്ടാണ് അതെല്ലാം ചെയ്തിരിക്കുന്നതെന്നല്ലാതെ എന്താണ് നാം മനസ്സിലാക്കേണ്ടത്? നീ എന്നെ മരിപ്പിച്ചപ്പോൾ എന്ന് നേരെ അർഥം വെച്ചാൽ ഏതു കുട്ടിയും കാര്യം പെട്ടെന്ന് മനസ്സിലാക്കിക്കളയും എന്നതുകൊണ്ടാണ് ഈ പണ്ഡിതന്മാർ വക്രതയോടെ പ്രവർത്തിച്ചിരിക്കുന്നത്. എന്തായാലും ഇവർക്ക് ഇവിടേയും പിടിച്ചു നില്ക്കാൻ പറ്റില്ല. കാരണം 'ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളം കാലം അവരുടെമേൽ ഞാൻ സാക്ഷിയായിരുന്നു (**വ കൻതു അലയ്ഹിം ശഹീദൻമ്മാ ദുംതു ഫീഹിം**) എന്ന് തൊട്ടുമുമ്പേ പറഞ്ഞിട്ടുളളതുകൊണ്ട് അദ്ദേഹം ഇനി ഇങ്ങോട്ടു വരികയില്ലെന്ന് ഖണ്ഡിതമായി പറയുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെയാണ് സി എൻ അഹ്മദ് മൗലവിയുടെ പ്രസ്താവം ശ്രദ്ധേയമാകുന്നത്! സി.എൻ. അഹ്മദ് മൗലവി 'നീ എന്റെ (ആയുഷ്ക്കാലം) പൂർത്തിയാക്കിയപ്പോൾ' എന്ന അർഥം ഖുർആൻ വചനത്തിന് നല്കിയിട്ടുണ്ടെങ്കിലും, 'ശ്രദ്ധേയമായ രംഗം' എന്നു പറഞ്ഞുകൊണ്ട് ഒരു അടിക്കുറിപ്പ് നല്കിയിരിക്കുന്നു. അതിപ്രകാരമാണ്.

' ഈസാ (അ) യുടെ അറിവോടും, അനുമതിയോടും കൂടിയല്ല, അദ്ദേഹത്തിന്റെ പിൻഗാമികൾ ചില പിഴച്ച വിശ്വാസാചാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് ഈ ചോദ്യോത്തരങ്ങൾ വ്യക്തമാക്കുന്നു. തന്നെയും തന്റെ മാതാവിനേയും ദൈവങ്ങളാക്കി പൂജിക്കുവാൻ ഒരിക്കലും താൻ ഉപദേശിച്ചിട്ടില്ലെന്ന് ഈസാനബി ഒഴിഞ്ഞുപറയുമെന്ന് ഈ വാക്യം സ്പഷ്ടമാക്കുന്നു. **ശ്രദ്ധേയമായ ഒരു രംഗമാണിത്.** ഈസാനബി ഈ ലോകം വിട്ടു പോയശേഷം അദ്ദേഹത്തിന്റെ അനുയായികൾ മതത്തിന്റെ പേരിൽ ഇവിടെ നടപ്പിൽ വരുത്തിയ അന്ധവിശ്വാസങ്ങളേയോ, ദുരാചാരങ്ങളേയോ കുറിച്ച് **പരലോകത്ത് ദൈവസന്നിധിയിൽ ഹാജരാകുംവരേക്കും** അദ്ദേഹത്തിന് യാതൊരറിവും ഉണ്ടായിരിക്കുകയില്ലെന്ന് ഈ ഖുർആൻവാക്യം സ്പഷ്ടമാക്കുന്നു. **അന്ത്യനാളുകളിൽ ഈസാനബി ഇങ്ങോട്ടു തിരിച്ചു വരികയും ക്രിസ്ത്യാനികൾ വരുത്തിയ ദുരാചാരങ്ങളെല്ലാം തല്ലിത്തകർക്കുകയും ചെയ്യുമെന്നാണല്ലോ മുസ്ലിംകൾ പൊതുവിൽ വിശ്വസിക്കുന്നത്. ആ വിശ്വാസം തെറ്റെന്ന് ഈ വാക്യം സംശയരഹിതമായി ഉൽബോധിപ്പിക്കുന്നു.** ഈസാനബി ഇവിടെവന്ന് ആ ദുരാചാരങ്ങളും, അന്ധവിശ്വാസങ്ങളുമെല്ലാം തല്ലിത്തകർത്തിട്ടാണ് പരലോകത്ത് ദൈവസന്നിധിയിൽ അങ്ങനെ മൊഴികൊടുക്കുകയെങ്കിൽ, **അതൊരു കളള പ്രസ്താവനയായിപ്പോകുമല്ലോ.** അതുകൊണ്ടാണ് ഇതൊരു ശ്രദ്ധേയരംഗമാണെന്ന് ഉണർത്തിയത്" (562,563). (തുടരും)




# ഖാദിയാൻ:
## വിണ്ണിന്റെ വിശുദ്ധിയുള്ള മണ്ണിലെ ദേശം

ബി. മൻസൂർ ,കോഴിക്കോട്.

വാഗ്ദത്ത മസീഹിന്റെ ജന്മദേശമായ ഖാദിയാൻ സ്വർഗീയാനുഭൂതികൾ പകരുന്ന ഒരു ദിവ്യ പരിസരമാണ്.

**ഖാ**ദിയാൻ, ആ ചതുരാക്ഷരിയു ടെ ശബ്ദ ശ്രുതി പോലും ഒരഹ്മദിയുടെ ആത്മീയ ചേതനയെ പുളകിതമാക്കുന്നു. ഇസ് ലാമിന് അതിഗംഭീരമായ വിജയങ്ങൾ സമ്മാനി ക്കുന്ന മസീഹ് എന്ന മത ലോകത്തെ പരിഷ്ക്കർ ത്താവിനെ പറ്റിയുള്ള പാവന സങ്കൽപ്പങ്ങൾ മുസ്ലിം ജനകോടികൾ നൂറ്റാണ്ടുകളായി താലോ ലിച്ചു വന്നിരുന്നതാണ്. സൂഫികളും സിദ്ധന്മാരും ആ അനുഗൃഹീത പുരു ഷനെ കൺപാർക്കാൻ അല്ലാഹുവിന്റെ തിരുമുമ്പിൽ പ്രണമിച്ച് കണ്ണീരൊഴുക്കി. പ്രതീക്ഷയുടെ നിറം പിടി പ്പിച്ച മുസ്ലിംകളുടെ തീവ്രഭാവനകൾ കാരണം വാനലോ കത്തുനിന്നും ദിവ്യ സിദ്ധികളുമായി അവരോഹി യാവേണ്ട അദ്ഭുത പുരുഷനാണ് മസീഹ് എന്ന മിഥ്യാ വിശ്വാസത്തിലേക്ക് അത് വഴി മാറിപ്പോയിരുന്നു. യാഥാ സ്ഥിതിക വിശ്വാസികളുടെ അത്യുക്തി കലർന്ന കനവുകളെയും ഇതിഹാസ വർണന കളേയും നിരാശ

പ്പെടുത്തിക്കൊണ്ട് നിനച്ചിരിക്കാത്ത സമയത്താണ് വാഗ്ദത്ത മത പുരുഷന്മാർ ആഗത രാവുക എന്നത് മത ചരിത്രത്തിലുട നീളം കാണുന്ന പ്രതിഭാസമാണ്. പകിട്ടും പരിവേഷങ്ങളുമില്ലാതെ ആഗതനാവുന്ന വാഗ്ദത്ത മത പുരുഷന്മാർ ദൈവസഹായത്താൽ അവരുടെ ആത്മീയ ശക്തി കൊണ്ട് ലോകത്തെ അതിജയിക്കുന്നു. ഇവിടെ സംഭവിച്ചതും അതാണ്. ആകാശ വിശുദ്ധിയിൽ സംഭവിക്കുമെന്ന് മുസ്‌ലിം ലോകം കരുതിയിരുന്ന വാഗ്ദത്ത മസീഹിന്റെ തിരുപ്പിറവി നടന്നത് കല്ലും മണ്ണും കൊണ്ടു പണിത ഭൂവനതലത്തിലെ ഒരു കുഗ്രാമത്തിലായിരുന്നു. വിണ്ണിന്റെ വിശുദ്ധി മണ്ണ് ഏറ്റുവാങ്ങിയ പുണ്യം നിറഞ്ഞ ദേശം ഖാദിയാനായിരുന്നു. മസീഹും മഹ്ദിയുമായവതരിച്ച ഹദ്റത്ത് അഹ്മദിന്റെ പാദപങ്കജങ്ങൾ സഞ്ചലനം ചെയ്ത മൺതരികൾ, ആപുണ്യ ദേഹി ഉഛ്വസിച്ച വായുവും ആ കരസ്പർ ശങ്ങളിലെ സ്വേദകണങ്ങൾ ഏറ്റു വാങ്ങിയ കല്ലും മണ്ണും ഒരഹ്മദിയുടെ ആത്മാവിൽ ആത്മീയാനുഭൂതി പകരുന്ന അനവധി സ്മരണകളുയർത്തുന്നു.

ഖാദിയാനിലേക്കുള്ള എന്റെ ഈ യാത്ര യാദൃച്ഛികമായിരുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് കൃത്യമായി പറഞ്ഞാൽ 2004 ഏപ്രിൽ മാസം ഒരു മദ്ധ്യ വേനലവധിക്ക് ഖാദിയാനിൽ സംഘടിപ്പിച്ച ഒരു ഒരു ആത്മ സംസ്ക്കരണ ക്യാമ്പിൽ ഒരു സംഘത്തിന്റെ മേൽനോട്ടം വഹിച്ചു പോവാൻ എനിക്ക് ഒരു അസുലഭ സന്ദർഭം ലഭിച്ചു. ഖാദിയാന്റെ സവിശേഷമായ സാഹചര്യത്തിൽ കൗമാര ബാല്യ ങ്ങളുടെ താരുണ ചാപല്യങ്ങളിൽ അദ്ധ്യാത്മികപ്രഭാവമുണ്ടാക്കാൻ ഖുദ്ദാമുൽ അഹ്മദിയ്യാ തിരഞ്ഞെടു ത്ത ഈ മാർഗം അതിന്റെ രീതി കൊണ്ട് പാവനവും നിസ്തുല വുമാണ്. ആ ആത്മീയ ലക്ഷ്യം പ്രാപിക്കാൻ കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ നിന്ന് ഞങ്ങൾ വണ്ടി കയറി

**ചലോ ഖാദിയാൻ**

അറബിക്കടൽ മതിവരാതെ വെള്ളിച്ചിലങ്കയണിയിക്കുന്നതാണ് കേരളത്തിലെ തൃപ്പാദങ്ങളെന്ന് മഹാകവി വള്ളത്തോൾ പാടിയി രുന്നു. അറബിക്കടൽ അണിയി ച്ചൊരുക്കിക്കൊണ്ടിരിക്കുന്ന ഭാരതത്തിന്റെ പാദഭാഗത്തു നിന്നും ശിരോഭാഗമായ പഞ്ചാബിനെ ലക്ഷ്യമാക്കി നവയുഗ് എക്സ്പ്രസ് നീങ്ങിതുടങ്ങി. ഇന്ത്യയുടെ വിരിമാറി ലൂടെയുള്ള ഈ യാത്ര ഖാദിയാൻ യാത്രികരുടെ അനുഗൃഹീതമായ ഒരു യാത്രാനുഭവമാണ്. വണ്ടിയുടെ കിളിവാതിലുകളിലൂടെ അനന്ത വൈചിത്രങ്ങൾ ആവാഹിച്ചു നിൽക്കുന്ന സംസ്ക്കാരങ്ങൾ ഞങ്ങൾ നോക്കിക്കണ്ടു. വിവിധ ദേശങ്ങൾ, ഭാഷകൾ, വേഷങ്ങൾ ഇന്ത്യയുടെ വർണ ശബളിമയാർന്ന നാനാത്വം അതിശീഘ്രം പുറകിലോട്ട് പാഞ്ഞു തുടങ്ങി. വണ്ടി ഹരിതസാന്ദ്രവും സമ്പൽ സമൃദ്ധവുമായ പഞ്ചാബിൽ കിതച്ചെത്തി. കൊയ്ത്തു കാലമായ തിനാൽ ഖാദിയാന്റെ പരിസരത്തുള്ള ഗോതമ്പ് വയലുകളെല്ലാം സ്വർണ നിറത്തിലേക്കുള്ള വർണ പകർച്ച യിലേക്ക് വഴുതി വീണുകൊണ്ടിരിക്കുന്ന ചേതോഹരമായ കാഴ്ച്ചയായിരുന്നു അത്. ഇന്ത്യയുടെ ഗോതമ്പ് പാത്രം എന്നറിയപ്പെടുന്ന പഞ്ചാബിൽ ഗോതമ്പ് വർണത്തിലുള്ള മസീഹ് വരുമെന്ന് റസൂൽ തിരുമേനി(സ)യുടെ പ്രവചനത്തിലെ സൂക്ഷ്മ വർണനകൾ എന്റെ സ്മരണയിലൂടെ മിന്നിമറഞ്ഞു. ഖാദിയാനിൽ എത്തിച്ചേർന്ന രണ്ടു ദിവസങ്ങൾ യാത്രാ ക്ഷീണം തീർക്കാനുള്ള വിശ്രമ ദിനങ്ങളായിരുന്നു. എന്നാൽ ചരിത്ര സമ്പന്നമായ ഖാദിയാൻ ഒരു പ്രലോഭനമായി മുന്നിൽ നിൽക്കേ ഞങ്ങൾക്കെന്ത് വിശ്രമം? ചരിത്ര സ്മരണകളിരമ്പുന്ന സുപ്രധാനമായ സ്ഥലങ്ങളിൽ ഞങ്ങൾ ചുറ്റിത്തിരിഞ്ഞു. മിനാരത്തുൽ മസീഹ്, ബൈത്തു ദുആ, ബൈത്തു ഫിക്ക്ർ, ഖുത്തുബ ഇൽഹാമിയ്യ വെളിപ്പെട്ട സ്ഥലം മുതലായവ ഉൾക്കൊള്ളുന്ന മസ്ജിദുഅഖ്സ എന്നിവിടങ്ങളിലും സ്വർഗീയ ശ്മശാനം എന്നറിയപ്പെടുന്ന ബിഹിശ്തീ മഖ്ബറയിലും നിരവധി തവണ സന്ദർശിക്കുവാൻ കുട്ടികൾക്കും എനിക്കും അവസരം ലഭിച്ചു.

തിങ്കളാഴ്ച്ച മുതൽ കുട്ടികൾക്കുള്ള പഠന ക്യാമ്പ് ആരംഭിച്ചതോടെ ഞാനും എന്റെ ചിന്തകളും തനിച്ചായി. ആൾക്കൂട്ടത്തിൽ ഏകാന്തത അനുഭവപ്പെട്ടു. ഖാദിയാനിലെ ചരിത്ര സ്മാരകങ്ങളിലൂടെ അഹ്മദിയ്യാ ചരിത്രത്തിന്റെ ആരംഭ ഘട്ടത്തിലേക്ക് ആഴ്ന്നിറങ്ങുവാനുള്ള എന്റെ ഉൽക്കടമായ ആഗ്രഹത്തിന് സഹായകമായി പ്രാപ്തനായ ഒരു സഹായിയെ എനിക്ക് ലഭിച്ചു. അലനല്ലൂർ സ്വദേശിയായ സി. ശംസുദ്ദീൻ മൗലവി സാഹിബുമായി പരിചയപ്പെടാൻ സാധിച്ചു. അദ്ദേഹമിപ്പോൾ പലസ്തീനിൽ മുബല്ലിഗാണ്. ഞാൻ എന്റെ ഹൃദയാഭിലാഷം അദ്ദേഹത്തിന് മുമ്പിൽ തുറന്നു വെച്ചു. അദ്ദേഹം സന്തോഷത്തോടെ എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്തു. മനസ്സ് വർത്തമാന കാലത്ത് നിന്ന് ഭൂതകാലത്തിലേക്ക് യാത്രയാരംഭിച്ചു. ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ചില ചരിത്ര സംഭവങ്ങളും അറിയാൻ സാധിച്ചു. ലിഖിത ചരിത്രത്തിൽ ലഭ്യമല്ലാത്തതും തലമുറതലമുറയായി വായ്മൊഴിയിലുടെ വിനിമയം ചെയ്യപ്പെട്ടതുമായ അത്തരം ചില അറിവുകൾ വായനക്കാരുമായി പങ്കുവെക്കാൻ ആഗ്രഹിക്കുന്നു.

**ബൈത്തുദുആ: ഒരു കണ്ണീർ ഗേഹം**

അഹ്മദികളുടെ സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും ആശാകേന്ദ്രം എന്ന് വിശേഷിപ്പിക്കാവുന്ന സ്ഥലമാണ് ബൈത്തു ദുആ . ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ദുഃഖങ്ങളുടെയും വിഷമങ്ങളുടെയും ഭാണ്ഡങ്ങളുടെ കെട്ടഴിച്ചിരുന്നത് ഇവിടെ വെച്ചാണ്. അഹ്മദികൾ ബൈത്തു ദുആയിൽ ചെന്ന് തങ്ങുടെ നീറുന്ന പ്രശ്നങ്ങൾ തോരാത്ത കണ്ണുനീരോടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ബോധിപ്പിക്കാറുണ്ട്. മൂന്ന് പേർക്ക് മാത്രം നമസ്ക്കരിക്കാൻ പറ്റുന്ന ഇടുങ്ങിയ മുറിക്ക് പുറത്ത് ദുആ ചെയ്യാൻ കാത്തുനിൽക്കുന്ന ഭക്തന്മാരുടെ നീണ്ട നിര തന്നെ കാണാം. ബൈത്തു ദുആയിൽ നിന്നും പ്രാർഥിക്കുന്നവരുടെ ഗദ്ഗദ ശബ്ദങ്ങൾ മാത്രമേ ചിലപ്പോൾ ആ പരിസരത്ത് കേൾക്കാറുള്ളു. അല്ലാഹുവിന്റെ മുന്നിൽ പരിപൂർണ സമർപ്പണം നടത്താറുള്ള അവരുടെ നൊമ്പരങ്ങൾ ഹൃദയങ്ങളിൽ നിന്നും ഹൃദയങ്ങളിലേക്ക് പടർന്ന് പിടിച്ച് ആത്മീയ സമ്മർദം സൃഷ്ടിക്കുന്ന അന്തരീക്ഷം വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ല. അവ അനുഭവിച്ചറിയുക തന്നെ വേണം.

**ചുമലുകൾ ഉരസുന്ന ഗോവണിപ്പാത.**

ബൈത്തു ദുആയിലേക്ക് പുറമേ നിന്നും വരുന്നവർക്കായി ഒരു ഇടുങ്ങിയ ഗോവണിയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ ഗോവണി ഉപയോഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇരു ചുമരുകളും പാർശ്വ ഭിത്തികളിൽ ഉരസാറുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ അരുമ ശിഷ്യനായിരുന്ന ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനി (റ) ആ

ഗോവണി ഉപയോഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇരു ചുമരുകളും പാർശ്വഭിത്തികളിൽ ഉരസിക്കൊണ്ടായിരുന്നു കയറാറുണ്ടായിരുന്നത്. ഇതിന് കാരണം ആരാഞ്ഞപ്പോഴാണ് മേൽ പറഞ്ഞ രഹസ്യം സ്വഹാബി വര്യൻ വ്യക്തമാക്കിയത്. അതിന്റെ അനുസ്മരണമെന്നോണം കൃശഗാത്രനായ താനും ആടിയാടി ചുമരുകൾ പാർശ്വഭിത്തിയിൽ ഉരസിക്കൊണ്ടാണ് കയറുന്നത് എന്നദ്ദേഹം പറയുകയുണ്ടായി.

ഖാദിയാനിൽ നിന്നും ബട്ടാലയിലേക്കുള്ള വഴിമദ്ധ്യേ ഏകദേശം അഞ്ചു മൈൽ അകലെ വഴിയോരത്ത് ഒരു വൻ വൃക്ഷം കണ്ടു. മസീഹ് മൗഊദി (അ)ന്റെ കാലം തൊട്ടുള്ള പല സംഭവങ്ങളുടെയും മൂകസാക്ഷിയാണ് ഈ വൃക്ഷം. പ്രധാന അതിഥികളെ യാത്രയയക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ വൃക്ഷം വരെ അനുഗമിക്കാറുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. മസീഹ് മൗഊദ് ബട്ടാലയിലേക്ക് പോകുമ്പോഴെല്ലാം ഈ വൃക്ഷത്തിന്റെ ശീതള ഛായയിൽ വെച്ചാണ് ളുഹറും അസറും നമസ്ക്കരിക്കാറുണ്ടായിരുന്നത്.

മുഹമ്മദ് നബി(സ)യുടെ പ്രവചന പ്രകാരം അവസാന കാലത്ത് അവതീർണരാകേണ്ട മസീഹും മഹ്ദിയുമാണ് താനെന്ന വാദം പ്രഖ്യാപിച്ചതിന് ശേഷം തന്റെ സത്യസാക്ഷ്യത്തിലേക്കുള്ള അനവധി തെളിവുകളും ദൃഷ്ടാന്തങ്ങളും ഗ്രന്ഥപരമായ പ്രമാണങ്ങളും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. എഴുതപ്പെട്ട ചരിത്രത്തിൽ നിന്ന് അജ്ഞാതമായിരുന്ന നിരവധി നിഗൂഢ രഹസ്യങ്ങൾ ലോകത്തിന്റെ മുന്നിൽ അദ്ദേഹം കൊണ്ടുവരികയും ചെയ്തു. ഈസാ നബി (അ) മരിച്ചു പോയെന്നും അദ്ദേഹത്തിന്റെ ഖബർ കാശ്മീരിലെ ശ്രീനഗറിൽ ഖാൻയാർ തെരുവിൽ ഉണ്ടെന്നും ബാബാ ഗുരു നാനാക്ക് മുസ്‌ലിം സിദ്ധനായിരുന്നുവെന്നുമുള്ള വെളിപ്പെടുത്തലുകൾ അത്യന്തം സ്ഫോടനാത്മകമായ സിദ്ധാന്തങ്ങളായിരുന്നു.

**ബാബാ നാനാക്കിന്റെ സത്യം**

ബാബാ നാനാക്ക് മുസ്‌ലിമായിരുന്നു എന്നതിലേക്കുള്ള ഏറ്റവും പ്രബലമായ തെളിവായി .ഹദ്റത്ത് അഹ്മദ്(അ) ചൂണ്ടിക്കാട്ടിയത് ദേരാ ബാബാനാനാക്കിലെ ഗുരുദ്വാരയിൽ നാനാക്കിന്റെ സ്മാരക മെന്നോണം സിക്കുകാർ ഇന്നും സൂക്ഷിച്ചു വരുന്ന അദ്ദേഹത്തിന്റെ തിരുവസ്ത്രമാണ്. **' ചോലാ സാബ് '** എന്നറിയപ്പെടുന്ന ആ വസ്ത്രം നിറയെ കലിമയും ഖുർആനിക സൂക്തവും രേഖപ്പെടുത്തിയിട്ടുണ്ട്. വാഗ്ദത്ത മസീഹ് തന്നെ ആ സ്ഥലം സന്ദർശിക്കുകയും നാനാക്കിന്റെ തിരുശേഷിപ്പായ ആ വസ്ത്രം പരിശോധിച്ച് അതിൽ രേഖപ്പെടുത്തിയിരിക്കുന്ന ഖുർആനിക സൂക്തങ്ങൾ വായിച്ചു ബോദ്ധ്യപ്പെടുകയുമുണ്ടായി. അതിന്റെ രേഖാ ചിത്രം വാഗ്ദത്ത മസീഹ് തയ്യാറാക്കിയിട്ടുണ്ട്. ആ രേഖാ ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെയുള്ള ഖുർആനിക സൂക്തങ്ങൾ ആ വസ്ത്രത്തിൽ ഉല്ലേഖനം ചെയ്തത് ഈ വിനീതനും അവിടം സന്ദർശിച്ചു കണ്ടു ബോദ്ധ്യപ്പെടുവാനുള്ള ഭാഗ്യമുണ്ടായി. ബാബാ നാനാക്കിന്റെ ഗ്രന്ഥം എന്നറിയപ്പെടുന്ന **'പോഥീ സാബ്'** ഇപ്പോൾ പ്രദർശിപ്പിക്കുന്നില്ല. ഇന്ന് അത് ഏതോ സിക്കുകാരന്റെ അധീനതയിലാണ് ഉള്ളതെന്ന് അറിയുന്നു. എഴുന്നൂറു തുണികളാൽ പൊതിയപ്പെട്ട ആ ഗ്രന്ഥം വിശുദ്ധ ഖുർആനാണെന്ന് മസീഹ് മൗഊദ് (അ) പറയുന്നു. അദ്ദേഹം അത് നേരിട്ടു കണ്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഓരോ തുണിയും അഴിച്ചു മാറ്റാൻ മസീഹ് മൗഊദ് പണം. കൊടുത്തിരുന്നു. അങ്ങനെ എഴുനൂറു തുണിയും നീക്കി പോഥീ സാബ് എന്ന ഗുരുനാനാക്കിന്റെ ഗ്രന്ഥം മസീഹ് മൗഊദ് (അ) കണ്ടിട്ടുണ്ട്. അല്ലാഹുവിന്റെ വചനങ്ങളും വഹിച്ച് നടക്കുന്ന ഒരു ദിവ്യനായിരുന്നു ഗുരുനാനാക്ക് എന്ന അറിവ് എന്നെ വികാരധീനനാക്കി. ഹദ്റത്ത് മസീഹ് മൗഊദ് (അ) വെളിപ്പെടുത്തിത്തന്ന ഈ ചരിത്ര സത്യം ഇനിയും ലോകത്തിന്റെ ശ്രദ്ധയിൽ വേണ്ട വിധം കടന്നു വന്നിട്ടില്ല. രണ്ടു മതങ്ങൾ തമ്മിൽ നൂറ്റാണ്ടുകളായി തുടരുന്ന ശത്രുതക്ക് ഹദ്റത്ത് അഹ്മദ് (അ)ന്റെ ഈ വെളിപ്പെടുത്തൽ ഭാവിയിൽ അയവു വരുത്തുമെന്ന് പ്രത്യാശിക്കാം.

ചരിത്രത്തിൽ അജ്ഞാതമായി നിലനിന്നിരുന്ന ചരിത്ര സത്യമാണ് ബാബാ നാനാക്ക് മുസ്‌ലിമായിരുന്നുവെന്ന ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രഖ്യാപനം. മുഗൾ കാലഘട്ടം മുതൽ സിക്ക്-മുസ്‌ലിം ശത്രുത വളരെയേറെ രക്തം ഒഴുക്കിയിട്ടുണ്ട്. പക്ഷേ സിക്ക് മത സ്ഥാപകരായ ബാബാ ഗുരുനാനാക്കിന്റെ ആത്മീയമായ വ്യക്തിത്വം ഇസ്‌ലാമിന്റെ തായിരുന്നുവെന്ന് ഹദ്റത്ത് അഹ്മദി(അ)ന്റെ കണ്ടെത്തൽ മതരംഗത്തെ പുതിയ സമന്വയ ത്തിന്റെ അടിസ്ഥാനമായി തീരുമെന്ന് കരുതുന്നു. ഇസ്‌ലാമുമായി മുഖം തിരിച്ചു നിന്നിരുന്ന ശക്തരായ സിക്കു സമുദായം അഹ്മദിയ്യാ ജമാഅത്തിലൂടെ ഇസ്‌ലാമിലേക്ക് അടുക്കുന്ന കാഴ്ച്ചയാണ് പഞ്ചാബിൽ എവിടെയും കാണപ്പെടുന്നത്. ഹദ്റത്ത് അഹ്മദ് (അ)ന്റെ നിയോഗോദ്ദേശ്യങ്ങളിലൊന്ന് അതായിരുന്നു.

പഞ്ചാബിലെ അമൃത്സറിലാണ് സിക്കുകാരുടെ പരമോന്നത മതകേന്ദ്രമായ സുവർണക്ഷേത്രം നില കൊള്ളുന്നത്. ചതുരാകൃതിയിലുള്ള ഒരു ജല സംഭരണിയുടെ നടുവിൽ കനക വർണത്തിൽ തലയുയർത്തി നിൽക്കുന്ന അകാൽ തക്ത് സുവർണ ക്ഷേത്രത്തിന്റെ ഗർഭഗൃഹമാണ്.. സ്വർണ തകിടു കൊണ്ട് ആവരണം ചെയ്ത അർധകുംഭങ്ങളും താഴികകുടങ്ങളും അകാൽ തക്ത്തിന്റെ മുകളിലും ക്ഷേത്രത്തിന്റെ ചുറ്റു മതിലുകളിലും ദൃശ്യമാണ്. ആയിരക്കണക്കിന് സിക്കുകാർ ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ കുർബാന ഗീതങ്ങളുടെ പശ്ചാത്തല ത്തിൽ അകാൽതക്ത് സന്ദർശിക്കുന്നത് കർണ-നയനാന്ദകരമാണ്. സിക്ക് ഗുരു പരമ്പരയിലെ നാലാമത്തെ ഗുരു രാംദാസിന് അക്ബർ ചക്രവർത്തി ദാനം ചെയ്ത സ്ഥലത്ത് അഞ്ചാമത്തെ ഗുരു അർജ്ജുൻ സിംഗാണ് സുവർണ ക്ഷേത്രം പണിതത്. ഹർമന്ദിർ എന്ന് പേരുള്ള ഈ ക്ഷേത്രത്തിന് ശിലാ സ്ഥാപനം നിർവഹിച്ചത് ലാഹോറിലെ മുസ്‌ലിം സിദ്ധനായിരുന്ന മിയാൻ മീർ ആയിരുന്നു. വലിയ ഹിന്ദു ക്ഷേത്രങ്ങൾ സാധാരണ കുന്നിൻ പുറങ്ങളിലാണ് സ്ഥാപിക്കുക. അതിന് വിരുദ്ധമായി ഭൂമിയുടെ സമനിരപ്പിൽ നിന്ന് താഴെയാണ് സുവർണ ക്ഷേത്രം. ഇത് ഹിന്ദുക്കളിൽ നിന്നുള്ള വേറിടൽ കാണിക്കാൻ വേണ്ടിയായിരുന്നു.. ഗുരുനാനാക്കിന് ശേഷം രണ്ട് തലമുറകളോളം കുടുംബ വഴക്കിൽ പെട്ടുപോയ സിക്ക് സമുദായത്തിന് ബാബാ നാനാക്കിന്റെ വചനങ്ങൾ ക്രോഡീകരിക്കാൻ സാധിച്ചില്ല. അഞ്ചാമത്തെ ഗുരു അർജ്ജുൻ സിംഗാണ് അത് ക്രോഡീകരിച്ച് ആദി ഗ്രന്ഥം എന്ന സിഖ് വേദ ഗ്രന്ഥം രചിച്ചത്. അതിൽ നാനാക്കിന്റെ ആശയങ്ങൾക്ക് വിരുദ്ധമായ പല വചനങ്ങളും കൂട്ടി ചേർത്തിട്ടുണ്ട്. ഇസ്‌ലാമിനെ പ്രകീർത്തിക്കുന്ന

ഭാഗങ്ങളുമുണ്ട്. അക്ബർ ചക്രവർത്തി അത് കണ്ട് സന്തു ഷ്ടനായി അർജ്ജുൻ ഗുരുവിന് സമ്മാനങ്ങൾ നൽകിയിട്ടുണ്ട്. അർജ്ജുൻ സിംഗാണ് സിക്ക് സമുദായ ത്തെ സമരോൽസുകരാക്കിയത്. ജഹാംഗീർ ചക്രവർത്തിയുടെ കാലത്ത് അദ്ദേഹത്തിന്റെ മകൻ ഖുസ്റു പിതാവുമായി തെറ്റിപ്പിരിഞ്ഞ് അർജ്ജുൻ സിംഗിനെ അഭയം പ്രാപിച്ചു. അദ്ദേഹത്തെ സ്വീകരിച്ച അർജ്ജുൻ സിംഗിനോട് ചക്രവർത്തിക്ക് നീരസമുണ്ടായി. ജഹാംഗീറുമായി ശത്രുതയിലായ ഗുരു അർജ്ജുൻ സിംഗിനെ മുഗൾ ചക്രവർത്തി ജയിലിലടച്ചു വധിച്ചു കളഞ്ഞു. അക്കാലം മുതൽ സിഖുകാർ മുസ്‌ലിംകളുടെ ശത്രുക്കളായി മാറുകയായിരുന്നു.

### ഹോശിയാർപൂരിലെ സുവിശേഷം

ഇസ്‌ലാമിലെ പുനരുത്ഥാനവും മറ്റെല്ലാ മതങ്ങളുടെമേലും അതിന്റെ വിജയവും ആഗോള പ്രചാരണവും എങ്ങനെ സംഭവിക്കും എന്ന ഉത്ക്കണ്ഠ കാരണം അല്ലാഹുവിന്റെ സവിധത്തിൽ പ്രാർഥനാ നിരതനായി വാഗ്ദത്ത മസീഹ് ദിവസങ്ങളോളം വ്യാപൃതനായിട്ടുണ്ട്. താൻ ദൈവനി യുക്തനാണെന്നും ഇസ്‌ലാം സത്യമത മാണെന്നതിലേക്കുമുള്ള ദൃഷ്ടാന്തം പ്രഥമമായി വെളിപ്പെടുത്തേണ്ടത് ഖാദിയാൻ നിവാസികളിലാണെന്ന് ചില മുസ്‌ലിംകളുടെയും ആര്യ സമാജക്കാരുടെയും അഭ്യർഥനയനുസരിച്ച് ഒരു ദൃഷ്ടാന്തം എങ്ങിനെ വെളിപ്പെടുമെന്ന് ചിന്തിച്ച് പ്രാർഥനാനിരതനായി കഴിയുമ്പോഴാണ് 'നിന്റെ ആഗ്രഹം ഹോശിയാർപൂരിൽ നിറവേറ്റപ്പെടും' എന്ന ദൈവിക വെളിപാട് ലഭിച്ചത്. ഇതിനെ തുടർന്ന് ഹോശിയാർ പൂരിലുള്ള ഒരു മുസ്‌ലിം പ്രമാണിയായ ശൈഖ് മെഹറലി സാഹിബിന്റെ കെട്ടിടത്തിൽ ഒന്നാമത്തെ നിലയിൽ വാസമുറപ്പിക്കുകയും മറ്റു ചുമതലകൾ തന്റെ സഖാക്കളെ ഏൽപ്പിച്ചു കൊണ്ട് അവിടെ നാൽപ്പത് ദിവത്തെ മത തപോയജ്ഞം നടത്തുകയുമുണ്ടായി. ഈ ധ്യാനത്തിനിടക്കാണ് തന്റെ ഉത്ക്കണ്ഠക്കുള്ള ഉത്തരവും ഖാദിയാൻ വാസികൾക്കെന്നല്ല മുഴുലോകത്തിനായുള്ള ദൃഷ്ടാന്തവും വെളിപ്പെട്ടത്. ലോകത്തിന്റെ കോണുകളിലോളം ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്ന മഹാ നായ ഒരു വാഗ്ദത്ത പുത്രൻ തനിക്ക് ജനിക്കുമെന്ന സുവിശേഷം ലഭിച്ചത്.

ഹോശിയാർപൂരിലെ ചരിത്ര പ്രസിദ്ധമായ ആ കെട്ടിടം സന്ദർശിക്കുക എന്നത് ഈ വിനീതന്റെ അടക്കാനാകാത്ത അഭിലാഷമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടം സന്ദർശിക്കാനും മസീഹ് മൗഊദ്(അ) ധ്യാനമിരുന്ന മുറിയിൽ ഉള്ളുരുകി ദുആ ചെയ്യുവാനുമുള്ള അപൂർവാവസരം എനിക്ക് ലഭിച്ചു. ഈ കെട്ടിടം വിഭജന കാലത്ത് അന്യാധീനപ്പെട്ടുപോയെങ്കിലും ഇന്ന് അത് ജമാഅത്തിന്റെ കൈയ്യിൽ തന്നെ തിരിച്ചെത്തിയിരിക്കുന്നു. കെട്ടിടത്തിന്റെ താഴെ മുറിയിൽ നിന്ന് ധ്യാനമിരുന്ന മുറിയിലേക്കുള്ള കോണിപ്പടികൾ പൊട്ടിപ്പൊളിഞ്ഞ നിലയിലാണുള്ളത്. അത് കാരണം അതിനടിയിലെ ഇരുൾ വ്യാപിച്ച മുറിയിൽ എത്തി ച്ചേരാൻ സാധിച്ചില്ല. കെട്ടിടത്തിന്റെ ചില ഭാഗങ്ങൾ റിപ്പയർ ചെയ്തിട്ടുണ്ടെങ്കിലും ധ്യാനമിരുന്ന മുറി യാതൊരു പുനർ നിർമാണമോ റിപ്പയറോ നടത്താത്ത വിധം അതിന്റെ ചരിത്രത്തനിമ അങ്ങനെ തന്നെ നിലനിർത്തിയിട്ടുണ്ട്.



### ബിഹ്ശ്തീ മഖ്ബറ

മരണാനന്തരലോകത്തിലെ നരകത്തിന്റെ പ്രതീകമായിട്ടാണ് ഭൂമിയിലെ വിടെയുമുള്ള ശ്മശാനങ്ങൾ നിലനിൽക്കുന്നത്. പള്ളിയോടനു ബന്ധിച്ചുണ്ടാകുന്ന വിജനമായ കാടുകൾക്കിടയിൽ കാണുന്ന മീസാൻ കല്ലോടു കൂടിയ കബറിടങ്ങൾ മനം മടുപ്പിക്കുന്ന ഒരു ഭീകര ദൃശ്യമാണ്. മലയാള സാഹിത്യങ്ങളിലുള്ളത് പോലെ വിശ്വസാഹിത്യങ്ങളിലും കാണാവുന്ന ഒരു ശൈലീ പ്രയോഗമാണ് ' ശ്മശാന മൂകത.'എന്നത്. മനുഷ്യന്റെ യുക്തി ബോധത്തെ ഭ്രമിപ്പിക്കുന്ന ശ്മശാനങ്ങൾ ഭയങ്ങളുടെ സങ്കേതവും ദുശ്ശകുനങ്ങളുടെ സൂചനയുമായിട്ടാണ് എഴുതപ്പെട്ട സാഹിത്യങ്ങളിലെല്ലാം വിവരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ എല്ലാ വിധ സാമ്പ്രദായികധാരണകളേയും അട്ടിമറിക്കുന്ന നയനാനന്ദകരമായ ഒന്നാണ് ഖാദിയാനിലെ ബിഹ്ശ്തി മഖ്ബറ എന്ന സ്വർഗീയ ശ്മശാനം. അലൗകികമായ അനുഭൂതി പ്രദാനം ചെയ്യുന്ന ഒന്നാണ് ഖാദിയാനിലെ ബിഹ്ശ്തീ മഖ്ബറ. സാത്വിക വിശുദ്ധിയിൽ ജീവിതത്തെ സ്ഫുടം ചെയ്തെടുത്ത മഹത്തുക്കളുടെ സ്മാരക ശിലകൾ സ്വർഗീയ ജീവിതത്തിന്റെ ഭുവന സങ്കേതമാണെന്ന പ്രതീതിയാണ് നമുക്ക് നൽകുക. പലർക്കും പ്രഹേളികകൾ മാത്രം സമ്മാനിക്കുന്ന ജീവിതം ഇവിടെ സ്വർഗീയ നൈരന്തര്യത്തിന്റെ ഒരു പ്രവേശന കവാടം കണക്കെ നമ്മെ സ്വാഗതം ചെയ്യുന്നു. ഒരു ആരാമം പോലെ മനോഹരമായ രംഗ സംവിധാനങ്ങൾ ആരേയും ഹഠാദാകർഷിക്കും. ശ്മശാന മൂകത എന്ന അശുഭകരമയ പ്രതീതി ജനിപ്പിക്കുന്നതിന് പകരം ആനന്ദകരമായ ദിവ്യാനുഭൂതി സൃഷ്ടിക്കുന്ന മരണം എന്ന അലംഘനീയവും അജ്ഞേയവുമായ പ്രതിഭാസത്തിന്റെ സ്വർഗീയ പ്രതീക്ഷകളാണ് ബിഹ്ശ്തീമഖ്ബറ എന്ന ഈ ശ്മശാനം നമുക്ക് സമ്മാനിക്കുന്നത്.

### മഖ്ബറയിലെ ദർവേശ്

സ്വർഗസ്ഥരുടെ ഈ സമൂഹത്തിലേക്ക് പ്രവേശനം കാത്തുകഴിയുന്ന ലോക വിശ്രുതനായ ഒരു ദർവേശിനെ എനിക്ക് കാണാൻ കഴിഞ്ഞു. വിഭജന കാലഘട്ടത്തിൽ ഖാദിയാനെ സംരക്ഷിക്കാൻ ജീവൻ തൃണ വൽഗണിച്ച്

കാവൽ നിൽക്കുകയും പ്രക്ഷുബ്ധ മായ ആ കാലഘട്ടത്തിൽ അവിടെ തന്നെ താമസമാക്കുകയും ചെയ്ത 313 പേരെയാണ് ദർവേശ് എന്ന് അഹ്മദിയ്യാ സാഹിത്യത്തിൽ പ്രതിപാദിക്കുന്നത്. ത്യാഗത്തിന്റെ ആൾരൂപമെന്ന് വിശേഷി പ്പിക്കാവുന്ന മലക്കിനെ പോലെയുള്ള ഈ മനുഷ്യൻ ബിഹ്ശ്തീ മഖ്ബറയിലെ തനിക്കായി നിശ്ചയിച്ച ആറടിമണ്ണിന്റെ പരിസരം സദാ വൃത്തിയാക്കി കൊണ്ടിരിക്കു കയാണ്. വൃദ്ധനായ അത്താ ഉല്ലാ സാഹിബ് ആണ് ആ ദർവേശ്. അനേകം ദിവ്യ ദൃഷ്ടാന്തങ്ങൾക്ക് ദൃക്സാക്ഷി യായ ഇദ്ദേഹത്തെ കാണുമ്പോൾ ആത്മീയ ലഹരിയിൽ ജീവിക്കുന്ന, വാനലോകത്തിൽ നിന്ന് ഇറങ്ങിവന്ന മാലാഖയാണെന്ന് തോന്നും. ഇന്ത്യാ പാക്ക് വിഭജനാവസരത്തിൽ ഭാര്യ യേയും മക്കളേയും അതിർത്തിയിൽ കൊണ്ടാക്കി ഖാദിയാൻ എന്ന പുണ്യഭൂമിയോട് വിടവാങ്ങാൻ കഴിയാതെ ഖാദിയാനിൽ അന്ന് സ്ഥിരതാമസമാക്കിയ അത്താഉല്ലാ സാഹിബിന്റെ ജീവിതത്തെ വിസ്മയ ഭരിതനായാണ് ഞാൻ വീക്ഷിച്ചത്. വാഗ്ദത്ത മസീഹ് പടുത്തുയർത്തിയ ആത്മീയ ലോകത്തിന്റെ മാസ്മരിക ലഹരിയിൽ അവധൂതന്മാരെ പോലെ ജീവിക്കുന്ന എത്രയോ പേരെ ഇനിയും ഇവിടെ കാണാം. ചാർട്ടേർഡ് അക്കൗണ്ടന്റായ ശിറാസ് അഹ്മദ് സാഹിബ് തന്റെ ഉദ്യോഗം വലിച്ചെറിഞ്ഞ് ഖാദിയാനി ലെത്തിയത് ഞാൻ അവിടെയുള്ളപ്പോഴായിരുന്നു. ഇന്ന് അദ്ദേഹം ഖാദിയാനിൽ വിദ്യാഭ്യാസ വകുപ്പിന്റെ അഖിലേന്ത്യാ മേധാവിയാണ്.

### ലങ്കർഖാന: ആഹാരത്തിന്റെ അക്ഷയ പാത്രം

ഖാദിയാന്റെ അഭിമാന സ്തംഭമായി ത്തീർന്നിരിക്കുകയാണ് ലങ്കർഖാന അഥവാ അതിഥികളുടെ ഭക്ഷണ ശാല. ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിച്ചതാണത്. വർത്തമാന കാലത്ത് വളരെ യധികം സന്ദർശ നബാഹുല്യം ഉണ്ടായിരുന്നിട്ടും ഭക്ഷണം ലഭിക്കാത്ത വരായി ഖാദിയാനിൽനിന്നും ഇന്നേ വരെ ആരും മടങ്ങിയിട്ടുണ്ടാവില്ല. മസീഹ് മൗഊദി (അ) ന്റെ ലങ്കർ ഖാനയിൽ തൂങ്ങിക്കിടക്കുന്ന കവിതാശകലം ഇത് തന്നെയാണ് സൂചിപ്പിക്കുന്നത്. '*ഒരു കാലത്ത് ഞാൻ മേശയിലെ അപ്പക്കഷണം കൊണ്ടാണ് ജീവിച്ചിരുന്നത്. ഇന്നെന്റെ ലങ്കർ ഖാനയിൽ നിന്ന് കുടുംബാംഗങ്ങൾ തന്നെ ഭക്ഷിക്കുന്നു'*. ഇതിന്റെ അക്ഷരാർഥത്തിലുള്ള പൂർത്തീകര ണമാണ് ഇന്ന് കണ്ടു കൊണ്ടിരിക്കുന്നത്. ബൈത്തുൽ ഫിക്റിൽ വെച്ച് ഹദ്റത്ത് അഹ്മദ്(അ) തന്റെ വിശ്വപ്രസിദ്ധമായ കൃതി ബറാഹീനെ അഹ്മദിയ്യ രചിക്കുമ്പോൾ ജേഷ്ഠ ഭാര്യ 'ആ മുക്രിക്ക് കൊടുത്തേക്കൂ' .. എന്ന് പരിഹാസപൂർവം പറഞ്ഞ് ദാസിയുടെ കൈയിൽ കൊടുത്തയക്കുന്ന ഉണങ്ങിയ റൊട്ടി വെള്ളത്തിലിട്ട് മാർദവപ്പെടുത്തിയായിരുന്നു ഹദ്റത്ത് അഹ്മദ് (അ) വിശപ്പടക്കിയിരുന്നത്. ഇന്ന് അദ്ദേഹത്തിന്റെ ഭക്ഷണ ശാല യിൽ നിന്ന് പതിനായിരങ്ങൾ ഭക്ഷി ക്കുന്നു.

### ഡൽഹൗസി യാത്ര

ഈ അവധിക്കാല പഠന യാത്ര എല്ലാം കൊണ്ടും അനുഗ്രഹ പൂർണമായിരുന്നു. അത് വിജ്ഞാന പ്രദവും ആത്മീയാനുഭവങ്ങളാൽ സമ്പന്നവുമായിരുന്നു. ദിവംഗതനായ മിയാൻ വസിം സാഹിബിന്റെ നേതൃത്വ ത്തിൽ ഖാദിയാനിൽ നിന്ന് ഡൽഹൗസിയിലേക്ക് ഒരു വിനോദ യാത്ര സംഘടിപ്പിച്ചിരുന്നു. പ്രകൃതി രമണീയത നിറഞ്ഞു നിൽക്കുന്ന ഹിമാചൽ പ്രദേശിലെ ചേതോഹരമായ ദൃശ്യങ്ങൾ വിവരിക്കുക പ്ര യാസകരമാണ്. വാനത്തെ വെല്ലു വിളിച്ചു നിൽക്കുന്ന ഹിമവാന്റെ ഗംഭീരമായ ധവള ശിഖരങ്ങൾ ഭൂമിയുടെ വൈജയന്തികൾപോലെ നിലകൊണ്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) യുടെ ഉഷ്ണ കാല വസതി ഡൽഹൗസിയിലായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന ആ വീട് ഇന്ന് ഡൽഹൗസി പബ്ളിക്ക് സ്ക്കൂളാണ്. ഇന്ത്യാ-പാക്ക് വിഭജന കാലത്ത് അത് അന്യാധീനപ്പെട്ടിരുന്നുവെങ്കിലും പിന്നീട് തിരിച്ചു കിട്ടുകയും തുടർന്ന് വിൽക്കുകയും ചെയ്തു. കോടീ ശ്വരന്മാരുടെ മക്കളാണ് അവിടെ പഠിക്കുന്നത്. മഹാജ്ഞാനിയായിരുന്ന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) തന്റെ വിശ്വപ്രസിദ്ധമായ ' തഫ്സീർ കബീർ' ന്റെ രണ്ട് വാല്യം ഈ വസതിയിൽ വെച്ചാണ് എഴുതിപൂർ ത്തിയാക്കിയത്. ക്രിസ്തീയ പുരോഹിത നുമായി അദ്ദേഹം ഇവിടെ വെച്ച് നടത്തിയ സംവാദം തഫ്സീറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മഹാകവി ടാഗോർ തന്റെ പ്രസിദ്ധമായ ഗീതാഞ്ജലി രചിച്ചതും ഡൽ ഹൗസിയിൽവെച്ചാണ്. ഖലീഫത്തുൽ മസീഹ് സാനി (റ) യുടെ വസതി ഇപ്പോഴും വിജ്ഞാനം പ്രസരിപ്പിക്കുന്ന ഒരു വിദ്യാലയമാണ് എന്നത് യാദൃച്ഛികമായേക്കാം, എങ്കിലും അത് അനുപൂരകവുമായ ഒരു നൈരന്തര്യമാണ്.

ലോകത്ത് അറിയപ്പെടാത്ത ഒരു കുഗ്രാമമായിരുന്നു ഖാദിയാൻ. എന്നാൽ ഇന്ന് ലോകം മുഴുവൻ അറിയ പ്പെടുന്ന ഒരു ആത്മീയ കേന്ദ്രമായി അത് മാറിയിരിക്കുന്നു. മത ചരിത്ര ഭൂപടത്തിൽ ഖാദിയാൻ സ്ഥലം പിടിച്ചു കഴിഞ്ഞു. ലോകത്തിലെ നാനാ കോണുകളിൽ നിന്നും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്നുമുള്ള അനേകം സഞ്ചാരികളും ഭക്തന്മാരും ഖാദിയാനിലേക്ക് പ്രവഹിച്ചു കൊണ്ടിരിക്കുകയാണ്. ഇതൊരു പ്രവചന സാക്ഷാത്ക്കാരം കൂടിയാണ്. ജനങ്ങൾ കൂട്ടം കൂട്ടമായി നിന്റെ അടുക്കൽ വരും അപ്പോൾ നീ പരിഭ്രമിക്കരുത് എന്ന് അല്ലാഹു വാഗ്ദത്ത മസീഹി (അ) നോട് ചെയ്ത വാഗ്ദാനം അക്ഷരാർത്ഥത്തിൽ പുലർന്നു കൊണ്ടിരിക്കുന്ന കാഴ്ച്ച വിശ്വാസികൾക്കുള്ള ആത്മീയ ദൃഷ്ടാന്തമാണ്.

ഖാദിയാൻ ബിയാസ് നദീ തടം വരെ വ്യാപിക്കുമെന്ന് വാഗ്ദത്ത മസീഹ് പ്രവചിച്ചതാണ്. അതി ശീഘ്രം വികസിച്ചു കൊണ്ടിരിക്കുന്ന ഖാദിയാൻ ഇന്ന് വികസനത്തിന്റെ പാതയിലാണ്. ഇപ്പോൾ നിരവധി നിർമാണ പ്രവർത്തന ങ്ങൾ ഖാദിയാനിൽ നടന്ന് കൊണ്ടിരി ക്കുന്നു. കഴിഞ്ഞ വർഷം 2011 ജൂൺ 30-ാം തീയതി ഇന്ത്യൻ റയിൽവേ ചരിത്ര പ്രസിദ്ധമായേക്കാവുന്ന ഒരു തീരുമാന മെടുത്തതായി അറിയാൻ കഴിഞ്ഞു. അതായത് പഞ്ചാബിലെ ഖാദിയാൻ ഉൾപ്പെടുന്ന ഗുരുദാസ്പൂർ ലോക്സഭാ മണ്ഡലം പാർലമെന്റ് അംഗം ബഹുമാന്യനായ പ്രതാപ് സിംഗ് ബാജ്‌വയുടെ ശ്രമഫലമായി ഇന്ത്യൻ റയിൽവേ 240 കോടി രൂപ ചിലവ് ചെയ്ത് ബിയാസ് നദി വരെ 39.6 കി ലോ മീറ്റർ റയിൽപാത നീട്ടുവാൻ തീരുമാനിച്ചിരിക്കുന്നു. ദൈവത്താൽ പ്രവചിതമായ ഖാദിയാന്റെ വളർച്ച ആരാലും തടയാൻ സാദ്ധ്യമല്ല. വിണ്ണിന്റെ വിശുദ്ധിയുള്ള മണ്ണിലെ ഖാദിയാൻ ദേശം അങ്ങനെ വളരുക യാണ്.

# അറബിഭാഷ: ഭാഷകളുടെ മാതാവ്

എന്‍. അബ്ദുര്‍റഹീം

ഭാഷ മനുഷ്യന്‍ കണ്ടെത്തിയ ഒരു വിനിമയോപാധിയല്ല. അത്യുദാരനായ ദൈവം നല്‍കിയ നിരുപാധികമായ ഒരു വരദാനമാണ്. ഭാഷകളുടെ ഉല്‍പത്തി ആധുനിക ഭാഷാ ശാസ്ത്രത്തിനുപോലും ഒരു പ്രഹേളികയായി അവശേഷിക്കുമ്പോള്‍ ഇത് സംബന്ധിച്ച് അനിഷേധ്യമായ യുക്തി ദീക്ഷയോടും ന്യായവാദങ്ങളോടും കൂടി, നിരര്‍ഥകമായ മുഴുവന്‍ ഭാഷോല്‍പത്തി സിദ്ധാന്തങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഒരു പ്രമേയം മുന്നോട്ട് വെച്ചു. ദൈവം മനുഷ്യന് നല്‍കിയ ആ പ്രഥമ ഭാഷ അറബിയാണെന്നതായിരുന്നു ആ പ്രമേയം. യശഃശ്ശരീരനായ സത്യദൂതന്‍ പത്രാധിപര്‍ മര്‍ഹൂം എന്‍. അബ്ദുര്‍റഹീം സാഹിബ് എഴുതിയതാണ് ഈ ലേഖനം.

ഭാഷ എങ്ങനെയുണ്ടായി?. ലോകത്ത് കാണപ്പെടുന്ന അസംഖ്യം ഭാഷകള്‍ക്ക് പൊതുവായ ധര്‍മം ഉണ്ടോ? എല്ലാ ഭാഷകളുടേയും മാതാവ് അഥവാ ഭാഷാ ജനനി എന്നു പറയപ്പെടുന്ന മൂലഭാഷ ഏതാണ്?. തുലോം ചിന്താര്‍ഹമയ സമസ്യകളാണ് ഇവയെന്നത് നിര്‍വിവാദമാണ്. ഭാഷോല്‍പത്തി ശാസ്ത്രജ്ഞന്മാര്‍ ഇത് സംബന്ധിച്ച് പല സിദ്ധാന്തങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. തിര്യക്കുകളില്‍ നിന്ന് വ്യത്യസ്തമായി ഭാഷയെന്ന് പറയപ്പെടുന്ന സംവേദന മാധ്യമം മനുഷ്യന്‍ വശമാക്കിയതെങ്ങനെയെന്ന കാര്യത്തില്‍ സംതൃപ്തിജനകമായ ഒരുത്തരം കണ്ടെത്തുവനാന്‍ ശബ്ദ ശാസ്ത്രജ്ഞന്മാര്‍ക്ക് കഴിഞ്ഞിരുന്നില്ലെന്നതാണ് യാഥാര്‍ഥ്യം. മനുഷ്യന്‍ കണ്ടുപിടിച്ചുണ്ടാക്കിയതാണോ ഭാഷ ? അതോ, അത് പരമ കാരുണികന്റെ ഒരു ദാനമോ? ഭാഷ പരമകാരുണികന്റെ ഒരു ദാനമാണെന്ന് വാഗ്ദത്ത മസീഹ് തന്റെ '***മിനനുര്‍ റഹ്മാന്‍***' (Favours of Benificient) എന്ന കൃതിയില്‍ സിദ്ധാന്തിച്ചു.

ലോകത്ത് ഇന്നുള്ള 500 കോടി ജനങ്ങള്‍ 4000 ല്‍ പരം ഭാഷകള്‍ സംസാരിക്കുന്നുവെന്ന് ഭാഷാ ശാസ്ത്രജ്ഞന്മാര്‍ കണക്കാക്കിയിരിക്കുന്നു. അവയെ വിവിധ ഗ്രൂപ്പുകളാക്കി അവര്‍ വേര്‍തിരിച്ചിട്ടുണ്ട്. 12 ഓളം അടിസ്ഥാന ഭാഷകുടുബംങ്ങളാണത്രേ ഉള്ളത്. ഇവയില്‍ ഏറ്റവും പ്രാചീനമായിമായിട്ടുള്ള ഭാഷ ഏതാണ്? ഭാഷാ ജനനി എന്ന് പറയപ്പെടുന്ന ഒരു ഭാഷയുണ്ടോ? (Often the question is asked as to which of these is the most ancient? is there a mother of all languges?) ചിന്തകന്മാരുടെ സജീവമായ ചര്‍ച്ചക്ക് വിധേയമായിട്ടുള്ള ഒരു വിഷയമാണിത്. ഭാഷകളുടെ മാതാവ് എന്ന ശീര്‍ഷകത്തില്‍ ഹൈദരാബാദിലെ സെല്ലുലാര്‍ ആന്റ് മോളിക്കുളര്‍ ബയോളജി സെന്ററിലെ ഡി. ബാലസുബ്രമഹ്മണ്യം എഴുതിയ ഒരു ലേഖനം ഈയിടെ ദ ഹിന്ദു പത്രത്തില്‍ പ്രസിദ്ധീകരിക്കുകയുണ്ടായി. (The Hindu. 1-2-96)

ഇന്ത്യയില്‍ 400-ഓളം ഭാഷകള്‍ സംസാരിക്കപ്പെടുന്നു. ഇവയില്‍ 23 ഭാഷകളാണ് പ്രധാനമായും എണ്ണപ്പെടുന്നത്. ഇന്ത്യയിലെ 15 ഭാഷകളുടെ മാതാവായി സംസ്കൃതം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം തന്നെ പല പൗരസ്ത്യ ഭാഷകളുടെയും മൂലഭാഷ ചൈനീസ് ആണെന്ന് പറയപ്പെടുന്നു. എന്നാല്‍ ലോകത്തിന്റെ വിവിധ ഭാഗങ്ങളില്‍ സംസാരിക്കപ്പെടുന്ന എല്ലാ ഭാഷകളുടെയും ആദി മാതാവായ ഭാഷ ഏതാണ്?

മൂല ഭാഷ കണ്ടെത്താനുള്ള ശ്രമം ആധുനിക ഭാഷാശാസ്ത്ര ഗവേഷകന്മാരുടെ സംഭാവനയല്ല. ബി. സി 700 ല്‍ ഈജിപ്തിലെ ഫറോവ (ഫിര്‍ഔന്‍) ആയിരുന്ന സാംടിക്ക് ഒന്നാമന്‍ (Psanmtik) നടത്തിയ ഒരു പരീക്ഷണത്തെ പറ്റി ഗ്രീക്ക് ചരിത്രകാരനായ ഹിറോഡോട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. ജനിച്ചു വളര്‍ന്ന രണ്ട് ശിശുക്കളെ അമ്മയില്‍ നിന്ന് വേര്‍പെടുത്തി സംസാര ശേഷിയില്ലാത്ത ഒരു ആട്ടിടയന്റെ സംരക്ഷണത്തിലാക്കിക്കൊണ്ട് ആ ശിശുക്കളെ മറ്റാരുമായും ബന്ധപ്പെടുത്താത്ത നിലയില്‍ പൂര്‍ണമായും ഏകാന്തമായി വളര്‍ത്തണമെന്ന് ഫറോവ നിര്‍ദേശിച്ചുവത്രെ. ഈ ശിശുക്കള്‍ ഉരുവിടുന്ന ആദ്യത്തെ വാക്ക് എന്ത് എന്ന് ശ്രദ്ധിക്കണമെന്നും ഫറോവ നിര്‍ദേശിച്ചുവത്രെ. കുട്ടികളില്‍ നിന്ന് പുറപ്പെടുന്ന വാക്ക് എല്ലാ ഭാഷകളുടെയും ഉറവിടമായ മൂലഭാഷയെ പ്രതിനിധീകരിക്കുന്ന ഭാഷയായിരിക്കുമെന്നും സങ്കല്‍പ്പിക്കപ്പെട്ടു. കുട്ടികള്‍ പുറപ്പെടുവിച്ച ആദ്യത്തെ വാക്ക് ***ബെക്കോസ്*** എന്ന പദമായിരുന്നുവത്രേ. തുര്‍ക്കിയില്‍ സംസാരിച്ചു പോന്നിരുന്ന ഫ്രീജിയന്‍ എന്ന പുരാതന ഭാഷയില്‍ അപ്പം എന്ന അര്‍ഥം വരുന്ന പദമാണിത്. അങ്ങനെ ഫ്രീജിയന്‍ ഭാഷയാണ് മനുഷ്യ സമുദായത്തിന്റെ ആദ്യ ഭാഷയെന്ന് ഫറോവ സാംടിക്ക് ഒന്നാമന്‍ തീരുമാനിക്കുകയുണ്ടായി.

എന്നാല്‍ ഫറോവ യഥാര്‍ഥത്തില്‍ കബളിപ്പിക്കപ്പെടുകയായിരുന്നുവെന്നും ആരോ ഒരാള്‍ കുട്ടികളെ ഫ്രീജിയന്‍ ഭാഷ സംസാരിക്കാന്‍ പഠിപ്പിച്ചുവെന്നും വ്യക്തമാണെന്നും പില്‍ക്കാലത്ത് ഗവേഷകന്മാര്‍ അഭിപ്രായപ്പെട്ടു. ആ കുട്ടികള്‍ക്ക് ഒരു ഭാഷയും പരസഹായമില്ലാതെ പഠിക്കാന്‍ കഴിയുമായിരുന്നില്ലെന്ന് അവര്‍

തീർത്തു പറഞ്ഞു. (ശബ്ദങ്ങളും ചിഹ്നങ്ങളും- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പേജ്. 119) വാഗ്ദത്ത മസീഹ് ഹദ്റത്ത് മസീഹ് മഊദ് (അ) ഇത് സംബന്ധിച്ച് ഇപ്രകാരം പറയുന്നു.

'*സംസാരം അഭ്യസ്തമാണെന്ന് സമ്മതിക്കപ്പെട്ടിരിക്കുമ്പോൾ മറ്റൊരാൾക്ക് മനസ്സിലാക്കികൊടുക്കാതെ കണ്ട് ആദ്യ മനുഷ്യന് അത് മനസ്സിലാക്കി കൊടുക്കാൻ സാധിച്ചിട്ടുണ്ടാകില്ലെന്നും സമ്മതിക്കാൻ നിർബന്ധിക്കപ്പെടുന്നതാണ്. പുതുതായി ജനിച്ചശിശുക്കളെ ഒന്നും പഠിപ്പിക്കപ്പെടാത്ത നിലയിൽ, ഒരു ഗുരുനാഥൻ അവർക്ക് ഭാഷ അഭ്യസി പ്പിക്കാത്ത നിലയിൽ വിട്ടിരുന്നുവെങ്കിൽ ആ നവജാത ശിശുക്കൾക്ക് സ്വയം സംസാരിക്കാനുള്ള സാധ്യത ഇല്ലെന്നും അവർക്ക് മറ്റുള്ളവരുടെ വിളിക്ക് ഉത്തരം നൽകാൻ കഴിയില്ലെന്നും ഊമയേപ്പോലെ മൗനിയായിരിക്കു കയേയുള്ളുവെന്നും പരീക്ഷണങ്ങളും പരിശോധനകളും മുഖേന സ്ഥാപിക്കപ്പെട്ടിട്ടുള്ളതും അതോടൊപ്പം ഉദാഹരണങ്ങൾ കൊണ്ട് സാക്ഷ്യപ്പെടുത്താവുന്നതും ആകുന്നു.' ( മിനനുർറഹ്മാൻ പേ. 87)*

അദ്ദേഹം തുടരുന്നു: '*ദൈവം മനുഷ്യന് സംസാരശേഷി പ്രത്യേക നിലയിൽ നൽകിയിരിക്കുന്നു. ദൈവത്തിൽ നിന്ന് മാത്രമായി മനുഷ്യന് ജീവൻ ദാനമായി നൽകപ്പെട്ടത് പോലെയാണ് യഥാർഥ ഔദാര്യവാനിൽ നിന്നും തന്നെ സംസാര ശേഷിയും പ്രദാനം ചെയ്യപ്പെട്ടത്. അതാണ് സത്യവസ്തുത' (92)*

ഭാഷകളെ പറ്റി ഖുർആൻ ഇപ്രകാരം പറയുന്നു : '***ആകാശഭൂമികളുടെ സൃഷ്ടിപ്പിലും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വ്യത്യാസങ്ങളിലും ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.** '(30: 23)* ഭാഷാശാസ്ത ഗവേഷണങ്ങൾ(Philological Researchers) നടത്തുവാനുള്ള ആഹ്വാനമാണ് ഖുർആൻ ഇതുവഴി നൽകപ്പെട്ടിട്ടുള്ളത്. ഇത് പ്രകാരം ഈ കാലഘട്ടത്തിൽ ഈ മഹാ സംരംഭത്തിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) അടിസ്ഥാനമിട്ടിരിക്കുന്നത് ദൈവികമായ ഒരു പദ്ധതിയുടെ ഭാഗമാണ്. അറബിഭാഷയാണ് ഭാഷാജനനി എന്നു പറയപ്പെടാവുന്ന മൂല ഭാഷയെന്ന് ഹദ്റത്ത് അഹ്മദ്(അ) ഘോഷിച്ചു.' *ഈ മൂലഭാഷയിൽ വിശുദ്ധ ഖുർആൻ അവതരിപ്പിച്ചത് ആ ഭാഷയുടെ സാർവജനീന പ്രാതിനിധ്യത്തെ വിളംബരം ചെയ്യുന്നു. ആ മഹാത്മാവ് ഇപ്രകാരം പറഞ്ഞു: എല്ലാ ഗ്രന്ഥങ്ങളുടെയും മുദ്രയായുള്ള സർവ ശക്തനായ ദൈവത്തിന്റെ പരിപൂർണ ഗ്രന്ഥം എല്ലാ ഭാഷകളുടെയും മാതാവായ ഒരു ഭാഷയിൽ അത് വെളിപ്പെടണമെന്നുള്ളത് ദൈവേച്ഛയുടെ നിർബന്ധമായിരുന്നു'* (പേജ്.199)

വിശുദ്ധ ഖുർആൻ പ്രത്യുദ്ധരിക്കാനായിട്ടത്രെ വാഗ്ദത്ത മഹ്ദി മസീഹ് വെളിപ്പെട്ടിരിക്കുന്നത്. ഇത് അന്ധമായ ഒരു മത പക്ഷപാതിത്വവും ഭാഷാപ്രണയവും ആണെന്ന് കരുതുന്നവരുണ്ടാകാമെങ്കിലും ശാസ്ത്രീയമായ അടിസ്ഥാനത്തിലാണ് അദ്ദേഹം ഇത് കാര്യകാരണ സഹിതം തെളിയിച്ചിരിക്കുന്നത്. അതേ, ശാസ്ത്രീയ ഗവേഷണവും അദ്ദേഹം പ്രഘോഷിച്ച ഈ സത്യത്തിന്റെ അനാവരണത്തിലാണ് ചെന്നെത്തുക. മിനനുർ റഹ്മാൻ എന്ന അടിസ്ഥാന ഗ്രന്ഥം അദ്ദേഹം രചിച്ചതിന് ശേഷം അദ്ദേഹത്തിന്റെ ചില ശിഷ്യന്മാർ ഈ വിഷയകമായി ശാസ്ത്രീയമായ ഗവേഷണ ഗ്രന്ഥങ്ങൾ പുറത്തിറക്കുകയുണ്ടായി. അ ദ്ദേഹത്തിന്റെ ഒരു പ്രമുഖ ശിഷ്യനായിരുന്ന ബാരിസ്റ്റർ ഖാജാ കമാലുദ്ദീൻ സാഹിബ് Arabic mother of all languages എന്ന പേരിലും മറ്റൊരു ശിഷ്യനായ അഡ്വ. മസ്ഹർ അഹ്മദ് സാഹിബ് Arabic source of all languages എന്ന പേരിലും ഗവേഷണ ഗ്രന്ഥങ്ങൾ രചിച്ചു. ഈ ഗ്രന്ഥ ങ്ങളിലടങ്ങിയ തത്ത്വസാരങ്ങൾ ലോകം അംഗീകരിക്കുന്ന കാലം വിദൂരമല്ലെന്ന് അഹ്മദികൾ കരുതുന്നു.

നാലോ അഞ്ചോ ആയിരം കൊല്ലങ്ങൾക്കിടയിൽ ഇത്രയും വലിയ ഭാഷാ വൈവിധ്യങ്ങൾ സംഭവിച്ച തെങ്ങനെ എന്ന സംശയം അടിസ്ഥാന രഹിതമാണ്. ഭൂമിയുടെ വയസ്സ് ആറായിരം കൊല്ലമാണെന്ന ബെബിൾ പാഠങ്ങൾ സൃഷ്ടിച്ച അബദ്ധ ധാരണയിൽ നിന്നാണ് ഈ സംശയം ഉദിക്കുന്നതെന്ന് ഹദ്റത്ത് അഹ്മദ്(അ) ചൂണ്ടിക്കാട്ടി. സ്ഥലകാലങ്ങൾക്കുള്ള അകൽച്ച മാത്രമല്ല ഭാഷാ ഭേദങ്ങൾക്കുള്ള കാരണം. ഭൂമദ്ധ്യ രേഖയോടടുത്തും അകലത്തും സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരിൽ ചില പ്രത്യേക അവയവ സംവിധാനങ്ങളും പ്രവണതകളും സഹജമായിത്തന്നെ വളരുമാറാകുന്നു. വിവിധങ്ങളായ വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും സ്വാധീനവും അറിയപ്പെടാത്ത മറ്റു ചില വസ്തുതകളും കാരണം ഈ ഭൂവാസികളിൽ ചില പ്രത്യേക ശാരീരിക ശബ്ദ നിയന്ത്രണ സംവിധാനങ്ങളും ഉച്ചാരണ ക്രമങ്ങളും ഉടലെടുക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതാണ് ക്രമേണ സവിശേഷ സംസാര സമ്പ്രദായങ്ങളായി വേർതിരിഞ്ഞത്. ചില പ്രദേശങ്ങളിൽ അക്ഷരങ്ങളും സ്വരങ്ങളും അതേപടി മൊഴിയാൻ സാദ്ധ്യമേയല്ല. ഈ മാറ്റങ്ങളെല്ലാം പ്രകൃതി നിയമങ്ങൾക്കും സഹജസിദ്ധികൾക്കും വിധേയമാണ്.

ആധുനിക ശാസ്ത്രം കൈവെക്കാത്ത മനുഷ്യ ബന്ധത്തിന്റെ ഒരു ശാഖയും ഇല്ലെന്ന് നമുക്കറിയാം ആധുനിക ജനിതക ശാസ്ത്രത്തിനു മനുഷ്യ ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ഉയർന്നിട്ടുള്ള ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. ജീവശാസ്ത്രത്തിന് പ്രാചീനത നിർണയിക്കുന്നതിൽ എന്തെങ്കിലും സംഭാവന അർപ്പിക്കാൻ കഴിയുമോ? എല്ലാവർക്കും പൊതുവേയുള്ള ചില ഭാഷ സവിശേഷതകളാണ് ഭാഷകളിലെ സാദൃശ്യങ്ങൾക്ക് അടിസ്ഥാനമെന്ന് ഡോ. ഡെറക്ക് ബിക്കർടൺ(Dr.Derek Bickerton) അഭിപ്രായപ്പെടുന്നു. ഇതിന്റെ അർഥം ഭാഷ പ്രയോഗിക്കുന്നതിന് അനുകൂലമായ ഒരവസ്ഥ ആദ്യമേ മനുഷ്യനിൽ ഉണ്ടായിരുന്നുവെന്നാണ്. ഭാഷക്കും വ്യാകരണത്തിനും അടിസ്ഥാനമായി ഒരു ജനിതക മൂലകം (Genetic Element) ഉണ്ടായിരുന്നു എന്നാണ് ഇതിന്റെ അർഥം. ഈ തത്ത്വം 40 വർഷങ്ങൾക്ക് മുമ്പ് പ്രമുഖ അമേരിക്കൻ ലിംഗ്വിസ്റ്റിക്ക് ആയ നോം ചോസ്കി (Noam Chosky ) മുന്നോട്ട് വെക്കുകയുണ്ടായി. '*വിവിധ ഭാഷകളിലെ വാക്യ ഘടനയിൽ(Syntax) കാണപ്പെടുന്ന അദ്ഭുതാവഹമായ അടിസ്ഥാന സാദൃശ്യങ്ങൾ മനുഷ്യന്റെ മനോമണ്ഡലത്തിൽ തന്നെ ആഴമാർന്ന ഘടന അഥവാ പ്രകൃതിസിദ്ധമായ മുന്നൊരുക്കങ്ങൾ ഉണ്ടെന്നതി ലേക്കാണ് വിരൽ ചൂണ്ടുന്നത്*' എന്ന് ചോംസ്കി സിദ്ധാന്തിച്ചു. ഭാഷ രൂപപ്പെടുന്നതിന് ഒരു മുൻ നിശ്ചയം ഉണ്ടായിരുന്നു എന്നാണ് ചുരുക്കത്തിൽ ചോംസ്കിയുടെ സിദ്ധാന്തം. ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും വലിയ ഭാഷാ ശാസ്ത്രജ്ഞനാണ് ചോംസ്കി.

മനുഷ്യന്റെ മനോമണ്ഡലത്തിൽ അഗാതമായ ഘടനകളാൽ നിർണ്ണയി

ശേഷം പേജ് 40 ൽ

# മദ്ധ്യകാലഘട്ടവും യൂറോപ്പിലെ യഹൂദ പീഡനവും

എ. എം. മുഹമ്മദ് സലിം

അഞ്ചു മുതൽ പതിനേഴു നൂറ്റാണ്ടുകൾ വരെ ക്രിസ്തുസഭക്ക് പ്രാബല്യമുണ്ടായിരുന്ന യൂറോപ്പിൽ യഹൂദികൾക്കെതിരെ നടന്ന അത്യാചാരങ്ങൾക്കും അതിക്രമങ്ങൾക്കും ചരിത്രത്തിൽ സമാനതകളില്ല.

മദ്ധ്യകാലഘട്ടം മുതൽ ആധുനിക കാലഘട്ടം വരെയുള്ള യൂറോപ്യൻ ചരിത്രത്തിലുടനീളം ക്രിസ്തുമത മേധാവിത്വം പ്രകടമായിരുന്നു. ചോദ്യം ചെയ്യാനാവാത്ത പരമാധികാരം കൈയാളിയിരുന്ന ക്രിസ്തു സഭ യുടെ കീഴിൽ യൂറോപ്പിലെ ധൈഷണിക ജീവിതം നിശ്ചേതനമായിരുന്നു. അസഹിഷ്ണുതയുടെയും മർദനത്തിന്റെയും ഫലമായി മാന വീതയുടെ മരുപ്പറമ്പായി മാറിയ യൂറോപ്പിൽ നിന്ന് ഉയർന്നുവന്ന ഏറ്റവും വലിയ ദീനരോദനങ്ങൾ യഹൂദരുടേതായിരുന്നു. തങ്ങളുടെ മസീഹിനെ ക്രൂശിച്ചവരുടെ പരമ്പര എന്ന നിലയിൽ യഹൂദികളോട് ക്രിസ്ത്യാനികൾ കാട്ടിയ അത്യാചാര ങ്ങൾക്കും പീഡനങ്ങൾക്കും ചരിത്ര ത്തിൽ സമാനതകളില്ല. കഴിഞ്ഞ നാലായിരം വർഷമായി യഹൂദ ചരിത്രത്തിലുടനീളം ശപ്തമായ നിയോഗം കണക്കെ ആ ജനതയെ നിഴൽ പോലെ പിന്തുടരുന്ന ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും പൊരുൾ വിശുദ്ധ വചനങ്ങളിൽ ഉള്ളടങ്ങിയിട്ടുണ്ട്.

### അശ്കിനാസിയും സെഫാർദും

***നാം അവരെ ഭൂമിയിൽ വിവിധ ജനതകളായി പിരിച്ച് വ്യാപിപ്പിച്ചു. ( വി. ഖുർആൻ 7:169)***

നൂറ്റാണ്ടുകളായി തുടർന്നുവരുന്ന യഹൂദികളുടെ ചിതറിത്തെറിക്കലിന്റെ(Diaspora) ഫലമായി വിവിധ നാടുകളിൽ അവർ കുടിയേറി പ്പാർക്കുകയുണ്ടായി. തദ്ദേശീയമായ സംസ്കാരങ്ങളുടെ പ്രതിഫലനങ്ങൾ യഹൂദരിൽ പ്രകടമാവുകയും ചെയ്തു. അതിന്റെ ഫലമായി ഇന്ന് ലോകത്ത് കാണുന്ന യഹൂദ ജനതയെ അശ്കിനാസി ജൂതന്മാർ (Ashkinazi Jews), സെഫാർദ് ജൂതന്മാർ (Sephardic Jews) എന്നീ മുഖ്യമായ രണ്ട് ഗ്രൂപ്പുകളായി തരംതിരിക്കാം. അഞ്ചു മുതൽ പതിനഞ്ചാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടങ്ങളിലാണ് ഈ വിഭജനം കൂടുതൽ പ്രകടമായത്. സ്പെയിൻ ഒഴികെയുള്ള യൂറോപ്പ്, അമേരിക്ക, പോളണ്ട്, റഷ്യ എന്നീ രാജ്യങ്ങളിൽ വസിച്ചവരെയാണ് അശ്കിനാസി ജൂതന്മാർ എന്ന് പൊതുവേ പറയുന്നത്.

പുരാതന കാലത്ത് റൈൻ നദി ക്കരയിലെ ഇന്നത്തെ ജർമനിയിലും ഫ്രാൻസിലുമായിരുന്നു അശ്കിനാസി ജൂതന്മാരുടെ ആവാസ കേന്ദ്രം. ബൈബിളിലെ ഉൽപ്പത്തി അദ്ധ്യായ ത്തിലെ(10:3) അശ്കിനാസ് എന്ന ഗോത്ര പിതാവിൽ നിന്നാണ് അവർ ഈ നാമം സ്വീകരിച്ചത്. പിന്നീട് അവർ മദ്ധ്യ കിഴക്കൻ യൂറോപ്പിലെ പോളണ്ട്, റഷ്യ, ലിത്വാനിയ എന്നിവിടങ്ങളിലേക്ക് കുടിയേറി (8). 17-ാം നൂറ്റാണ്ടിൽ കിഴക്കൻ യൂറോപ്പിൽ നടന്ന കൊടുംപീഡനങ്ങളെ തുടർ ന്നാണ് അവർ പശ്ചിമ യൂറോപ്പി ലേക്കും അമേരിക്കയിലേക്കും കൂടുതൽ കുടിയേറിപ്പാർക്കാൻ ആരംഭിച്ചത്. പീഡിതരായ സാഹചര്യത്തിൽ കഴിഞ്ഞിരുന്ന അശ്കിനാസികൾ മദ്ധ്യ കാലഘട്ടങ്ങളിൽ ക്രൈസ്തവ യൂറോ പ്പിൽ ജീവൻ നിലനിർത്താനുള്ള വെപ്രാളത്തിലായിരുന്നു. അതുമൂലം അവരിൽ ശാസ്ത്രവും കലയും സംസ്കാരവും തത്ത്വചിന്തയും തളിരിട്ടില്ല. പിന്നീട് ജർമനിയിൽ നാസികൾ വധിച്ച 60 ലക്ഷവും റഷ്യൻ രാജാക്കന്മാർ വധിച്ച 30 ലക്ഷവും മറ്റു കൂട്ടകൊലകൾക്കിരയായവരിൽ ഭൂരിപക്ഷവും അശ്കിനാസി ജൂതരായി രുന്നു. ലോക പ്രശസ്ത ശാസ്ത്ര ജ്ഞനായിരുന്ന ആൽബർട്ട് ഐൻസ്റ്റീൻ, മനഃശ്ശാസ്ത്ര ജ്ഞനായിരുന്ന സ്റ്റിഗ്മണ്ട് ഫ്രോയിഡ്, സിയോണിസ ത്തിന്റെ സ്ഥാപകനായ തിയോഡർ ഹെർഡ്സ്, പ്രശസ്ത നോവലിസ്റ്റ് ഫ്രാങ്ക് കാഫ്ക്ക, ഹോളിവുഡ് സംവിധായകൻ സ്പിൽ ബർഗ് മുതലായവർ പ്രമുഖരായ അശ്കിനാസി ജൂതന്മാരാണ്. സെഫാർദ് ജൂതന്മാർ മദ്ധ്യകാലഘട്ടത്തിൽ സ്പെയിനിൽ മുസ്‌ലിംകൾക്കൊപ്പം വസിച്ചവരും മദ്ധ്യപൗരസ്ത്യ ദേശത്തെ യഹൂദ രുമാണ്. സ്പെയിൻ ഉൾപ്പെട്ട ലൈബീരിയൻ പെനിസുലയെ സൂചിപ്പിക്കുന്നതാണ് സെഫാർദ് എന്ന പ്രയോഗം. 15-ാം നൂറ്റാണ്ടിൽ ക്രിസ്ത്യാ നികൾ സ്പെയിൻ കീഴടക്കുന്നത് വരെ സെഫാർദുകൾ മുസ്‌ലിം സ്പെയിനിൽ വളരെ സ്വാതന്ത്ര്യമനുഭവിച്ചാണ് ജീവിച്ചത്. സാംസ്കാരികമായി വളരെ ഉയർന്നവരും മദ്ധ്യകാലഘട്ടത്തിൽ പ്രതിഭാശാലികളാൽ സമ്പന്നവുമായി രുന്നു സെഫാർദുകൾ. ആ കാലഘട്ട ത്തിൽ യൂറോപ്പിലെ ജൂതന്മാർക്ക് സ്വാതന്ത്ര്യം അനുവദിച്ച ഒരേയൊരു രാജ്യം സെഫാർദ് ജൂതന്മാർ അധിവസിച്ച മുസ്‌ലിം സ്പെയിനായിരു ന്നു. ശാസ്ത്രം, കല, സാഹിത്യം എന്നീ രംഗങ്ങളിൽ അവർ പുരോഗതി കൈവരിച്ചു. സെഫാർദുകൾ സ്പെയിനിലെ പ്രഫുല്ലമായ മുസ്‌ലിം സംസ്ക്കാരത്തോടൊപ്പം തോളോടുതോൾ ചേർന്ന് ഉൽക്കർഷം നേടി. ഹിബ്രു ഭാഷയെ പരിപോഷി പ്പിക്കാനും അവർക്ക് അവസരം ലഭിച്ചു. വിശ്വസാഹിത്യത്തിലും തത്ത്വശാസ്ത്ര ത്തിലും, ശാസ്ത്രത്തിലും സ്പെയി നിലെ ജൂതന്മാരുടെ സംഭാവനകൾ സുപ്രധാനങ്ങളായിരുന്നു. വാസ്തവത്തിൽ യൂറോപ്പിലെ യഹൂദികളുടെ സാംസ്കാരിക ചരിത്രം സ്പെയിനിലെ യഹൂദികളുടെ ചരിത്രമായിരുന്നു. സ്പെയിനിൽ

മുസ്‌ലിം ഭരണം അവസാനിക്കുകയും ക്രിസ്ത്യാനികൾ അധികാരം കൈയേൽക്കുകയും ചെയ്തതോടെ യഹൂദികളുടെ സുവർണ കാലഘട്ടവും അസ്തമിച്ചു.(9) സ്പെയിൻ മുസ്‌ലിംകൾക്ക് നഷ്ടപ്പെട്ടതോടെ യഹൂദർ ക്രിസ്ത്യാനികളിൽ നിന്നുള്ള പീഡനം ഭയന്ന് ഉത്തരാഫ്രിക്കയിലെ മുസ്‌ലിം നാടുകളിലേക്കും തുർക്കി ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങളിലേക്കും കുടിയേറി. അവിടെ നിന്ന് ഫ്രാൻസ്, ഹോളണ്ട്, ഇംഗ്ലണ്ട്, ഇറ്റലി, ബാൾക്കൺ പ്രദേശങ്ങൾ, ഗ്രീസ് എന്നിവിടങ്ങളിൽ അവർ കുടിയേറി. മദ്ധ്യകാലഘട്ടത്തിലെ പ്രമുഖ യഹൂദ പണ്ഡിതൻ അറബിയിൽ മുസ്സബിൻ മൈമൂൺ എന്ന് അറിയപ്പെടുന്ന മൈമോണൈഡ്സ് (1135-1204), പാശ്ചാത്യ തത്ത്വശാസ്ത്രത്തിലെ


സാന്ദർഭികമായി പറയട്ടെ. പ്രത്യേകിച്ച് അമേരിക്കയിലെ ധനികരായ അശ്കിനാസികൾ. എങ്കിലും സെഫാർദിന്റെ എബ്രായ ഭാഷയാണ് ഇസ്റായേലിന്റെ ഔദ്യോഗിക ഭാഷയായി സ്വീകരിച്ചത്. അശ്കിനാ സികളുടെ യിദ്ദിശ് ഭാഷക്ക് ഇസ്റായേലിൽ രണ്ടാം സ്ഥാനമാണ് ലഭിച്ചത്. അശ്കിനാസികൾ ജനസംഖ്യാപരവും രാഷ്ട്രീയപരവും ധനപരവുമായ മേധാവിത്വത്തിനിടയിലും സെഫാർദിന്റെ സാംസ്കാരികവും ധിഷണാപരവുമായ യഹൂദ തനിമയാണ് അംഗീകരിക്കപ്പെട്ടത് എന്ന വസ്തുത സെഫാർദുകളുടെ സാംസ്കാരിക മേധാശക്തി സൂചിപ്പിക്കുന്നു. അശ്കിനാസികളും സെഫാർദും തമ്മിലുള്ള വിവേചനം ഇസ്റായേലിൽ ഇന്നും പ്രകടമാണ്. അശ്കിനാസി


dom at Midnight)എന്ന ഗ്രന്ഥം രചിച്ച ലാറി കോളിൻസ് ഡൊമിനിക്ക് ലാപ്പിയർ എന്നിവർ ചേർന്നെഴുതിയ 'ഓ ജറുസെലേം ' (O ! Jerusalem) എന്ന കൃതിയിൽ നിന്നും ഉദ്ധരിക്കാം

'ചിതറിത്തെറിക്കലിന് (Diaspora)ശേഷം അവർ വന്നുപെട്ട എല്ലാ അഭയകേന്ദ്രങ്ങളിൽ നിന്നും അനുസ്യൂതമായ പീഡനമെന്ന ശാപം അവരുടെ അഭ്യർഥനയെ ബലപ്പെടുത്തി. മനുഷ്യനെ മനുഷ്യൻ സ്നേഹിക്കണം എന്ന സമർപ്പണത്തോടെ ഉയിർത്തെഴുന്നേറ്റ മറ്റൊരു മതത്തിൽ നിന്നാണ് യഹൂദികൾക്കെതിരെയുള്ള പീഡനം ഉയർന്നു വന്നത്. മത പരിവർത്തന സംരംഭങ്ങളുടെ തീക്ഷ്ണമായ ആവേശത്തിൽ തങ്ങളുടെ പൂർവസൂരികളായ യഹൂദരുടെ മതം മാറ്റത്തിന്


സ്റ്റിഗ്മണ്ട് ഫ്രോയിഡ്


ഫ്രാങ്ക് കാഫ്ക്ക


ആൽബർട്ട് ഐൻസ്റ്റീൻ


സ്പിൽ ബർഗ്

അതികായനായ ഡച്ച് പ്രതിഭാശാലി ബെറൂച്ച് സ്പിനോസ (1632-1677), ബ്രിട്ടീഷ് പ്രധാന മന്ത്രിയായിരുന്ന ബെഞ്ചമിൻ ഡിസ്റയേൽ (1804-1809), വിശ്രുത ഇംഗ്ലീഷ് സാമ്പത്തിക രാഷ്ട്രീയ ശാസ്ത്രജ്ഞൻ ഡേവിഡ് റിക്കാർഡോ (1772- 1823) സാഹിത്യത്തിൽ ഉത്തര ആധുനികതാവാദവുമായി ബന്ധപ്പെട്ട അപനിർമ്മാണം (Deconstruction), ഉത്തര ഘടനാ വാദം (Post structualism) എന്നീ വിമർശന സങ്കേതങ്ങളുടെ ഉപജ്ഞാതാക്കളിലൊരാളായ ജാക്വിസ് ദറിദ (1930-2004) മുതലായവരെല്ലാം സെഫാർദ് ജൂതന്മാരാണ്.

ആധുനിക കാലത്ത് എണ്ണത്തിൽ കൂടുതലുള്ള അശ്കിനാസികളായിരുന്നു ഇസ്റായേൽ രൂപീകരിക്കാൻ മുൻകൈ എടുത്തിരുന്നത് എന്ന്

കേന്ദ്രീകരിച്ച് വളർന്ന സിയോണിസ്റ്റ് പ്രസ്ഥാനം ജൂതന്മാരെ യൂറോപ്പിൽ നിന്നും റഷ്യയിൽ നിന്നും ഇസ്റയേലിൽ ഇറക്കുമതി ചെയ്ത് അശ്കിനാസി മേധാവിത്വം ഉറപ്പിക്കാൻ എപ്പോഴും ശ്രമിക്കാറുണ്ട്.

5 മുതൽ 17-ാം നൂറ്റാണ്ടുവരെ യഹൂദ മർദനത്തിന്റെ ആവൃത്തി വമ്പിച്ച തോതിൽ വർദ്ധിക്കുകയുണ്ടായി. ആന്റി സെമിറ്റിസം, പോഗ്രാം, ഇൻക്വിസിഷൻ എന്നീ പേരുകളിൽ യൂറോപ്പിൽ അരങ്ങേറിയ കൂട്ടകശാപ്പുകൾ ചരിത്രത്തെ കിടിലം കൊള്ളിക്കുന്നതാണ്. അതിന് ശേഷം കഴിഞ്ഞ നൂറ്റാണ്ടിലും അതിന്റെ ആവർത്തനമുണ്ടായി. യൂറോപ്പിലെ യഹൂദ ദൈന്യത വിവരിക്കാൻ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ (Free-

ക്രിസ്ത്യാനികൾ പ്രത്യേകം ഊന്നൽ നൽകി. റോമിലെ തിയോഡേഷ്യസ് രണ്ടാമൻ ഇതിന് നിയമപരമായ പ്രോത്സാഹനം നൽകി. യഹൂദർ അകറ്റപ്പെട്ട ജനതയാണെന്ന് അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കുകയും ഒരു ആത്മീയ വിവേചനം (Spiritual Apparthied) നടപ്പാക്കുകയും ചെയ്തു.

ഗോളിൽ ഫ്റാൻസിലെ രാജാവ് ഡഗോബർട്ട് അവരെ ആട്ടിയോടിച്ചു . സ്പെയിനിലെ വിസിഗോത്തുകൾ ജൂതമക്കളെ പിടിച്ചെടുത്തു മത പരിവർത്തനം ചെയ്യിച്ചു. ബൈസന്റ്യ നിലെ ഹിറാക്ലിയസ് ജൂത മതാരാധന നിരോധിച്ചു. കുരിശ് യുദ്ധത്തോടെ സ്പിരിച്വൽ അപ്പാർത്തീഡ് വ്യവസ്ഥാപിതമായ യഹൂദ വേട്ടയായി തീർന്നു. ദൈവം അതാഗ്രഹിക്കുന്നു (God wills it) എന്ന് പറഞ്ഞ്

കൂട്ടഹത്യകൾ അരങ്ങേറി. ജറുസലേം വഴിത്താരയിൽ കണ്ട അശരണരായ യഹൂദികളെ കുരിശു യുദ്ധക്കാർ നിഷ്ക്കരുണം കൊന്നൊടുക്കി. ഇംഗ്ലണ്ടിലെ എഡ്വേർഡ് ഒന്നാമനും ഫ്രാൻസിലെ ഫിലിപ്സും യഹൂദരുടെ സ്വത്ത് കണ്ട് കെട്ടി സ്വന്തം രാജ്യത്ത് നിന്ന് പുറത്താക്കി.

മിക്കവാറും എല്ലാ ക്രിസ്തീയ രാജ്യങ്ങളും യഹൂദികൾ സ്വത്ത് വാങ്ങുന്നത് നിരോധിച്ചിരിരുന്നു. മതപരമായി സംഘടിക്കപ്പെട്ട മദ്ധ്യകാല ഘട്ടത്തിലെ കൈത്തൊഴിൽ വിപണന മേഖലയിൽ ജൂതർക്ക് പ്രവേശനം നിഷേധിച്ചു. ജൂതന്മാർക്ക് തൊഴിൽ കൊടുക്കുന്നത് ക്രിസ്തു സഭ നിരോധിച്ചു. ക്രിസ്ത്യാനികൾക്കിടയിൽ താമസിക്കാൻ ജൂതന്മാരെ അനുവദിച്ചില്ല,. 1215-ൽ ചേർന്ന മഹാ കൗൺസിൽ യഹൂദർ അകറ്റപ്പെട്ട ജനവർഗമാണെന്ന് വിളംബരപ്പെടുത്തുകയും അവരെ തിരിച്ചറിയുന്ന ഒരു ബാഡ്ജ് ധരിക്കണമെന്ന് വിധി പുറപ്പെടുവിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ മോസസിന് ലഭിച്ച പത്ത് കൽപ്പനകൾ ഉറുക്കുകളാക്കി തിരിച്ചറിയാൻ വേണ്ടി അവരുടെ കഴുത്തിൽ കെട്ടുമായിരുന്നു. ഫ്രാൻസിലും ജർമനിയിലും അത് മഞ്ഞനിറത്തിലുള്ള **'O'**.ചിഹ്നമായിരുന്നു.

പ്ലേഗ്, ദുർമരണങ്ങൾ എന്നിവ യഹൂദർ മൂലമാണെന്ന് ആരോപിച്ചു. തവളയുടെ കാലും ചിലന്തിവലയും ക്രിസ്ത്യാനികളുടെ കുടൽ മാലയും ഉപയോഗിച്ചുണ്ടാക്കിയ ചൂർണം ക്രിസ്ത്യാനികളുടെ കിണറുകളിൽ യഹൂദികൾ കലക്കുന്നത് കൊണ്ടാണ് പ്ലേഗ് വരുന്നതെന്ന് വിശ്വസിച്ചുകൊണ്ട് ജൂതപീഡനത്തിന്റെ ഒരു തരംഗം യൂറോപ്പിൽ അലയടിച്ചു. 200 യഹൂദ സമുദായങ്ങളാണ് ഈ വിദ്വേഷാഗ്നിയിൽ ഹോമിക്കപ്പെട്ടത്. ഖലീഫമാരുടെ കീഴിലുണ്ടായിരുന്ന സ്പെയിൻ ഒഴികെ അന്ധകാരാവൃതമായ പശ്ചിമ ലോകത്ത് യഹൂദന്റെ അസ്തിത്വം അംഗീകരിക്കപ്പെട്ടില്ല. സ്പെയിനിൽ അവർ അഭിവൃദ്ധിപ്പെട്ടു. അവർ അവിടെ നിന്ന് ചിതറിത്തെറിച്ചില്ല. 1492-ൽ സ്പെയിനിലെ ഫെർഡിനാന്റും ഇസബല്ലയും മുസ്ലിംകളിൽ നിന്ന് ഭരണ മേറ്റെടുത്ത ഉടനെ അതാരംഭിക്കുകയുണ്ടായി. ജർമനിയിലെ ജൂതരെ വാഹനത്തിൽ കയറ്റാൻ പാടില്ലായിരുന്നു. നഗരത്തിൽ അവർക്ക് പ്രവേശിക്കണമെങ്കിൽ പ്രത്യേക ചുങ്കം ചുമത്തി. പോളണ്ടിൽ കൊസാക്ക് വിപ്ലവം ദശകത്തിനുള്ളിൽ ഒരു ലക്ഷം യഹൂ ദികളെ കൊന്നൊടുക്കി. യഹൂദ ജനതയുടെ പകുതിയിലധികം താമസിച്ചിരുന്ന പോളണ്ടിലേക്ക് റഷ്യൻ സാറിന്റെ പട്ടാളം നീങ്ങിയപ്പോൾ അതൊരു ഇരുണ്ട കാലഘട്ടമായി അവർക്ക് അനുഭവപ്പെട്ടു. ഫ്രാൻസിൽ 12 വയസ്സു മുതൽ 25 വയസ് വരെ നിർബന്ധ പട്ടാള ജോലി ചെയ്യണമായിരുന്നു. ശബ്ബത്ത് മെഴുകുതിരികൾക്ക് അവിടെ നികുതി ചുമത്തി. വേശ്യകൾക്ക് നൽകിയിരുന്ന മഞ്ഞക്കാർഡ് കൂടാതെ യഹൂദ സ്ത്രീകളെ വൻ നഗരങ്ങളിൽ പ്രവേശിപ്പിച്ചിരുന്നില്ല. റഷ്യയിൽ അലക്സാണ്ടർ രണ്ടാമന്റെ വധത്തിന് ശേഷം യഹൂദ സമുദായങ്ങളെ ഒന്നിന്ന് പിറകെ ഒന്നായി ചുട്ടെരിച്ചു കൊണ്ട് പോഗ്രാം അരങ്ങേറി '(10)

പ്രഗല്ഭ ചരിത്രകാരനയ വിൽ ഡ്യൂറന്റ് തന്റെ Study of Civilisation എന്ന പുസ്തകത്തിൽ ക്രിസ്തു സഭയുടെ യഹൂദ പീഡനത്തിന്റെ നിരവധി സംഭവങ്ങൾ വിവരിക്കുന്നുണ്ട്. അതിൽ ഒരു ഉദാഹരണം ഇവിടെ ഉദ്ധരിക്കാം.


'ചിലപ്പോൾ സെന്റ് ജോൺ കാപിസ്ട്രാനോയെ പോലെ വിശുദ്ധ വിദ്വേഷ പ്രചാരകന്മാർ യഹൂദർക്കെതിരായ ദൈവ ശാസ്ത്ര പീഡനങ്ങളുടെ ബ്ളൂ ലോ (Blue Law) പൂർണ ശക്തിയോടെ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് തങ്ങളുടെ കേൾവിക്കാരെ ഉൽസാഹ ഭരിതരാക്കുമായിരുന്നു. പോപ്പ് ഇയുജിനസ് നാലാമനും നിക്കോളസ് അഞ്ചാമനും ഇതിനെ പിന്തുണച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന് ഇറ്റലിയിൽ അൽപ്പകാല പ്രഭാവമേ ഉണ്ടായിരുന്നുള്ളു. മറ്റൊരു ഫ്രാൻസിസ്ക്കൻ സന്യാസിയായിരുന്ന ഫെൽട്രിയിലെ ബെർണാർഡിനോവിന്റെ യഹൂദർക്കെതിരെയുള്ള ആക്രമണം അതിരൂക്ഷമായിരുന്നു. മിലാൻ,ഫെറ്റേ, വെനീസ് എന്നിവിടങ്ങളിലെ സിവിൽ നിയമ പാലകർക്ക് അദ്ദേഹത്തോട് നിശ്ശബ്ദനാകാനോ സ്ഥലം വിട്ട് പോകാനോ അഭ്യർഥിക്കേണ്ടി വന്നു. 1475 ൽ ട്രെന്റിലെ ഒരു യഹൂദന്റെ വീട്ടിനരികെ മൂന്നു വയസ്സുള്ള കുട്ടി മരിച്ചു കിടക്കുന്നതായി കണ്ടു. ആ കുഞ്ഞിനെ അതിനടുത്ത് താമസിക്കുന്ന യഹൂദൻ കൊന്നതാണെന്ന് ബെർണാർഡിനോ പ്രഖ്യാപിച്ചു. ട്രെന്റിലെ എല്ലാ ജൂതന്മാരെയും ബിഷപ്പ് ജയിലിലടച്ചു. പെസഹാ ചടങ്ങിന്റെ ഭാഗമായി ആ കുഞ്ഞിന്റെ രക്തം



ഡേവിഡ് റിക്കാർഡോ



ബെഞ്ചമിൻ ഡിസ്രയേൽ



ജാക്വിസ് ദറിദ

യഹൂദികൾ കുടിച്ചു വെന്ന് ആരോപിച്ചു യഹൂദികളെ പീഡനങ്ങൾക്ക് വിധേയരാക്കി. അവസാനം ട്രെന്റിലെ എല്ലാ ജൂതന്മാരേയും കൊന്നൊടുക്കി. മരിച്ച കൊച്ചു സൈമണിന്റെ (Little Simon) മൃതശരീരം എംബാം ചെയ്ത് അതൊരു വിശുദ്ധ അവശേഷിപ്പായി പ്രദർശിപ്പിച്ചു. ആയിരക്കണക്കിന് ആളുകൾ ഈ പുതിയ ആരാധനാലയത്തിലേക്ക് തീർഥാടകരായെത്തി. യഹൂദർ ചെയ്തുവെന്ന് ആരോപിക്കപ്പെട്ട ഈ ക്രൂരകൃത്യം ആൽപ്സ് പർവതം കടന്ന് ജർമനിയിലും പരന്നു. അവിടെ യഹൂദ വിരോധം തീവ്രമായി . വെനീസിലെ സെനറ്റ് ഇത് ഒരു വിശുദ്ധ വ്യാജ കഥയാണെന്ന് പറഞ്ഞ് അപലപിച്ചു. വെനീസിന്റെ പരിധിയിലുള്ള യഹൂദരെ കൂട്ടക്കൊലയിൽ നിന്ന് രക്ഷിക്കാൻ തീരുമാനിച്ചു. വാർത്തയുടെ നിജസ്ഥിതി അറിയാൻ പൗഡയിൽ നിന്ന് ട്രെന്റിലേക്ക് അഭിഭാഷകർ വരികയുണ്ടായി. ജനക്കൂട്ടം അവരെ പിച്ചിച്ചീന്തി കഷണം കഷണങ്ങളാക്കിക്കളഞ്ഞു. സൈമണെ വിശുദ്ധനായി പ്രഖ്യാപിക്കാൻ പോപ്പ് സിക്സ്റ്റസസ്സ് നാലാമനെ നിർബന്ധിച്ചെങ്കിലും അദ്ദേഹം പ്രഖ്യാപനം നടത്തിയില്ല. പീന്നീട് 1582-ൽ ലാണ് കൊച്ചു സൈമണെ വിശുദ്ധനായി പ്രഖ്യാപിച്ചത്. ' (11)

'റഷ്യയായിരുന്നു മറ്റൊരു യഹൂദ കശാപ്പുശാല. റഷ്യയിലെ മൂന്നു രാജ്ഞിമാരായ കാതറിൻ (1727) ആനി (1739), എലിസബെത്ത്( 1742), എന്നിവർ യഹൂദികളെ റഷ്യയിൽ നിന്ന് പുറത്താക്കിക്കൊണ്ടുള്ള ശാസനകൾ പുറപ്പെടുവിച്ചു. പിന്നീട് 1772 ,1793, 1795 എന്നീവർഷങ്ങളിൽ റഷ്യ തൊട്ടടുത്ത പോളണ്ടിനെ വിഭജിച്ചുകൊണ്ട് മൂന്ന് ഘട്ടങ്ങളിലായി റഷ്യയോട് ചേർക്കുകയുണ്ടായി. അങ്ങനെ വമ്പിച്ച ഒരു യഹൂദ ജനസഞ്ചയം റഷ്യയിൽ വന്നുകൂടി പിന്നോക്ക രാജ്യമായ റഷ്യയിൽ വളരെ ദരിദ്രാവസ്ഥയിലും ദൈന്യാവസ്ഥയിലുമായിരുന്നു യഹൂദികൾ കഴിഞ്ഞിരുന്നത്. അറ്റമില്ലാത്ത പീഡനങ്ങൾ അവർ മതഭ്രാന്തരായ സാറുകളുടെ റഷ്യയിൽ അനുഭവിച്ചു. രാജ്യത്തിന്റെ പടിഞ്ഞാറെ ഭാഗത്ത് ഒരു വേലിക്കകത്ത് ഏതാനും ജില്ല കളിൽ മാത്രം യഹൂദികളുടെ അധിവാസം പരിമിതപ്പെടുത്തി. പെയിൽ ഓഫ് സെറ്റിൽമെന്റ് (Pale of Settlement) എന്നാണ് ഇത് അറിയപ്പെടുന്നത്. (12)



മാർട്ടിൻ ലൂഥർ

കത്തോലിക്കരിൽ നിന്ന് മാത്രമല്ല പേപ്പസിയുടെ കൊള്ളരുതായ്മകൾക്കെതിരെ കലാപവുമായി ഇറങ്ങിപ്പുറപ്പെട്ട പ്രൊട്ടസ്റ്റന്റ് മതസ്ഥാപകനായ മാർട്ടീൻ ലൂഥറും കടുത്ത യഹൂദ മത വിരോധിയായിരുന്നു.

1543 ൽ ലൂഥർ പ്രസിദ്ധീകരിച്ച On the Jews and Lies എന്ന ഗ്രന്ഥത്തിൽ, ദൈവ വചനത്തിന്റെ സുതാര്യതയെ പ്രബോധിക്കുന്ന ലൂഥർ യഹൂദ വിരോധത്തിന്റെ പ്രൊട്ടസ്റ്റന്റ് രൂപം അവതരിപ്പിക്കുകയായിരുന്നു. യഹൂദ ആരാധാലയങ്ങളും അദ്ധ്യാപനങ്ങളും ഇല്ലാതാക്കാനും സിനഗോഗുകൾ ചുട്ടുചാമ്പലാക്കാനും മാർട്ടിൻ ലൂഥർ ആഹ്വാനം ചെയ്തു. ലൂഥറുടെ അനിയന്ത്രിതമായ ഈ യഹൂദ വെറി മൂലം ഹിറ്റ്ലറോട് അദ്ദേഹം ഉപമിക്കപ്പെടുന്നു. ലൂഥറുടെ യഹൂദ വിരുദ്ധ രചനകളുടെ ഫലമായാണ് 1918 ലെ ജർമൻ ദേശീയ വാദത്തിന്റെ പുനരുദയമുണ്ടായത് എന്നത് യാദൃച്ഛികമാണ്.' (13)

ചുരുക്കത്തിൽ പതിനെട്ടാം നൂറ്റാണ്ടു വരെ യഹൂദനെ ക്രിസ്തീയ യൂറോപ്പ് രാജ്യത്തെ പൂർണ പൗരനായി അംഗീകരിച്ചിരുന്നില്ല. ഫ്യൂഡലിസം കൊടികുത്തി വാണിരുന്ന കാലഘട്ടത്തിൽ മതപരമായ മാനദണ്ഡങ്ങളായിരുന്നു പൗരത്വത്തെ നിർണയിച്ചിരുന്നത്. യൂറോപ്പിലുടനീളം ഹനിക്കപ്പെട്ട അവകാശങ്ങളുമായി രണ്ടാംകിട പൗരത്വവും പേറി അവഗണനയുടെയും നിന്ദ്യതയുടെയും പുറം പോക്കിൽ യഹൂദർ യൂറോപ്പിലെ ഗട്ടോകളിൽ മദ്ധ്യകാലഘട്ടങ്ങളിൽ അലഞ്ഞു തിരിഞ്ഞു. (തുടരും)

പേജ് 36 ൽ നിന്ന് തുടർച്ച

ക്കപ്പെടുന്ന സർവ സാമാന്യമായ വ്യാകരണ പദ്ധതിയെക്കുറിച്ച് (A scheame of universal grammer determind by deep structure)അഥവാ സഹജമായ മുൻ സംവിധാനങ്ങൾ (Innate Presetting)സംബന്ധിച്ച് പ്രൊ. ചോംസ്കി വിവരിക്കുന്നു. അത്കൊണ്ട് ഭാഷ എന്നത് സർവസാമാന്യവും സഹജവുമായ സൗകര്യാവസ്ഥയുടെ ജീവശാസ്ത്രപരമായ പൈതൃകത്തിന്റെ അഥവാ, ജനിതക പാരമ്പര്യ സിദ്ധിയുടെ ഫല പരിണിതിയാണ്.(Language is the result of a universal innate facility, a biological inheritance, or a genetic legacy) എന്ന് പറയാം. മൂലഭാഷയെ അഥവാ ഭാഷാജനനിയെ കണ്ടെത്താനുള്ള ശ്രമങ്ങൾ ഗഹനമായ ഗവേഷണങ്ങളെ വിളിച്ചുണർത്തുന്ന ഒരു സംരംഭമാകുന്നു. അത് ഈ കാലഘട്ടത്തിലെ മഹാ സംഭവമാണെന്ന് പറയാം. അത്കൊണ്ട് തന്നെയാണ് ഈ കാലഘട്ടത്തിൽ വാഗ്ദത്ത മസീഹ്(അ) ഈ വിഷയം കൈകാര്യം ചെയ്തിട്ടുള്ളത്. '***ഉമ്മുൽ അൽസിന***' അഥവാ ഭാഷജനനിയെ സംബന്ധിച്ച തന്റെ ഏറ്റവും ശ്രദ്ധേയമായ തിസീസ് ***മിനനൂർ റഹ്മാൻ*** (പരമ കാരുണികന്റെ അനുഗ്രഹ ദാനം) എന്ന പേരിൽ അവതരിപ്പിച്ചതും മൂല ഭാഷ ദൈവം തന്നെ മനുഷ്യന് പഠിപ്പിച്ചതാണെന്നും അത് മനുഷ്യൻ തന്റെ കഴിവുകൊണ്ട് സൃഷ്ടിച്ച തല്ലെന്നും അദ്ദേഹം സിദ്ധാന്തിച്ചത്. ജർമൻ കാരനയ വേൺ ഹെർഡറുടെ പ്രകൃത്യാനുകരണ സിദ്ധാന്തം (Onometopoec Theory) ആണ് ശാസ്ത്രത്തിന്റെ സംഭാവനയായി വഗ്ദത്ത മസീഹിന്റെ കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന തെങ്കിലും ഈ സിദ്ധാന്തം - ഡിംഗ് ഡോഗ് തിയറി എന്നും അറിയപ്പെടുന്നു. - ആ കാലഘട്ടത്തിൽ തന്നെ തകർന്നു കഴിഞ്ഞതായി മാർക് മുള്ളർ തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭാഷ മനുഷ്യന് പഠിപ്പിക്കപ്പെട്ടതാണെന്ന സിദ്ധാന്തത്തിനാണ് ഇന്ന് മുൻ തൂക്കം.

*(സത്യദൂതനിൽ 1996 മാർച്ചിൽ പ്രസിദ്ധീകരിച്ച ലേഖനം)*

# നിഷ്ഠൂരമായ അസഹിഷ്ണുത

മുസാഫിർ

**കേ**രളത്തിന്റെ മനഃസ്സാക്ഷിയെ പിടിച്ചുകുലുക്കിയ സംഭവമാണ് വടകര ഒഞ്ചിയം പ്രദേശത്തെ റവലൂഷനറി മാർക്സിസ്റ്റ് പാർട്ടി നേതാവ് ശ്രീ. ടി. പി. ചന്ദ്രശേഖരന്റെ നിഷ്ഠൂരമായ കൊലപാതകം. അമ്പത്തൊന്നു തവണ ശരീരത്തിൽ വെട്ടുകയും മുഖം ദാരുണമാം വിധം വികൃതമാക്കുകയും ചെയ്ത് ഭീകരമായി ഒരു ജനനേതാവിനെ കൊല്ലുകയായിരുന്നു. ദിവസങ്ങളോളമായി മലയാള ദിനപത്രങ്ങളുടെയും ചാനലുകളുടെയും തലക്കെട്ടുകളിൽ നിന്ന് ഒഴിഞ്ഞുമാറാത്ത ഈ കൊലപാതക വാർത്ത കേരളത്തിന്റെ ജനമനസ്സാക്ഷിയെ അസ്വസ്ഥകലുഷിതമാക്കുന്നു. വാസ്തവത്തിൽ ഏതൊരു കൊലപാതകവും സമൂഹത്തിനെതിരെയുള്ള ആക്രമണമാണ് . വിശുദ്ധഖുർ ആനിലെ ഒരു വചനം ഇങ്ങനെയാണ് ***(നിരപരാധിയായ) ഒരാളെ വധിച്ചാൽ അയാൾ മുഴുവൻ മനുഷ്യ സമൂഹ ത്തെയും വധിച്ചത് പോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചത് പോലെയാകുന്നു.*** *( 5:33)*

കൊലപാതകത്തിന്റെ കക്ഷിരാഷ്ട്രീയത്തിൽ ഇവിടെ താൽപ്പര്യമില്ല. എങ്കിലും ആശയ പരമായ ഭിന്നതകളിൽ നിന്നുടലെടുക്കുന്ന അഭിപ്രായഭേദങ്ങളെ കൊലക്കത്തി കൊണ്ടും പേശീബലം കൊണ്ടും നേരിടുന്ന ഈ രീതി കേരളത്തെ ആശയ സംവാദങ്ങളുടെ അക്കൽദാമ (രക്തനിലം) യാക്കി മാറ്റും. പ്രബുദ്ധ കേരളത്തിന്റെ നിർമാണത്തിൽ വലിയ പങ്കുണ്ടെന്ന് അവകാശപ്പെടുന്നവർ തന്നെ ഇത്തരം നരഹത്യയിലൂടെ കേരളത്തിൽ ഉണ്ടായിരുന്ന ജനാധിപത്യ സംസ്കാരത്തെ ആസുരമായി അപനിർമിക്കുകയാണ് ചെയ്യുന്നത്. കണ്ണൂരിലും പ്രാന്തപ്രദേശങ്ങളിലും വർഷങ്ങളോളമായി തുടരുന്ന ഈ ഹീനമായ കൊലപാതക രാഷ്ട്രീയം പൊതു



ടി.പി. ചന്ദ്രശേഖരൻ

സമൂഹത്തിന്റെ ശാന്തിയേയും സമാധാനത്തേയും നശിപ്പിക്കുന്നതാണ്.

മനുഷ്യാവകാശങ്ങളിൽ വെച്ച് ഏറ്റവും വലിയ അവകാശം വിയോജിക്കാനുള്ള അവകാശവും അത് പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവുമാണ്. സൂക്ഷ്മമായി പരിശോധിച്ചാൽ വിയോജിപ്പുകളാണ് എല്ലാ മനുഷ്യ പുരോഗതിയുടെയും വിജ്ഞാന വിപുലീകരണത്തിന്റേയും സമൂഹ ക്ഷേമത്തിന്റേയും അടിസ്ഥാനമായി വർത്തിക്കുന്നതെന്ന് കാണാം. ജനാധിപത്യം വിയോജിപ്പുകളുടെ രക്ഷകനാണ്. ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും അവ മഥനം ചെയ്ത് ഏറ്റവും സംഘർഷ രഹിതമായും ഗുണകരമായും ജനാധിപത്യ ത്തിൽ അത് സമന്വയിക്കപ്പെടുന്നു. വാസ്തവത്തിൽ ഈ സർഗാത്മക പരീക്ഷണ വേദിയാണ് ജനാധിപത്യം. വിശുദ്ധ ഖുർആൻ നൂറ്റാണ്ടുകൾക്ക് മുമ്പേ ഈ ശൈലി സ്വീകരിക്കാൻ ആഹ്വാനം ചെയ്തതാണ്: ***'ജ്ഞാനവും സദുപദേശവും മുഖേന നീ നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുകയും ഏറ്റവും നല്ലനിലയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക.'*** *(16: 26)*

വിയോജിപ്പുകളോടും വൈവിധ്യങ്ങളോടും സംഹാരാത്മകമായി പ്രതികരിക്കുമ്പോൾ അത്തരം പ്രവണത വെച്ച് പുലർത്തുന്ന പ്രസ്ഥാനങ്ങളുടെ മാനവീയവും ധൈഷണികവുമായ സ്വാഭാവികത നശിച്ചു പോകുന്നു. അത് സമൂഹത്തിലെ സാർവത്രിക ശീലമായിക്കഴിയുമ്പോൾ പിന്നീട് അവശേഷിക്കുക സംവാദ ശൂന്യവും സംഘർഷാത്മകവുമായ ഒരു ശുഷ്ക്ക സമൂഹമായിരിക്കും. വിയോജിപ്പുകളോട് ജനാധിപത്യപരമായ ശൈലിയിൽ സംവദിക്കുന്ന പരിശീലനം കേരളത്തിലെ ജനകീയ പ്രസ്ഥാനങ്ങൾക്ക് അന്യമായി വരികയാണ്. ഇങ്ങനെ പോയാൽ നീതിയും സമാധാനവും പ്രബുദ്ധതയും എവിടെ കിളിർക്കാനാണ്? രാഷ്ട്രീയ പാർട്ടികളും മതസംഘടനകളും ധാരാളമുള്ള കേരളപൊതു സമൂഹത്തിലേക്ക് ഈ അധമ സംസ്കാരം സംക്രമിക്കുമ്പോൾ നൂറുപൂക്കൾ വിരിയേണ്ട ഈ പൂന്തോപ്പിൽ സർവം സംഹരിക്കുന്ന അസഹിഷ്ണുതയുടെ കരാളശിശി രവും കടന്നു വരികയല്ലേ ചെയ്യുക?. കേരളത്തിലെ പൊതു മണ്ഡലത്തിലെ ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പാർട്ടികൾ ഈ വിധം രക്തപങ്കിലവും സംഘർഷഭരിതവുമാക്കിയാൽ ഇതൊരു താലിബാൻ മോഡൽ സ്റ്റേറ്റായി മാറുന്നത് നാം കാണേണ്ടിവരും.

കേരളത്തിൽ പ്രബലമായ കമ്യൂണിസം ഒരുപാട് നന്മകൾ ഈ നാടിന് നൽകിയിട്ടുണ്ട്. അസമത്വങ്ങളും അസ്പൃഷ്യതയുമുണ്ടായിരുന്ന കേരളീയ പാരമ്പര്യ സമൂഹത്തിൽ സമത്വം കൊണ്ടുവന്നതിലും സാർവത്രി കമായ യുക്തിചിന്താശീലം പരത്തി യതിന് പിന്നിലും കമ്യൂണിസത്തിന് അനൽപ്പമായ പങ്കുണ്ട്. അതോടൊപ്പം തന്നെ സമീപകാലത്ത് അസഹിഷ്ണുത വളർത്തുന്നതിലും കമ്യൂണിസ്റ്റുകാർ അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട് എന്നതും ഒരു യാഥാർഥ്യമാണ്. കൊലപാതക രാഷ്ട്രീയത്തിൽ എത്തിനിൽക്കുന്ന കേരളം ഇതിന്റെ സാക്ഷ്യമാണ്.

ഈയ്യിടെ മാർക്സിസ്റ്റ് പാർട്ടി ഇടുക്കി ജില്ലാ സെക്രട്ടറിയുടെ പ്രസ്താവന ആരെയും ഞെട്ടിപ്പിക്കുന്നതാണ്. 'ഞങ്ങൾ 13 പേരുടെ പട്ടിക തയ്യാറാക്കി ആദ്യത്തെ മൂന്ന് പേരെ കൊന്നു' എന്ന പ്രസ്താവന കേരളത്തിൽ പ്രവർത്തിക്കുന്ന ഒരു പാർട്ടിയിൽനിന്നും ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്തതാണ്. നാം നേടിയതും നേടേണ്ടതുമെല്ലാം സമരമാർഗത്തിൽ എതിരാളിയെ കീഴ്പ്പെടുത്തിയും, ഉന്മൂലനം ചെയ്തും പരാജയപ്പെടുത്തിയുമാണ് എന്ന വർഗ സമര സിദ്ധാന്തം ജനാധിപത്യത്തിലെ ആശയ സംവാദത്തിന്നും തദനുസൃതമായ പ്രവർത്തനങ്ങൾക്കും എത്രത്തോളം ഹിതകരമാണെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പുതിയ ആശയ വിനിമയ മാർഗങ്ങൾ തുറന്നുതന്ന ഈ ഇൻഫർമേഷൻ യുഗത്തിൽ ആശയ പ്രചരണത്തിന്റെ ആയിരം വാതായനങ്ങൾ മലർക്കെ തുറന്നിട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ രക്തപങ്കിലവും സംഘർഷഭരിതവുമായ രഷ്ട്രീയ പ്രവർത്തനത്തിന് മറ്റു ബദൽ മാർഗങ്ങൾ ആരായേണ്ടതല്ലേ? വളരെ കാലത്തെ ഇത്തരം സംഘട്ടനാത്മകമായ രാഷ്ട്രീയ പ്രവർത്തനവും പ്രത്യയശാസ്ത്ര പ്രചാരണവും കേരളത്തിൽ ജനാധിപത്യത്തിന്റെ ഉദാരതമായ സമന്വയ ശീലം ചോർത്തിക്കൊണ്ടിരിക്കുകയാണ്. ഈ സംസ്ക്കാര വിലോപം കമ്യൂണിസ്റ്റ് കാരിൽ മാത്രം പരിമിതമല്ല. മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികളും അത് പോലെ മതാത്മക സ്വഭാവമുള്ള ചില രാഷ്ട്രീയ സംഘടനകളും മതസംഘടനകളും തരം പോലെ ഇത്തരം അക്രമ പ്രവർത്തനങ്ങൾ നടത്തുന്നത് നാം കാണുന്നു. ആശയ സമരങ്ങൾ കൂടുതൽ കാര്യക്ഷമമായും സൂക്ഷ്മമായും സ്ഥലകാല പരിമിതികളെ അതിവർത്തിച്ച് കൂടുതൽ ജനകീയമായും അത്പോലെ തന്നെ വൈയക്തികമായും ഇപ്പോൾ നടത്താമെന്നിരിക്കെ കൊലക്കത്തിയും പേശീബലവും കൊണ്ട് എതിർ ആശയങ്ങളെ നേരിടുന്നതെന്തിന്? ജനാധിപത്യത്തെ ഏറ്റവും അർഥപൂർണമാക്കാനുള്ള ശാസ്ത്രസാങ്കേതിക മാർഗം രൂപപ്പെട്ടിരിക്കേ പ്രാകൃതമായ ഗോത്രപ്പകയെ അനുസ്മരിപ്പിക്കുന്ന അങ്കക്കലി മൂത്ത ചേകവന്മാരെ പോലെ ആധുനിക മനുഷ്യൻ പെരുമാറുന്നത് കേരളത്തിന്ന് അപമാനകരമാണ്. കൊല്ലപ്പെട്ട ശ്രീ ചന്ദ്രശേഖരന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. കേരളം ഇത്തരം ഹീനകൃത്യങ്ങൾക്ക് ഇനിയൊരിക്കലും സാക്ഷ്യം വഹിക്കാതിരിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. ■

Reaching the Corners of the Earth
INTERNATIONAL



എറണാകുളം ജമാഅത്തിലെ ശാഹിൻ അസദുല്ലാഹ് സാഹിബ് ഈ കഴിഞ്ഞ സി.ബി.എസ്.ഇ. 10-ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A1 നേടി. ഇദ്ദേഹം എറണാകുളം ജമാഅത്തിലെ കെ. അസദുല്ലാഹ് സാഹിബിന്റെയും കെ. റംല സാഹിബയുടെയും പുത്രനാണ്.

## തീയതികളിൽ മാറ്റം

ജൽസ സാലാന ഖാദിയാൻ 2012, ഡിസംബർ 29, 30, 31 ( ശനി, ഞായർ, തിങ്കൾ) എന്നീ തീയതികളിൽ നടത്തുവാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാ അനുവാദം നൽകിയിരിക്കുന്നു.
നാസിർ ഇസ്‌ലാഹ് വ ഇർശാദ് ഖാദിയാൻ

# തീവ്രവാദികൾ കൈയ്യേറിയ പള്ളി പോലീസ് മോചിപ്പിച്ചു

ഹൈദരാബാദ്: ബാംഗളൂരു - ഹൈദരാബാദ് നാഷണൽ ഹൈവേയിൽ ഹൈദരാബാദിൽനിന്ന് 83 കി. മീ. അകലെ ജദ്ചാർല അഹ്മദിയ്യാ ജമാഅത്തിലെ വലിയൊരു ജുമാ മസ്ജിദാണ് മുസ്‌ലിം നാമധാരികളായ തീവ്രവാദികൾ പിടിച്ചെടുത്തത്. പള്ളിക്ക് മിനാറത്ത് പണിതുകൊണ്ടിരിക്കുമ്പോൾ മെയ് 18 ന് അസർ നമസ്ക്കാരത്തിന് ശേഷം അക്രമികൾ പള്ളിയിൽ ഇരച്ചു കയറുകയും അവിടെയുണ്ടായിരുന്ന മൗലവി സാഹിബിനെയും അഹ്മദികളെയും ഇറക്കിവിട്ട് പള്ളിപിടിച്ചെടുക്കുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്ത് ഭാരവാഹികൾ പോലീസ് സൂപ്രണ്ടിനും സർക്കിൾ ഇൻസ്പെക്ടർക്കും പരാതി നൽകുകയും ജമാഅത്തിനെ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. പോലീസ് അക്രമികളെ പള്ളിയിൽ നിന്ന് പുറത്താക്കി താക്കോൽ അഹ്മദികൾക്ക് ഏൽപ്പിച്ചിരിക്കുകയാണ്. പാകിസ്താൻ മതതീവ്രവാദികളെ അനുകരിച്ചുകൊണ്ട് ഇത്തരം അക്രമ പ്രവർത്തനങ്ങൾ നടത്താൻ ഇവിടെ ആരേയും അനുവദിക്കില്ലായെന്നും ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും പോലീസ് അധികൃതർ അഹ്മദികൾക്ക് ഉറപ്പ് നൽകി. ഇത്തരം അക്രമണങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കുമെന്ന് പോലീസ് ഉറപ്പ് നൽകിയിരിക്കുകയാണ്.

## തിരുത്ത്

സത്യദൂതൻ മാസികയുടെ പുസ്തകം 84 ലക്കം 5ൽ 12-ാം പേജിൽ വന്ന ലേഖനത്തിൽ ലേഖകന്റെ പേര് കൊടുത്തപ്പോൾ മുഹമ്മദ് ഉമർ എച്ച്. എ, നാസിർ അഅ്‌ല ഖാദിയാൻ എന്ന് തെറ്റായി കൊടുത്തുപോയതിൽ ഖേദിക്കുന്നു. നാസിർ അഅ്‌ലാ എന്നതിനു പകരം നാഇബ് നാസിർ അഅ്‌ലാ എന്ന് തിരുത്തി വായിക്കണമെന്ന് അപേക്ഷിക്കുന്നു.

ചീഫ് എഡിറ്റർ, സത്യദൂതൻ



## അത്ഫാലുൽ അഹ്മദിയ്യാ റസിഡൻഷ്യൽ ക്യാമ്പ്

മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ (15 വയസ്സിന് താഴെയുള്ള ആൺ കുട്ടികൾ)ന്റെ കോഴിക്കോട് മേഖലാ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് നടന്ന ക്യാമ്പിൽ നൂറോളം കുട്ടികൾ പങ്കെടുത്തു. ക്യാമ്പിന്റെ ഭാഗമായി കുട്ടികളുടെ സർഗ സൃഷ്ടികൾ ഉൾപ്പെടുത്തി 3 മാഗസിനുകളും പുറത്തിറക്കി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 20 പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സെടുത്തു. ഖുർആൻ പഠനത്തിനും മതവിഷയങ്ങൾക്കും പുറമെ പഠനത്തിലെ ഏകാഗ്രത., മെമ്മറി ടെക്നിക്ക്, വ്യക്തിബന്ധങ്ങൾ, തിങ്കിങ്ങ് സ്കിൽ, നേതൃപരിശീലനം, പ്രസംഗ പരിശീലനം മുതലായ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.




വഖ്ഫെ നൗ കുട്ടികളുടെ എറണാകുളം മേഖലാ ക്യാമ്പിൽ വഖ്ഫെ നൗ സെക്രട്ടറി ടി.കെ. അബൂബക്കർ സാഹിബ് പ്രസംഗിക്കുന്നു. മൗലവി അമീറുദ്ദീൻ, മൗലവി സുൽത്താൻ നസീർ, ബി. ബി. അഹ്മദ് കബീർ എന്നിവർ സമീപം

### അനുസ്മരണം



**കെ. വി. നജീഹ വസീം**

കോഴിക്കോട് ജമാഅത്തിലെ കെ.വി. വസീം അഹ്മദ് സാഹിബിന്റെയും എം. പി. ജംശീന വസീം സാഹിബയുടെയും മകൾ കെ.വി. നജീഹ വസീം (10) 20-04-2012 ന് വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. പരേതയ്ക്ക് അല്ലാഹു മഗ്ഫിറത്തേകി, ജന്നത്തിൽ ഉന്നത പദവി നല്കി അനുഗ്രഹിക്കട്ടെ (ആമീൻ). സഹോദരി വജീഹാ വസീം



കൊല്ലം പീരങ്കിമൈതാനത്ത് നടന്ന ദേശിംഗനാട് എക്സിബിഷനിൽ അഹ്മദിയ്യാ ബുക്ക് സ്റ്റാൾ സന്ദർശിച്ച മാലി ആഭ്യന്തരമന്ത്രി ആദിൽ അഹ്മദ്, മുൻ മന്ത്രി പി. കെ. ഗുരുദാസൻ, അസീസിയ മെഡിക്കൽ കോളേജ് എം. ഡി. ജനാബ് അസീസ് തുടങ്ങിയ വർക്ക് തിരുവനന്തപുരം മേഖലാ തബ്ലീഗ് സെക്രട്ടറി ജനാബ് പി. വി. നാസിർ അഹ്മദ് സാഹിബ് അഹ്മദിയ്യാ സാഹിത്യങ്ങൾ ഉപഹാരമായി നല്കുന്നു

2012 June

Vol: 84 Issue.6
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14

The Sathyadoothan Monthly




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

**1800 425 2020** Toll Free (9 am to 9 pm)